# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കല്ലറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി 10/362/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 24/03/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കല്ലറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി 10/362/2022 തീയ്യതി: 24/03/2022

## തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-01-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 52 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ | 03-12-2021 | 10-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-12-2021 | 10-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധു പി.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി തനൂജ എം.എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ശാലിനി വി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രേഖ സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി മെർലിൻ ജേക്കബ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ ശാന്തകുമാർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി ബെറ്റി ജെ ടീസ | സെക്രട്ടറി | 01-04-2019 | 16-07-2019 |
| ശ്രീ സജീവ്കുമാർ കെകെ | സെക്രട്ടറി | 17-07-2019 | 25-11-2019 |
| ശ്രീ പ്രദീപ് എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-11-2019 | 04-01-2020 |
| ശ്രീമതി ജയന്തി എസ് | സെക്രട്ടറി | 05-01-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പ്രദീപ് എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ ബി എൻ ബാബുരാജ് | സീനിയർ വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ ഷാനവാസ് എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 01-04-2019 | 31-03-2020 |
| ശ്രീ റിയാസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 01-04-2019 | 31-03-2020 |
| ശ്രീമതി സൗമ്യ പി കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 05-02-2020 |
| ശ്രീമതി സിമ്ന | ഡയറി ഫാം ഇൻസ്ട്രക്ടർ | 06-02-2020 | 31-03-2020 |
| ശ്രീമതി രമാദേവി | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ശ്രീ മിറാഷ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 17-08-2019 |
| ശ്രീ സനൽകുമാർ | അസിസ്റ്റന്റ് എഞ്ചിനിയർ | 18-08-2019 | 28-08-2019 |
| ശ്രീമതി രമാകുമാരി | അസിസ്റ്റന്റ് എഞ്ചിനിയർ | 29-08-2019 | 31-03-2020 |
| ഡോ വിദ്യ ആർ | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ പത്മകേസരി | മെഡിക്കൽ ഓഫീസർ, PHC | 01-04-2019 | 31-03-2020 |
| ശ്രീമതി ആശ ബി നായർ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ബിനിത | ICDS സൂപ്പർവൈസർ | 01-04-2019 | 23-12-2019 |
| ശ്രീമതി അംബിക അന്തർജ്ജനം | ICDS സൂപ്പർവൈസർ | 24-12-2019 | 31-03-2020 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: THANUJA M.N. (Senior Grade Auditor, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 21-03-2022) | 1-1 |
| 2 | ബജറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു<br>Written By: THANUJA M.N. (Senior Grade Auditor, On 30-12-2021)<br>Last Updated By: THANUJA M.N. (Senior Grade Auditor, On 03-03-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: THANUJA M.N. (Senior Grade Auditor, On 31-12-2021)<br>Last Updated By: THANUJA M.N. (Senior Grade Auditor, On 03-03-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം-അപാകങ്ങൾ<br>Written By: THANUJA M.N. (Senior Grade Auditor, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 23-03-2022) | 1-4 |
| 5 | അക്കൗണ്ട്സ് പരിശോധനയിലെ അപാകതകൾ ചുവടെ ചേർക്കുന്നു<br>Written By: THANUJA M.N. (Senior Grade Auditor, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 23-03-2022) | 1-5 |
| 6 | ക്യാഷ് പരിശോധന<br>Written By: Merlin Jacob (Auditor, On 14-12-2021)<br>Last Updated By: Merlin Jacob (Auditor, On 14-12-2021) | 1-6 |
| 7 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു. സർക്കാരിന് നഷ്ടം 129500/-രൂപ<br>Written By: THANUJA M.N. (Senior Grade Auditor, On 30-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 23-03-2022) | 1-7 |
| 8 | സാമൂഹ്യ സുരക്ഷാ പെൻഷൻ, സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല<br>Written By: THANUJA M.N. (Senior Grade Auditor, On 31-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 21-03-2022) | 1-7-1 |
| 9 | സാമൂഹ്യസുരക്ഷാ പെൻഷനുകൾ -സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി കൈപ്പറ്റിയത് തിരികെ ഈടാക്കണം<br>Written By: THANUJA M.N. (Senior Grade Auditor, On 31-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 21-03-2022) | 1-7-2 |
| 10 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shalini V K (Senior Grade Auditor, On 14-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 23-03-2022) | 1-8 |
| 11 | ഗ്രാമസഭകൾ - ചുമതലകൾ നിറവേറ്റുന്നില്ല<br>Written By: Sindhu P.S (Audit Officer, On 15-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 21-03-2022) | 1-9 |
| 12 | രസീതുകളുടെ വരവ്, ഒടുക്ക് എന്നിവ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Merlin Jacob (Auditor, On 14-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 21-03-2022) | 1-10 |
| 13 | തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ<br>Written By: Merlin Jacob (Auditor, On 14-12-2021)<br>Last Updated By: Merlin Jacob (Auditor, On 14-12-2021) | 1-11 |
| 14 | ഫാറം II അപൂർണ്ണമായിരിക്കെ തൊഴിൽനികുതി ഈടാക്കിയിരിക്കുന്നു<br>Written By: Merlin Jacob (Auditor, On 14-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 21-03-2022) | 1-11-1 |
| 15 | തൊഴിൽനികുതി രജിസ്റ്റർ കൃത്യമായ ഇടവേളകളിൽ സെക്രട്ടറി പരിശോധിച്ചു സാക്ഷ്യപ്പെടുത്തുന്നില്ല | 1-11-2 |

| | | |
|---|---|---|
| | Written By: Merlin Jacob (Auditor, On 14-12-2021)<br>Last Updated By: Merlin Jacob (Auditor, On 14-12-2021) | |
| 16 | സമയബന്ധിതമായി തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 14-12-2021)<br>Last Updated By: Merlin Jacob (Auditor, On 14-12-2021) | 1-11-3 |
| 17 | എല്ലാ സ്ഥാപനങ്ങളും സാമ്പത്തിക വർഷം തൊഴിൽനികുതി ഒടുക്കിയിട്ടില്ല<br>Written By: Merlin Jacob (Auditor, On 14-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 21-03-2022) | 1-11-4 |
| 18 | സ്ഥാപനനികുതി എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 14-12-2021)<br>Last Updated By: Merlin Jacob (Auditor, On 14-12-2021) | 1-11-5 |
| 19 | ലേലം - അപാകതകൾ<br>Written By: Merlin Jacob (Auditor, On 14-12-2021)<br>Last Updated By: Merlin Jacob (Auditor, On 14-12-2021) | 1-12 |
| 20 | എഗ്രിമെന്റിനോടൊപ്പം സോൾവൻസി വാങ്ങി സൂക്ഷിക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 14-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 21-03-2022) | 1-12-1 |
| 21 | വ്യക്തികളിൽ നിന്നും പിഴ ഈടാക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 14-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 21-03-2022) | 1-12-2 |
| 22 | ലേലം സ്ഥിരപ്പെടുത്തിയ വ്യക്തികൾ കരാറിൽ ഏർപ്പെടുന്നില്ല<br>Written By: Merlin Jacob (Auditor, On 14-12-2021)<br>Last Updated By: Merlin Jacob (Auditor, On 14-12-2021) | 1-12-3 |
| 23 | ലേല രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Merlin Jacob (Auditor, On 14-12-2021)<br>Last Updated By: Merlin Jacob (Auditor, On 14-12-2021) | 1-12-4 |
| 24 | ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ<br>Written By: Merlin Jacob (Auditor, On 14-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 21-03-2022) | 1-13 |
| 25 | ലൈസൻസ് രജിസ്റ്ററുകൾ സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Merlin Jacob (Auditor, On 14-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 23-03-2022) | 1-13-1 |
| 26 | കശാപ്പുശാലകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു<br>Written By: Merlin Jacob (Auditor, On 14-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 21-03-2022) | 1-13-2 |
| 27 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു<br>Written By: Merlin Jacob (Auditor, On 14-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 23-03-2022) | 1-13-3 |
| 28 | പെർമിറ്റ് ഫയൽ സൂക്ഷിക്കുന്നതിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 14-12-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 24-03-2022) | 1-14 |
| 29 | വസ്തുനികുതി ഈടാക്കിയതിലെ അപാകതകൾ<br>Written By: Merlin Jacob (Auditor, On 14-12-2021)<br>Last Updated By: Merlin Jacob (Auditor, On 14-12-2021) | 1-15 |
| 30 | നികുതി ഇളവുകൾ സംബന്ധിച്ച സാക്ഷ്യപത്രങ്ങൾ സൂക്ഷിക്കുന്നില്ല<br>Written By: Merlin Jacob (Auditor, On 14-12-2021)<br>Last Updated By: Merlin Jacob (Auditor, On 14-12-2021) | 1-15-1 |
| 31 | മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതിയിനത്തിൽ വലിയ തുക ഈടാക്കാതെ നിലനിൽക്കുന്നു<br>Written By: Merlin Jacob (Auditor, On 14-12-2021)<br>Last Updated By: Merlin Jacob (Auditor, On 14-12-2021) | 1-15-2 |
| 32 | സത്യവാങ്മൂലം സമർപ്പിക്കാത്ത കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിരിക്കുന്നു<br>Written By: Merlin Jacob (Auditor, On 14-12-2021)<br>Last Updated By: Merlin Jacob (Auditor, On 14-12-2021) | 1-15-3 |

| | | |
|---|---|---|
| 33 | കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയിട്ടുണ്ടെങ്കിലും ഡിമാന്റിൽ നിന്നും കുറവു വരുത്തിയിട്ടില്ല<br>Written By: Merlin Jacob (Auditor, On 14-12-2021)<br>Last Updated By: Merlin Jacob (Auditor, On 14-12-2021) | 1-15-4 |
| 34 | ഡിമാന്റ് ഇല്ലാതെ കളക്ഷൻ രേഖപ്പെടുത്തിയിരിക്കുന്നു<br>Written By: Merlin Jacob (Auditor, On 14-12-2021)<br>Last Updated By: Merlin Jacob (Auditor, On 14-12-2021) | 1-15-5 |
| 35 | കളക്ഷൻ തുകയും റസീപ്റ്റ് തുകയും തമ്മിൽ സഞ്ചയയിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Merlin Jacob (Auditor, On 14-12-2021)<br>Last Updated By: Merlin Jacob (Auditor, On 14-12-2021) | 1-15-6 |
| 36 | മുൻകാല പ്രാബല്യത്തോടെ ഇളവുകൾ അനുവദിച്ചിരിക്കുന്നു<br>Written By: Merlin Jacob (Auditor, On 14-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 23-03-2022) | 1-15-7 |
| 37 | സർക്കാർ ഉത്തരവു പ്രകാരമുള്ള നിബന്ധനകൾ പാലിക്കാതെ ഇളവുകൾ നൽകിയിരിക്കുന്നു<br>Written By: Merlin Jacob (Auditor, On 14-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 23-03-2022) | 1-15-8 |
| 38 | ഗ്രാമപഞ്ചായത്തിലെ ഒരേ മേഖലയിൽപ്പെടുത്താവുന്ന സമീപ പ്രദേശത്തെ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല പ്രകാരം വസ്തു നികുതി ഈടാക്കുന്നു<br>Written By: Merlin Jacob (Auditor, On 14-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 23-03-2022) | 1-15-9 |
| 39 | പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതലകൾ നിറവേറ്റുന്നില്ല<br>Written By: Sindhu P.S (Audit Officer, On 14-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 21-03-2022) | 1-16 |
| 40 | എ ബി സി പദ്ധതി നിർവ്വഹണം ഫലപ്രദമാകുന്നില്ല<br>Written By: Sindhu P.S (Audit Officer, On 14-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 21-03-2022) | 1-17 |
| 41 | പദ്ധതി രൂപീകരണം - അപാകതകൾ<br>Written By: Sindhu P.S (Audit Officer, On 14-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 22-03-2022) | 1-18 |
| 42 | റോഡ് കണക്ടിവിറ്റി പ്ലാൻ-തയ്യാറാക്കിയിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 14-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 22-03-2022) | 1-19 |
| 43 | ആസ്തി പരിപാലനം-സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്<br>Written By: Shalini V K (Senior Grade Auditor, On 14-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 23-03-2022) | 1-20 |
| 44 | കൃഷി ഓഫീസർ നടപ്പിലാക്കിയ 'ഹരിതഭവനം ' പദ്ധതി -രേഖകളുടെ അഭാവത്തിൽ 1,72,800/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: THANUJA M.N. (Senior Grade Auditor, On 31-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 22-03-2022) | 1-21 |
| 45 | നെൽകൃഷി വികസനം-ലക്ഷ്യം കണ്ടില്ല.<br>Written By: THANUJA M.N. (Senior Grade Auditor, On 31-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 23-03-2022) | 1-22 |
| 46 | മാലിന്യസംസ്കരണം-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br>Written By: Shalini V K (Senior Grade Auditor, On 14-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 23-03-2022) | 1-23 |
| 47 | ടെണ്ടർ ഫോറം വില-നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Shalini V K (Senior Grade Auditor, On 14-12-2021)<br>Last Updated By: Shalini V K (Senior Grade Auditor, On 14-12-2021) | 1-24 |
| 48 | പൂർത്തീകരണകാലാവധിയ്ക്കകം പൂർത്തിയാകാത്ത പ്രവൃത്തികളിൽ പിഴ ഈടാക്കിയിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 14-12-2021) | 1-25 |

| | | |
|---|---|---|
| | Last Updated By: Reni L.S. (Computer Assistant, On 22-03-2022) | |
| 49 | എഗ്രിമെന്റ് വയ്ക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 14-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 22-03-2022) | 1-26 |
| 50 | എഗ്രിമെന്റ് വയ്ക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയതിൽ കുറവ്<br>Written By: Shalini V K (Senior Grade Auditor, On 14-12-2021)<br>Last Updated By: Shalini V K (Senior Grade Auditor, On 14-12-2021) | 1-27 |
| 51 | സ്പിൽ ഓവർപ്രവൃത്തികൾ- തൻവർഷവും പൂർത്തീകരിച്ചിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 14-12-2021)<br>Last Updated By: Shalini V K (Senior Grade Auditor, On 14-12-2021) | 1-28 |
| 52 | പകൽ വീട് -നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 14-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 23-03-2022) | 1-29 |
| 53 | ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.<br>Written By: Rekha C S (Senior Grade Auditor, On 14-12-2021)<br>Last Updated By: Rekha C S (Senior Grade Auditor, On 14-12-2021) | 1-30 |
| 54 | അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്<br>Written By: Rekha C S (Senior Grade Auditor, On 14-12-2021)<br>Last Updated By: Rekha C S (Senior Grade Auditor, On 14-12-2021) | 1-31 |
| 55 | ജാഗ്രതാ സമിതി ക്രിയാത്മകമായി പ്രവർത്തിക്കുന്നില്ല<br>Written By: Rekha C S (Senior Grade Auditor, On 14-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 22-03-2022) | 1-32 |
| 56 | അങ്കണവാടികളിലെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കേണ്ടതാണ്.<br>Written By: Rekha C S (Senior Grade Auditor, On 14-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 22-03-2022) | 1-33 |
| 57 | ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ അപാകത<br>Written By: Rekha C S (Senior Grade Auditor, On 14-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 22-03-2022) | 1-34 |
| 58 | പദ്ധതി നം.195/20 രേഖകൾ ലഭ്യമായില്ല - 1226400/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Rekha C S (Senior Grade Auditor, On 14-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 23-03-2022) | 1-35 |
| 59 | ടെണ്ടർരജിസ്റ്റർ പരിപാലനം-ചട്ടങ്ങൾ പാലിക്കുന്നില്ല<br>Written By: Shalini V K (Senior Grade Auditor, On 14-12-2021)<br>Last Updated By: Shalini V K (Senior Grade Auditor, On 14-12-2021) | 1-36 |
| 60 | സബ്സിഡി മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല.<br>Written By: Rekha C S (Senior Grade Auditor, On 14-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 22-03-2022) | 1-37 |
| 61 | കരാറുകാരന് അധിക തുക നൽകി<br>Written By: Shalini V K (Senior Grade Auditor, On 14-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 22-03-2022) | 1-38 |
| 62 | പെർഫോമൻസ് ഗ്യാരണ്ടി- പൊതുമരാമത്ത് ചട്ടങ്ങൾ പാലിക്കുന്നില്ല<br>Written By: Shalini V K (Senior Grade Auditor, On 14-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 22-03-2022) | 1-39 |
| 63 | കുടിവെള്ള കണക്ഷന് വേണ്ടി ഒടുക്കിയ തുക നാളിതുവരെ പ്രയോജനപ്പെട്ടില്ല – 20,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sindhu P.S (Audit Officer, On 17-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 22-03-2022) | 1-40 |
| 64 | 53/20 പദ്ധതി -ചെലവ് രേഖകൾ ഹാജരാക്കിയില്ല – 63605/-രൂപ തടസ്സം | 1-41 |

| | | |
|---|---|---|
| | Written By: Rekha C S (Senior Grade Auditor, On 14-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 22-03-2022) | |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: THANUJA M.N. (Senior Grade Auditor, On 20-02-2022)<br>Last Updated By: THANUJA M.N. (Senior Grade Auditor, On 03-03-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sindhu P.S (Audit Officer, On 05-03-2022)<br>Last Updated By: Reni L.S. (Computer Assistant, On 23-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sindhu P.S (Audit Officer, On 05-03-2022)<br>Last Updated By: Reni L.S. (Computer Assistant, On 23-03-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: THANUJA M.N. (Senior Grade Auditor, On 20-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 23-03-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Sindhu P.S (Audit Officer, On 05-03-2022)<br>Last Updated By: Reni L.S. (Computer Assistant, On 23-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sindhu P.S (Audit Officer, On 05-03-2022)<br>Last Updated By: Reni L.S. (Computer Assistant, On 23-03-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Sindhu P.S (Audit Officer, On 05-03-2022)<br>Last Updated By: Reni L.S. (Computer Assistant, On 23-03-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: THANUJA M.N. (Senior Grade Auditor, On 22-03-2022)<br>Last Updated By: THANUJA M.N. (Senior Grade Auditor, On 22-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sindhu P.S (Audit Officer, On 06-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 24-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: THANUJA M.N. (Senior Grade Auditor, On 19-03-2022)<br>Last Updated By: K Sreeja (Deputy Director, On 24-03-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 15.02.2019 തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 79,29,99,492/- രൂപ വരവും 76,22,68,281/-രൂപ ചെലവും നീക്കിയിരിപ്പ് 3,07,31,211/- രൂപയുമാണ്.

ബജറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ബജറ്റ്-നടപടിക്രുങ്ങൾ പാലിച്ചിട്ടില്ല

02.12.2016-ലെ ജി.ഒ(ആർ.റ്റി) നം.3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review), വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [(Table-കൾ) Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക4-3നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാംതീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2019-20 സാമ്പത്തിക വർഷത്തെ സംബന്ധിച്ച് ) നടത്തിയിട്ടില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ബജറ്റ് അവലോകനവും നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.9ന് ഭാവിയിൽ ബജറ്റ് നടപടിക്രമങ്ങൾ പാലിച്ച് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-2 ബജറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

ബജറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു .

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടാത്ത തുക ചെലവഴിക്കുന്നുവെങ്കിൽ അനുബന്ധ ബജറ്റ്/ പരിഷ്ക്കരിച്ച ബജറ്റ് അവതരിപ്പിക്കേണ്ടതും തൊട്ടടുത്ത ഗ്രാമപഞ്ചായത്ത് യോഗത്തിൽ അംഗീകരിക്കേണ്ടതുമാണ്.

2019-20 പുതുക്കിയ ബജറ്റും വാർഷിക ധനകാര്യ പത്രികയും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ

I) വരവിനങ്ങൾ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ബജറ്റിൽ കൂടുതൽ ആയി ഉൾപ്പെടുത്തിയിരിക്കുന്നു. ഉദാഹരണം ചുവടെ

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 1101001 | വസ്തു നികുതി | 3035972 | 2767685 |
| 2 | 1102001 | തൊഴിൽ നികുതി | 1829790 | 1413370 |
| 3 | 1301001 | സ്ഥലങ്ങളുടേയും കെട്ടിടങ്ങളുടേയും വാടക | 1509348 | 1360016 |
| 4 | 1303001 | ഓഡിറ്റോറിയം | 18000 | 3600 |

Ii)ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവയിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും ചെലവ് ചെയ്തത്

സംബന്ധിച്ച്:-

2019-20 ബജറ്റ്, 2020-21 ലെ ബജറ്റിനൊപ്പം പാസാക്കിയ 2019-20ലെ റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് എന്നിവയിൽ വകയിരുത്തിയതിലും അധികരിച്ച് ചുവടെ ചേർത്തിട്ടുള്ള ഹെഡ് ഓഫ് അക്കൌണ്ടിൽ തുക ചെലവഴിച്ചിട്ടുണ്ട്.

| ഇനം | ഹെഡ് ഓഫ് അക്കൌണ്ട്. | ബജറ്റ് പ്രകാരമുള്ള തുക | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്.പ്രകാരമുള്ള തുക |
|---|---|---|---|---|
| കൃഷിയും അനുബന്ധ മേഖലയും – നെൽകൃഷി | 2501001 | 42250 | 25250 | 85250/- |

ഏതൊരു ബജറ്റ് വ്യതിയാനവും ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്. ചെലവിന്റെ കാര്യത്തിൽ പ്രത്യേകിച്ചും. ആവശ്യമായ ബജറ്റ് വകയിരുത്തൽ ഇല്ലാതെ യാതൊരു ചെലവും ചെയ്യാൻ പാടുള്ളതല്ലെന്ന് കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214(6),214(8) എന്നിവയിൽ സൂചിപ്പിച്ചിട്ടുണ്ട്,

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 09/07.12.21 ന് ഭാവിയിൽ ബജറ്റ് തയ്യാറാക്കുന്ന വേളയിൽ കൂടുതൽ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 14351035 | 14351035 | 13518293*a | 832742 |
| വികസനഫണ്ട്(എസ്.സി.പി) | 0 | 7247412 | 7247412 | 3389223*b | 3858189 |
| CFC(untied) | 0 | 2770800 | 2770800 | 2819816 | -49016 |
| Maintanance Fund(nonroad) | 0 | 5545000 | 5545000 | 2991827 | 2553173 |
| Maintanance Fund(road) | 0 | 8041000 | 8041000 | 2333628 | 5707372 |
| CSS*c | 0 | 0 | 0 | 723000 | -723000 |
| SSS*d | 0 | 0 | 0 | 0 | 0 |

*A ACR പ്രകാരമുള്ള ചെലവ് 11324210/-രൂപയാണ്.

*B ACR പ്രകാരമുള്ള ചെലവ് 3278929/- രൂപയാണ്.

*C കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

*D സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ്പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല

## 1-4 ഗ്രാന്റ് വിനിയോഗം-അപാകങ്ങൾ

1. ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള കേന്ദ്രവിഷ്കൃത ഫണ്ടിന്റെ വരവ്, ചെലവ്, നീക്കിയിരുപ്പ് എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പൂർണമായും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2.സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.3 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് 30% എങ്കിലും ഉത്പാദന മേഖലയ്ക്ക് വകയിരുത്തണം .ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വകയിരുത്തേണ്ട കുറഞ്ഞതുക 43,50,240/-രൂപയാണ്. എന്നാൽ ഉത്പാദന മേഖലയ്ക്ക് ബജറ്റ് അലോക്കേഷൻ പ്രകാരമുള്ള തുകയിൽ കൂടുതൽ തുക (4530193) വകയിരുത്തിയിരുന്നുവെങ്കിലും ആകെ ചെലവഴിച്ചിരിക്കുന്നത് 17,57,943/-രൂപ മാത്രമാണ്. വകയിരുത്തലിന്റെ ചെലവ് ശതമാനം 39% മാത്രമാണ്.

3. സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വനിതാഘടക പദ്ധതിയ്ക്ക് വകയിരുത്തേണ്ട കുറഞ്ഞതുക 21,96,880/- രൂപയാണ്. ആകെ 10,66,525/- രൂപ വനിതാഘടകപദ്ധിയ്ക്കായി അടങ്കൽ വകയിരുത്തിയിട്ടുള്ളത്. 6,29,535/- രൂപ മാത്രമാണ് ചെലഴിച്ചിട്ടുള്ളത്. വകയിരുത്തിയതിന്റെ 59% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്.

4.സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.11 പ്രകാരം വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർപ്രകാരമുള്ള പരിചരണത്തിനും ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5% വകയിരുത്തണം. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വയോജനങ്ങൾക്ക് വേണ്ടിയുള്ള പദ്ധതിയ്ക്കായി വകയിരുത്തേണ്ട കുറഞ്ഞതുക 10,98,440/-രൂപയാണ്. എന്നാൽ ആകെ 6,65,400/- രൂപയാണ് പ്രസ്തുത പദ്ധികൾക്കായി അടങ്കൽ വകയിരുത്തിയത് 3,00,000/-രൂപ മാത്രമാണ് ചെലഴിച്ചിട്ടുള്ളത്. വകയിരുത്തിയതിന്റെ 45% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്.

5.ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം2 പ്രകാരം വികസന ഫണ്ട് (സാധാരണ വിഹിതം) ൽ നിന്നും പശ്ചാത്തലമേഖലയ്ക്ക് വകയിരുത്താവുന്ന കൂടിയ തുക 43,50,240/- രൂപയാണ്. പശ്ചാത്തലമേഖയ്ക്കായി സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ വികസന ഫണ്ട് (സാധാരണ വിഹിതം) ൽ നിന്നും പശ്ചാത്തലമേഖലയ്ക്ക് തുകയൊന്നും തന്നെ വകയിരുത്തിയതായി കാണുന്നില്ല.

6. സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.8 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പട്ടിക ജാതി ഉപപദ്ധതിവിഹിതത്തിന്റ മുപ്പത് ശതമാനത്തിൽ അധികം തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്തുവാൻ പാടില്ലായെന്നിരിക്കെ അധികം തുക പശ്ചാത്തലമേഖലയ്ക്ക് വകയിരുത്തിയിട്ടുണ്ട്. പദ്ധതി വിഹിതത്തിന്റെ മുപ്പത് ശതമാനമായ 22,40,400/-രൂപ വരെ പരമാവധി വകയിരുത്തുവാൻ കഴിയുമായിരുന്നുള്ളുവെന്നിരിക്കെ 3,54,520/- രൂപ ഈയിനത്തിൽ വകയിരുത്തി. സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ പശ്ചാത്തലമേഖയ്ക്കായി 3,54,520/- രൂപ വകയിരുത്തിയിരുന്നുവെങ്കിലും ഒരു പദ്ധതി പോലും നടപ്പിലാക്കിയിട്ടില്ല.

## 1-5 അക്കൗണ്ട്സ് പരിശോധനയിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1.2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2. ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും(4,805230) മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (28753663) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ട് അപ്രകാരം ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എന്ക്വയറി നം 03/06.12.21ന് വാർഷിക അക്രൂവല് ജേർണലുകൾ തന്നെയാണ് ചെയ്തുവരുന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്.

4.2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക B-4 Schedule പ്രകാരം തനതു ഫണ്ടിൽ ചെലവഴിക്കാതെ അവശേഷിച്ച തുകകൾ 2019-20 വർഷവും ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ഹെഡ്ഡ്കോഡ് | 2018-19 വർഷത്തെ എ.എഫ്.എസ് B-4 Schedule പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക | 2019-20 വർഷത്തെ എ.എഫ്.എസ് B-4 Schedule പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക |
|---|---|---|
| 320200202 | 360000 | 360000 |
| 320200399 | 818100 | 818100 |
| 320700404 | 25000 | 25000 |
| 320800199 | 272125 | 272125 |

| | | |
|---|---|---|
| 320800299 | 3581 | 3581 |

5.2019-20 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് -ലെ ബി4 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | നീക്കിയിരിപ്പ് തുക | മറുപടിയിൽ ലഭ്യമാക്കിയ വിശദീകരണം |
|---|---|---|---|---|
| 1 | 320100119 | Centrally Sponsored Scheme-Western Ghat Development Scheme | 16780 | 2020-21 വർഷം ഭരണസമിതി തീരുമാനപ്രകാരം തനതുഫണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ട്. |
| 2 | 320200308 | Literacy Grant | 23520 | നിലവിലുള്ള തുകയുടെ പലിശ മാത്രമാണ് |
| 3 | 320200309 | Literacy Scheme Grant | 460588 | IOB ബാങ്കിൽ നിലനിൽക്കുന്നു. |
| 4 | 320200322 | Grants From Suchitwa Mission | 3547624 | IOB കല്ലറയിലെ പഞ്ചായത്തിന്റെ തനത് ഫണ്ട് ഉൾപ്പെടുന്ന അക്കൗണ്ടിലാണെന്നും 2020-21, 2021-22 വർഷങ്ങളിൽ ചെലവ് നടന്നു വരുന്നെന്നും അറിയിച്ചിട്ടുണ്ട്. |
| 5 | 320300199 | Grants,Funds &Contributions For Specific Purposes-Other Government Agencies- | 45584 | Ledger-കൾ വിശദമായി പരിശോധിച്ച് ഏതൊക്കെ പദ്ധതികൾക്ക് വന്നിട്ടുള്ള തുകകളാണെന്ന് കണ്ടെത്തി, അവ നിർവഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമില്ലെങ്കിൽ തിരികെ ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. |
| 6 | 320700204 | Contributions For Joint Venture Projects For Revenue Expenditure-From Block Panchayats | 796614 | ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നിലനിൽക്കുന്നു. |
| 7 | 320700205 | Contributions For Joint Venture Projects For Revenue | 119750 | ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നിലനിൽക്കുന്നു. |

| | | | | |
|---|---|---|---|---|
| | | Expenditure-From District Panchayats | | |
| 8 | 320800101 | Beneficiary Contributions | 665930 | IOB തനത് ഫണ്ട് അക്കൗണ്ടിൽ നിലനിൽക്കുന്നു. ഗുണഭോക്തവിഹിതത്തിൽ നിന്നും ചെലവ് ചെയ്യുന്നതിനു പകരം പ്ലാൻ ഫണ്ടിൽ നിന്നും ചെലവ് ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കു വരുത്തേണ്ടതാണ്. ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുകയും പദ്ധതി നടപ്പിലാക്കാതെയും ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് ഗുണഭോക്തകാക്കൾക്ക് തിരികെ നൽകേണ്ടതാണ്. |

മേൽ തുകകൾ ഏതൊക്കെ പദ്ധതികൾക്കു വേണ്ടിയുള്ള തുകകളാണെന്ന് കണ്ടെത്തി തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം 03/06.12.21 നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

6. KURDFC ലോണുമായി ബന്ധപ്പെട്ട് വാർഷിക ധനകാര്യ പത്രിയിൽ നിന്നും ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.ലഭ്യമാക്കിയ ലോൺ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 31598631 | 18887272 | 50485903 | 1691177 | 48794726 |

7. B 5ഷെഡ്യൂളിലെ നീക്കിയിരിപ്പും ( 48794726 ) B16 ഷെഡ്യൂളിലെ നീക്കിയിരിപ്പും (48754726) പൊരുത്തപ്പെടുന്നില്ല.

8.2018-19 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ്, റിസീപ്റ്റ് ആന്റ് പേയ്മെന്റ് B-7, RP-34(വരവ്), RP-34(ചെലവ്), 2019-20 സാമ്പത്തിക വർഷത്തെ B-7 എന്നീ ഷെഡ്യൂളുകൾ പ്രകാരം വിവിധ ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ് ,വരവ്,ചെലവ് ,നീക്കിയിരിപ്പ് എന്നിവ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് | റിമാർക്സ് |
|---|---|---|---|---|---|
| Contractors EMD | 6830 | 0 | 4174 | 2656 | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുമായി പൊരുത്തപ്പെടുന്നില്ല. |
| Bidders EMD | 104814 | 81500 | 93685 | 92629 | |
| Bidders Security Deposit | 66032 | 9340 | - | 75372 | |
| Contractors Retention | 57993 | 8593 | - | 66586 | |
| Other Deposit | 12400 | 3000 | - | 15400 | |

| | | | | |
|---|---|---|---|---|
| Rent Deposit | 60562 | 256 | - | 60818 |
| Auction Deposit | 369101 | - | - | 27835 |
| Election Deposit | 0 | 4000 | 1000 | 3000 |
| Deposit Received From Others | 53000 | 1500 | - | 54500 |
| Suppliers EMD | 3134 | - | - | 3134 |
| Contractors Security Deposit | 2462 | - | - | 2462 |
| Suppliers Security Deposit | 53000 | - | - | 53000 |
| Deposit Received For Halls & Auditoriums | 700 | - | - | 700 |
| Other Deposits Revenue | 67600 | - | - | 67600 |

ലഭ്യമായ ഡെപ്പോസിറ്റ് രജിസ്റ്ററിൽ നിന്നും മേൽ ഡെപ്പോസിറ്റുകളുടെ വരവ് ,ചെലവ് , നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞില്ല.

Suppliers EMD, Contractors Security Deposit,Suppliers Security Deposit, Deposit Received For Halls & Auditoriums ,Other Deposits Revenueഇനങ്ങളിൽ നീക്കിയിരിപ്പുള്ള തുക 2018-19 മുതൽ നീക്കിയിരിപ്പുള്ള തുകയാണ്.കേരള ഫിനാൻഷ്യൽ കോഡ് വാള്യം-I ആർട്ടിക്കിൾ 282(1) പ്രകാരം ജില്ലാ പഞ്ചായത്ത് സ്വീകരിക്കുന്ന സപ്ലയേഴ്സ് ഇ.എം.ഡി, സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോൺട്രാക്ടേഴ്സ് റിടെൻഷൻ മണി, വാടക ഡെപ്പോസിറ്റ്, ലേല ഡെപ്പോസിറ്റ്, കരാറുകാരിൽ നിന്നും ലഭിക്കുന്ന ഡെപ്പോസിറ്റ് എന്നിവ മൂന്നു വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ചു വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം 03/06.12.21ന ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

9. ഗ്രാമപഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് 2018-19 വർഷത്തെ ബാലൻസ് ഷീറ്റ് B-9ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2018-19 മാർച്ച് മാസത്തെ ടെലഫോൺ ചാർജ്ജ്, വാഹന ഇന്ധനച്ചെലവ് എന്നിവയ്ക്ക് 2019 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ചെലവുണ്ട്.ആയത് വരും വർഷങ്ങളിൽ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

10.B 9 ഷെഡ്യൂളിലെ ചുവടെ ചേർക്കുന്ന നീക്കിയിരിപ്പുകൾ പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയില്ല.

| | | |
|---|---|---|
| ക്രമ നം1 | Government And Other Dues Payable-Library Cess | 303784.20 |
| 2 | Government And Other Dues Payable-VAT | 544.00 |
| 3 | Flood Cess | 11477.00 |
| 4 | Government And Other Dues Payable-Others | 655.00 |

Government And Other Dues Payable-VAT ,Government And Other Dues Payable-Othersഎന്നിവയിൽ നീക്കിയിരിപ്പായുള്ള തുകകൾ 2018-19 ലെ നീക്കിയിരിപ്പ് തന്നെയാണ്. ക്രമ നം 1 ,2 എന്നിവയിലെ തുകകൾ 2020-21ൽ ഒടുക്കിയെന്നും ബാക്കിയുള്ളവ ഒടുക്ക് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

13.സാമ്പത്തിക വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല.

14.2018-19,2019-20 B-18 ഷെഡ്യൂളുകൾ പ്രകാരം താഴെ പറയുന്ന ഹെഡുകളിൽ ഒരേ നീക്കിയിരിപ്പാണിള്ളത് .

| ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | 2018-19 B-18 പ്രകാരം നീക്കിയിരിപ്പ് | 2019-20 B-18 പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|
| 460500201 | Advance To Implementing Agencies -Deposit With Kerala Water Authority | 3839391 | 3839391 |
| 460500205 | Advance To Implementing Agencies -Deposit With PWD | 4668884 | 4668884 |
| 460600101 | Electricity Deposits | 2850 | 2850 |

ലഭ്യമായ അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാല് B-18 ഷെഡ്യൂളിലെ നീക്കിയിരിപ്പിന്റെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

15. വാർഷിക ധനകാര്യ പത്രിക പ്രകാരം താഴെ പറയുന്ന മുൻകൂറുകളുടെ വരവ്ചെലവ് നീക്കിയിരിപ്പ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. തുകകളുടെ കൃത്യത പരിശോധിക്കുന്നതിനായി ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ല. അഡ്വാൻസ് തുകകളുടെ ആധികാരികത പരിശോധിക്കുന്നതിനുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| Temporary Advance For Official Purposes-Other | 987251 | 1396356 | 0 | 879555 |
| Advance To Implementing Officers | 67122 | 533000 | 2319820 | 307122 |
| Festival Advances | - | 12000 | 110000 | 0 |

16.ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയിൽ കണ്ട ചെക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

I)നൽകി മൂന്ന മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിൽ മാറ്റിയിട്ടില്ല.ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | ബാങ്കിന്റെ പേര്/അക്കൗണ്ട് നം | വൗച്ചർനം/തീയതി | ചെക്ക് നം /തീയതി | തുക |
|---|---|---|---|---|
| 1 | ഇന്ത്യൻ ഓവർസീസ് ബാങ്ക് /036301000070545 | 118020500026/19.01.19 | 178830/17.1.19 | 25000/- |
| 2 | | 118100900043/28.3.19 | - | 5000/- |
| 3 | | 118020400018/08.3.19 | 112317080/28.2.19 | 10000/- |

| | | | | |
|---|---|---|---|---|
| 4 | | 118020400019/08.3.19 | 112317080/28.2.19 | 1250/- |

Ii)ചെക്ക് നിക്ഷേപിച്ച ബാങ്കിൽ ക്രെഡിറ്റായില്ല.പ്രസ്തുത തുകകൾ പണമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | ബാങ്കിന്റെ പേര്/അക്കൗണ്ട് നം | വൗച്ചർനം/രസീത് നം,തീയതി | ചെക്ക് നം /തീയതി | തുക |
|---|---|---|---|---|
| 1 | ഇന്ത്യൻ ഓവർസീസ് ബാങ്ക് /036301000070545 | 21800154/05.05.18 | 74808/08.05.18 | 5265/- |

Iii)ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് വന്ന തുക ക്രമീകരിച്ചിട്ടില്ല.

| ക്രമ നം | ബാങ്കിന്റെ പേര്/അക്കൗണ്ട് നം | തീയതി | തുക |
|---|---|---|---|
| 1 | എസ് ബി ഐ ഇ പേമെന്റ് /37236405610 | 01.04.18 | 1365 |

മേൽ തുകകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

17.കല്ലറ ഐ ഒ ബി ബ്രാഞ്ചിലെ A/c No.036301000000150 ൽ(പഞ്ചായത്ത് കമ്മിറ്റിയുടെ 25.03.2019 ലെ തീരുമാനം 4(1) പ്രകാരം ആരംഭിച്ചത്) സൂക്ഷിച്ചിട്ടുള്ള 727447/-രൂപയുടെ വിവരം 2019-20 വാർഷിക ധനകാര്യപത്രികയിലും ഉൾപ്പെടുത്തിയിട്ടില്ല.വർഷങ്ങളായി ഇടപാടുകൾ ഇല്ലാതിരുന്നൽ പ്രസ്തുത അക്കൗണ്ടിലെ തുക തനത് ഫണ്ടിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, ബാങ്ക് ഹെഡോഫീസ്അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുക വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

18. Income & Expenditure പത്രിക I(14d) പ്രകാരമുള്ള തൊഴിൽ രഹിത വേതനയിനത്തിലെ തുകയും ആയത് പരിശോധിയ്ക്കുന്നതിനായി നൽകിയ രേഖകളിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ:

| ക്രമ നം | ഇനം | AFS പ്രകാരമുള്ള തുക | രജിസ്റ്റർ പ്രകാരമുള്ള തുക |
|---|---|---|---|
| 1 | തൊഴിൽ രഹിത വേതനം | 218520 | 320040 |

രണ്ടാമത്തെ അലോട്ട്മെന്റിൽ നിന്നുള്ള ചെലവ് ഉൾപ്പെടുത്താത്തതാണ് പ്രസ്തുത വ്യത്യാസത്തിന് കാരണമെന്ന് മറുപടി നൽകിയിട്ടുണ്ട്

19. സ്ഥാപനത്തിന്റെ ക്യാഷ് ബുക്ക് പ്രകാരം 03.07.2019 മുതൽ 24.08.2019 വരെയുള്ള തീയതികളിൽ നെഗറ്റീവ് ബാലൻസ് കാണിക്കുന്നു.ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു

| തീയതി | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 03.07.2019 | 36558 | 863486 | 911603 | -11559 |
| 04.07.2019 | -11559 | 36072 | 51313 | -26800 |

20. എം.എൻ.ആർ.ഇ.ജി.എസിന്റെ ബാങ്ക് ബുക്ക് 26.11.2019,18.11.19എന്നീ തീയതികളിൽ നെഗറ്റീവ് ബാലൻസ് കാണിക്കുന്നു.

| തീയതി | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 26.11.19 | 100866 | 0 | 941000 | -840134 |
| 18.11.19 | -840134 | 882 | 0 | -839252 |

21.എം.എൻ.ആർ.ഇ.ജി.എസിന്റെ ക്യാഷ് ബുക്ക് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ് എന്നിവ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള മുന്നിരിപ്പ്,വരവ്,ചെലവ് പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ

| | ക്യാഷ് ബുക്ക് | വാർഷിക ധനകാര്യപത്രിക |
|---|---|---|

| | പ്രകാരം | പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 103355 | 100866 |
| വരവ് | 1851273 | 1320762 |
| ചെലവ് | 1945307 | 1412307 |
| നീക്കിയിരിപ്പ് | 9321 | 9321 |

വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ആകെ വരവ്,ചെലവ് കണക്കുകൾ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

22) 2019-20 സാമ്പത്തിക വർഷം KWAയ്ക്ക് പ്രോജക്ട് നം.198/20 പ്രകാരം 20000/-രൂപ നിക്ഷേപിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. എന്നാൽ പ്രസ്തുത തുക B18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.03/06.12.2021 ന് ലഭ്യമാക്കിയ മറുപടി പരിഗണിച്ചതിനു ശേഷം അവശേഷിക്കുന്ന പരാമർശങ്ങളാണ് നിലനിർത്തിയിട്ടുള്ളത്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.12.2021, 11.00 AM ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2868.00 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു. സർക്കാരിന് നഷ്ടം 129500/-രൂപ

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2019-20 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | അയ്യപ്പൻആചാരി | 102470201432 | വാർദ്ധക്യകാല പെൻഷൻ) | 29.12.18 | സസ്പെൻഡ് | 01/19-04/19 | 4480 |
| 2 | മുഹമ്മദ് മുസ്തഫ | 02510203030 | വാർദ്ധക്യകാല പെൻഷൻ | 20.01.19 | ആക്ടീവ് | 01/19-07/19 | 7700 |
| 3 | ഗിരിജ | 102470601276 | വിധവ പെൻഷൻ സ് | 17.01.19 | സസ്പെൻഡ് | 01/19-04/19 | 4400 |
| 4 | യഹിയ.എം - | 102470200917 | വാർദ്ധക്യകാല പെൻഷൻ | 29.01.19 | സസ്പെൻഡ് | 02/19-04/19 | 3300 |
| 5 | കൃഷ്ണപിള്ള | 102470200070 | വാർദ്ധക്യകാല പെൻഷൻ) | 25.02.19 | സസ്പെൻഡ് | 03/19-04/2019, | 3000 |
| 6 | ഷെരീഫ്.എം | 102510201938 | വാർദ്ധക്യകാല പെൻഷൻ | 26.02.19 | ആക്ടീവ് | 03/19-04/2019, | 2240 |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | ഈസാകുഞ്ഞ് | 102470200362 | വാർദ്ധക്യകാല പെൻഷൻ | 28.03.19 | സസ്പെൻഡ് | 04/2019, | 1500 |
| 8 | അബ്ദുൾലത്തീഫ്,എസ് | 102470202394 | വാർദ്ധക്യകാല പെൻഷൻ | 30.03.19 | സസ്പെൻഡ് | 04/2019, | 1120 |
| 9 | അബ്ദുൾ ഷെരീഫ് | 102470203313 | വാർദ്ധക്യകാല പെൻഷൻ | 17.12.19 | സസ്പെൻഡ് | 12/19,01 /20-04/20 | 6100 |
| 10 | രാഘവൻ പിള്ള | 102470101180 | കർഷക തൊഴിലാളി പെൻഷൻ | 01.12.18 | ആക്ടീവ് | 12/19,01/20-07/20 | 9200 |
| 11 | രഘു പി | 102470101525 | കർഷക തൊഴിലാളി പെൻഷൻ | 27.06.19 | സസ്പെൻഡ് | 07/2019 | 1200 |
| 12 | സുകുമാരൻ എൻ | 102470100697 | കർഷക തൊഴിലാളി പെൻഷൻ | 26.06.19 | ആക്ടീവ് | July-2019 | 1200 |
| 13 | മീനാക്ഷി | 102470101452 | കർഷക തൊഴിലാളി പെൻഷൻ | 24.12.19 | ആക്ടീവ് | 12/2019-02 /2021,November 2021* | 21500 |
| 14 | സോമൻ | 102470200508 | വാർദ്ധക്യകാല പെൻഷൻ | 23.12.19 | ആക്ടീവ് | 12/2019 -11/2021 | 36800 |
| 15 | ഇബ്രാഹിംകുഞ്ഞ് | 102470100639 | കർഷക തൊഴിലാളി പെൻഷൻ | 03.2.20 | ആക്ടീവ് | 02/20-06 /21,November 21 ** | 25360 |
| 16 | ശാന്തമ്മ | 102470600882 | വിധവ പെൻഷൻ | 26.02.20 | സസ്പെൻഡ് | 03/20-04/20 | 2400 |
| 17 | പ്രഭാവതി | 102470500022 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 28.02.20 | സസ്പെൻഡ് | 03/20-04/20 | 2400 |
| | | | | | | ആകെ | 129500 |

*March-2021 മുതൽ October-2021 വരെ തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല എന്നാണ് സ്റ്റാറ്റസിൽ രേഖപ്പെടുത്തിയിട്ടുമുണ്ട് .നവംബർ 2021 ന് 1600/- രൂപ ബാങ്കിന് കൈമാറിയിട്ടുണ്ട്.

**July-2021 മുതൽ October-2021 വരെ തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല എന്നാണ് സ്റ്റാറ്റസിൽ രേഖപ്പെടുത്തിയിട്ടുമുണ്ട് .നവംബർ 2021 ന് 1600/- രൂപ ബാങ്കിന് കൈമാറിയിട്ടുണ്ട്.

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2019-20 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. കല്ലറ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 44 തീയതി 10.12.2021ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ അനർഹമായി നൽകിയ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7-1 സാമൂഹ്യ സുരക്ഷാ പെൻഷൻ, സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2019-20 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. (ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു). മസ്റ്ററിംഗ് പൂർത്തികരിച്ചിട്ടില്ലാത്തതിനാൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്നു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| നം | പേര് | മരണപ്പെട്ട തീയതി | ആധാർ നമ്പർ | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | സിസിലി | 12.5.19 | 306052388673 | ആക്ടീവ് |
| 2 | അയിഷാബീവി | 23.9.19 | 651563365691 | ആക്ടീവ് |
| 3 | ഭാസുരാംഗി | 2.9.19 | 594877646136 | ആക്ടീവ് |
| 4 | സെബ്സ്റ്റ്യൻ പെരേര | 20.9.19 | 466353567099 | ആക്ടീവ് |
| 5 | സൽമ്മാബീവി | 18.9.19 | 788274728038 | ആക്ടീവ് |
| 6 | മൈക്കിൾ | 6.10.19 | 972820512890 | ആക്ടീവ് |
| 7 | കൃഷ്ണപിള്ള | 8.10.19 | 262305794124 | ആക്ടീവ് |
| 8 | സെയ്ദ്ഹുസൈൻ | 17.10.19 | 622458577715 | ആക്ടീവ് |
| 9 | നോർബർട്ട് ഗോമസ് | 20.11.19 | 380042024757 | ആക്ടീവ് |
| 10 | ട്രീസാപത്രോസ് | 17.1.20 | 818303172970 | ആക്ടീവ് |

ധനകാര്യവകുപ്പിന്റെ 26.7.18 ലെ സർക്കുലർ നമ്പർ 69/18ൽ മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടേയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണസ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യേണ്ടത്

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണം നം 44തീ 10.12.21 ന് മറുപടി ലഭ്യമാക്കിയില്ല. അനർഹരുടെ പെൻഷൻ അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-7-2 സാമൂഹ്യസുരക്ഷാ പെൻഷനുകൾ -സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി കൈപ്പറ്റിയത് തിരികെ ഈടാക്കണം

കല്ലറ ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപെൻഷനുകൾ വാങ്ങുന്ന ഗുണഭോക്താക്കളിൽ സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുണ്ട്. അനർഹമായി തുക കൈപ്പറ്റിയവരുടെ വിവരം ചുവടെ ചേർക്കുന്നു (പഞ്ചായത്ത് ലഭ്യമാക്കിയ രേഖകൾ പ്രകാരം).

| ക്രമ നം | പേരും വിലാസവും | പെൻഷൻ ഐ ഡി | അനർഹമായി കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | പങ്കജാക്ഷി,മംഗലത്ത് വീട്,മിതൃമല | 102470100787 | 59900 |
| 2 | ബി.സുരേന്ദ്രൻ,ചരുവിള പുത്തൻവീട് .കൊടംപള്ളാച്ചി,മുതുവിള | 102470101979 | 62300 |
| 3 | ലീലാമണി അമ്മ,ബിന്ദു ഭവന,വട്ടകരിക്കകം,കെ.റ്റി.കുന്ന് | 102470201840 | 49600 |
| 4 | മനോഹരൻ നായർ.എസ് ,മഞ്ചു ഭവൻ,വാഴവിള ,മിതൃമല | 102470202153 | 64100 |
| 5 | സരസ്വതി .എൽ,കരിച്ചണത്ത് വീട്,മരുതുമ്മൂട്,മിതൃമല | 102470600002 | 18400 |

സർക്കാരിന്റെ 23.1.2020ലെ 07/2020/ധന നം, 8.2.2021ലെ 14/21/ധന നം. സർക്കുലറുകൾ പ്രകാരം അനർഹമായി കൈപ്പറ്റിയ തുകകൾ വ്യക്തികൾ സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണം നം 49 തീ 10.12.21 ന് മറുപടിയിൽ ലഭ്യമാക്കിയില്ല. തുക തിരികെ ഈടാക്കിയിട്ടുണ്ടോ എന്ന വിവരം ട്രഷറിയുമായി ബന്ധപ്പെട്ട് ഉറപ്പുവരുത്തി അറിയിക്കേണ്ടതാണ്. പെൻഷൻ അപേക്ഷകളിന്മേൽ കൃത്യമായ അന്വേഷണം നടത്തി അർഹരായവർക്ക് മാത്രം അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി

A.F.S പ്രകാരമുള്ളത്

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 100866 | 1320762 | 1421628 | 1412307 | 9321 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 17505000 | 17505000 | 17505000 | 0 |
| ആകെ | 100866 | 18825762 | 19926628 | 3117307 | 9321 |

1) നികുതികൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത് അടക്കുന്നില്ല.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പരപ്പിൽ കടുമാങ്കുഴി തോടിനു കലുങ്ക് നിർമ്മാണം, പരപ്പിൽ കടുമാങ്കുഴി റോഡ് കോൺക്രീറ്റ് എന്നീ പ്രവൃത്തികൾക്കാവശ്യമായ സാധനങ്ങൾ ടെണ്ടർ ക്ഷണിച്ച് എസ്റ്റിമേറ്റ് നിരക്കിൽ ശ്രീമനോഹരൻ എന്ന കരാറുകാരനിൽ നിന്നും വാങ്ങിയിരുന്നു. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികം വരുന്ന കരാർ തുകകൾ നൽകുമ്പോൾ 2%

ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. കൂടാതെ 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ ജി.എസ്.ടി, ആദായ നികുതി എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പുകളിൽ അടച്ചിട്ടില്ല. വിശദാംശങ്ങൾ

ചുവടെ

| ക്രമ നം | പ്രവൃത്തി | എം. ബുക്ക് നം | കരാറുകാരൻ | കരാറുകാരന് നൽകിയ തുക |
|---|---|---|---|---|
| 1 | പരപ്പിൽ കടുമാങ്കുഴി തോടിനു കലുങ്ക് നിർമ്മാണം, | 181/2018-19 | മനോഹരൻ നായർ | 88091.00 |
| 2 | പരപ്പിൽ കടുമാങ്കുഴി റോഡ് കോൺക്രീററ് | 189/2018-19 | മനോഹരൻ നായർ | 287039.00 |
| 3 | കോടംപ്ലാച്ചി മേലൊറ്റി റോഡ് കോൺക്രീറ്റ് | 47/19-20 | മനോഹരൻനായര് | 236908.75 |
| 4 | തമ്പുരാട്ടിമൂലമൺതടം നിർമ്മാണവും കോൺക്രീറ്റും | 116/19-20 | മനോഹരൻനായർ | 125878.70 |

2) ഇ പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിക്കുന്നില്ല

ഉന്നാംപാറ പനകുന്നത് അമ്പലം റോഡ് കോൺക്രീറ്റ്, പരപ്പിൽ നെല്ലിക്കാട് റോഡ് കോൺക്രീറ്റ്, കോടംപ്ലാച്ചി മേലേറ്റ് റോഡ് കോൺക്രീറ്റ്, പരപ്പിൽ കടുമാങ്കുഴി വരെയുള്ള റോഡ് , താഴേപരപ്പിൽ തോടിന് കലുങ്ക് നിർമ്മാണം, പരപ്പിൽ കടുമാങ്കുഴി തോടിന് കലുങ്ക് നിർമ്മാണം, ആയിരവല്ലി കോട്ടൂർ റോഡ് കോൺക്രീറ്റ്, തെങ്ങുംകോട് എൽ.പി.എസ് പ്ലാക്കോട് റോഡ് കോൺക്രീറ്റ് , കശുവണ്ടി ഫാക്ടറി റോഡ്, വളക്കുഴിപ്പച്ച മഹാദേവര് പച്ച റോഡ് , കല്ലറ മാടൻനട ഭിത്തി സംരക്ഷണം, ചാവരുകാണി ക്ഷേത്രം റോഡ്, തോട്ടുമുക്ക് കുറക്കോട് റോഡ് കോൺക്രീറ്റ് എന്നീ പ്രവൃത്തികൾക്കായി ആകെ 3065872/- രൂപയ്ക്ക് ടെണ്ടർ, റീടെണ്ടർ, ക്വട്ടേഷൻ എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. G.O(P) No. 03/2013/S.P.D Dated 21.06.2013 Para (1.9 To 1.15) പ്രകാരം അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള ടെണ്ടറുകൾക്ക് എല്ലാ വകുപ്പുകളും ബോർഡുകളും പൊതുമേഖലാസ്ഥാപനങ്ങളും ഇ-ഗവൺമെന്റ് പ്രോക്യൂർമെന്റ് പാലിക്കേണ്ടതാണ്. അടങ്കൽ അഞ്ച് ലക്ഷത്തിനുമുകളിലായിട്ടും ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമല്ല.

3. ടെണ്ടർ ഫോംവില വരവു വെച്ചില്ല

സ.ഉ(കൈ) നം.93/2012/lsgd Dated31.03.2012 പ്രകാരം ദർഘാസ് പ്രമാണങ്ങളുടെ വിറ്റ് വരവ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മറ്റ് വരവുകളുമായി ഉൾപ്പെടുത്തി കണക്ക് സൂക്ഷിക്കേണ്ടതാണ്. റോഡ് കോൺക്രീറ്റ് പ്രവൃത്തികൾക്കായി ആകെ 3065872/- – രൂപയുടെ ദർഘാസ് പരസ്യം ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർഫോറമിനത്തിൽ ലഭ്യമായ തുക എം.എൻ.ആർ.ഇ.ജി.എസ് അക്കൗണ്ടിലേക്ക് വരവ് വച്ചിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 35, 48 എന്നിവയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ MISൽ പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കിയ കാലയളവിൽ ജി.എസ്.ടി , ഇൻകംടാക്സ് എന്നിവ കുറയ്ക്കുന്നതിനുള്ള സൌകര്യം ഇല്ലാത്തതിനാലും എം.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറുടെ ഇത് സംബന്ധിച്ച നിർദ്ദേശത്തിനു മുൻപ് ഈ പേമെന്റുകൾ നടന്നതിനാലുമാണ് ഇപ്രകാരം സംഭവിച്ചതെന്നമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. 2018-19സാമ്പത്തിക വർഷത്തിലാണ്ക്രമനം. 1ൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തിയ്ക്ക് സെക്രട്ടറി ഡിജിറ്റൽ സൈൻ ചെയ്ത് ഫണ്ട് ട്രാൻസ്ഫർ ഓർഡർ പ്രകാരം പേമെന്റ് ചെയ്തിട്ടുള്ളതെന്നും പ്രസിഡന്റിന്റെ ഓതറൈസേഷനിലാണ് 2019-20ൽ തുക കരാറുകാരന് ലഭ്യമായതെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാർ തയ്യാറായിരുന്നില്ലായെന്നും ഭരണസമിതിയുടെ നിരന്തര പ്രേരണ മൂലം പ്രാദേശികവെണ്ടർമാർ, ചെറുകിട കച്ചവടക്കാർ എന്നിവരാണ് സാധനങ്ങൾ വിതരണം ചെയ്തതെന്നും ഇവർക്ക് ഇ-ടെണ്ടർ ചെയ്യുന്നതിനുള്ളരജിസ്ട്രേഷൻ ലഭ്യമല്ലായെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ജി.എസ് .ടി 2017ജൂലൈ മാസം മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതിനാൽ എം.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറുടെ നിർദ്ദേശം 30.7.2019ലാണ് ലഭ്യമായതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2019, അതാതു കാലത്തെ സർക്കാർ നിർദ്ദേശങ്ങൾ എന്നിവ പാലിച്ച് പ്രവൃത്തികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-9 ഗ്രാമസഭകൾ - ചുമതലകൾ നിറവേറ്റുന്നില്ല

അധികാരവികേന്ദ്രീകരണ പ്രക്രിയയിൽ വോട്ടവകാശമുള്ള മുഴുവനാളുകൾക്കും ഭരണകാര്യങ്ങളിൽ നേരിട്ട് പങ്കെടുക്കാനും അധികാരം പ്രയോഗിക്കാനും കഴിയുന്ന ഒരു വേദിയാണ് പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ അടിസ്ഥാലഘടകമായ ഗ്രാമസഭകൾ. എന്നാൽ, നിയമപരമായ ഒരു ബാദ്ധ്യത നിറവേറ്റുക എന്നതിനുമപ്പുറം പദ്ധതി ആസൂത്രണത്തിലോ പദ്ധതി പ്രവർത്തനങ്ങളിലോ ഗ്രാമസഭ ഇടപെടുന്നില്ല. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3(3)ൽ നിർദ്ദേശിച്ചിട്ടുള്ള വിധം മൂന്നു മാസത്തിലൊരിക്കലെങ്കിലും ഗ്രാമസഭ ചേരേണ്ടതാണ്. എന്നാൽ ക്രമപ്രകാരം ഗ്രാമസഭ ചേരുന്നതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

ഗ്രാമസഭകൾ എടുക്കുന്ന തീരുമാനങ്ങൾ ഏതെല്ലാം നടപ്പിലാക്കിയില്ല എന്നും അതിന്റെ കാരണമെന്തെന്നും ഗ്രാമസഭയെ ബോധിപ്പിക്കേണ്ട പഞ്ചായത്തിന്റെ നിയമപരമായ ഉത്തരവാദിത്വവും നിറവേറ്റപ്പെടുന്നില്ല. വികസനപ്രവർത്തനങ്ങളുടെ ആസൂത്രണമോ അവയുടെ നിർവ്വഹണം സംബന്ധിച്ച അവലോകനമോ ഉണ്ടാകുന്നില്ല. പരിസ്ഥിതി സംരക്ഷണം, മലിനീകരണനിയന്ത്രണം എന്നിവയുൾക്കൊള്ളുന്ന നൂതന ആശയങ്ങൾ ഒന്നും ഗ്രാമസഭകളിൽ ഉരുത്തിരിയുന്നില്ല. ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെടേണ്ടതാണെന്ന വ്യവസ്ഥയും പാലിക്കപ്പെടുന്നില്ല.

ഗ്രാമസഭകളെ സംബന്ധിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിനും നിശ്ചിത ഇടവേളകളിൽ ഗ്രാമസഭകൾ വിളിച്ചുകൂട്ടുന്നതിനും വികസന പ്രവർത്തനങ്ങളിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 രസീതുകളുടെ വരവ്, ഒടുക്ക് എന്നിവ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

11.01.2020 മുതൽ 31.03.2021 വരെയുള്ള രസീതുകളുടെ വരവ്, ഒടുക്ക് എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിരിക്കുന്നു.

1. കേരള ട്രഷറി കോഡ് വാല്യം 1 ആർട്ടിക്കിൾ 90(ബി) കുറിപ്പ് 2 പ്രകാരം ലഭ്യമാകുന്ന രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ പുസ്തകം ഉപയോഗിക്കുവാൻ തുടങ്ങിയ തീയതി, പൂർത്തീകരിച്ച തീയതി എന്നിവ രേഖപ്പെടുത്തേണ്ടതാണ്. രസീത് പുസ്തകങ്ങളുടെ കൗണ്ടർ ഫോയിൽ ഓഫീസ് മേധാവിയുടെ ഉത്തരവാദിത്തതിൽ ഭദ്രമായി സൂക്ഷിക്കേണ്ടതാണ്.

എന്നാൽ ലഭ്യമായ സ്റ്റോക്ക് രജിസ്റ്റർ മേൽ നിർദ്ദേശ പ്രകാരം സൂക്ഷിക്കുന്നില്ല.

2. കേരള ഫിനാൻഷ്യൽ കോഡ് (വാല്യം I) ആർട്ടിക്കിൾ 90(ബി) യിലെ കുറിപ്പ് 2 , കേരള ഫിനാൻഷ്യൽ കോഡ് (വാല്യം I) ആർട്ടിക്കിൾ 92(ബി) യിലെ കുറിപ്പ് 2 എന്നിവ പ്രകാരം ഓരോ രസീത് ബുക്കും അവ ലഭ്യമായ ഉടൻ സൂക്ഷമമായി പരിശോധിക്കേണ്ടതാണ്. ഓരോ ബുക്കിലേയും ഫോറങ്ങളുടെ എണ്ണം പരിശോധിച്ച് നിശ്ചിത മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് പുറംചട്ടയുടെ ഉൾഭാഗത്ത് ചേർക്കേണ്ടതാണ്.

എന്നാൽ സാമ്പത്തിക വർഷം ഉപയോഗിച്ച എല്ലാ രസീതുകളിലും ഇപ്രകാരം സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് ചേർത്തിട്ടില്ല. ഉദാഹരണമായി രസീതു നമ്പർ 38726, 12468, 38722, 12469എന്നിവയിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് ചേർത്തിട്ടില്ല.

3. കേരള ഫിനാൻഷ്യൽ കോഡ് (വാല്യം I) ആർട്ടിക്കിൾ 7(2) പ്രകാരം ദിവസേനയുള്ള കളക്ഷൻ തൊട്ടടുത്ത പ്രവർത്തി ദിവസം തന്നെ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

എന്നാൽ ഇപ്രകാരം താഴെപ്പറയുന്ന രസീതുകൾ, ഡേ ബുക്ക് എന്നിവ പരിശോധിച്ചതിൽ ഒടുക്കു വരുത്തിയിട്ടില്ല.

| ക്രമ നമ്പർ | രസീതു ബുക്ക് നമ്പർ/ രസീതു നമ്പർ | തീയതി | ഇനം- തുക | അപാകത |
|---|---|---|---|---|
| 1 | 38722/76 | 13/03/2020 | Property Tax- 420.00 | തുക അടവാക്കിയിട്ടില്ല. |
| 2 | 38722/77 | 13/03/2020 | Property Tax- 410.00 | തുക അടവാക്കിയിട്ടില്ല. |

4. കേരള ട്രഷറി കോഡ് വാല്യം 1 ആർട്ടിക്കിൾ 90(ബി) കുറിപ്പ് 2 പ്രകാരം ലഭ്യമാകുന്ന രസീതു ബുക്കുകളുടെ അക്കൗണ്ട് സൂക്ഷിക്കേണ്ടതും ഉപയോഗിച്ചതും അല്ലാത്തതുമായ രസീതുബുക്കുകൾ എപ്പോഴും ഹാജരാക്കുവാൻ സാധിക്കേണ്ടതുമാണ്. ഓരോ രസീതുബുക്കിലേയും ഫോറങ്ങളുടെ എണ്ണം സൂക്ഷ്മമായി പരിശോധിക്കേണ്ടതും ഫ്ലൈ- ലീഫിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതുമാണ്. സാധാരണയായി ഒരു രസീതു പുസ്തകം മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. എന്നാൽ ലഭ്യമാക്കിയ സ്റ്റോക്ക് രജസ്റ്റർ പ്രകാരം ഒരേ സമയം തന്നെ കൃഷി ഓഫീസർക്ക് 3 (രസീതു ബുക്ക് നമ്പർ 12473,12474,12475 On 16/02/2021) രസീതു ബുക്കുകൾ നൽകിയിട്ടുണ്ട്.

എന്നാൽ രസീതുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത രസീത് ബുക്കുകളും അവയിലൂടെ ശേഖരിക്കപ്പെട്ട തുകയുടെ അടവ് വിവരങ്ങളും അടിയന്തിരമായി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

5. സാമ്പത്തിക വർഷം വെറ്ററിനറി സർജൻ ഉപയോഗിച്ചിരിക്കുന്ന രസീതു ബുക്ക് നമ്പർ 17373 ആണ്. എന്നാൽ ഈ ബുക്കുകൾ ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം ചെയ്തിരിക്കുന്നത് 27/10/2018 ലാണ്.

6. കേരള ഫിനാൻഷ്യൽ കോഡ് (വാല്യം I) ആർട്ടിക്കിൾ 336 പ്രകാരം ക്യാൻസൽ ചെയ്ത രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | രസീതു ബുക്ക് നമ്പർ/ രസീതു നമ്പര് | തീയതി | തുക |
|---|---|---|---|
| 1 | 38720/47 | 23/01/2020 | 566.00 |
| 2 | 38720/46 | തീയതി രേഖപ്പെടുത്തിയിട്ടില്ല | തുക രേഖപ്പെടുത്തിയിട്ടില്ല |
| 3 | 38720/48 | തീയതി രേഖപ്പെടുത്തിയിട്ടില്ല | തുക രേഖപ്പെടുത്തിയിട്ടില്ല |
| 4 | 12468/100 | 28/02/2020 | 189.00 |
| 5 | 12469/52 | തീയതി രേഖപ്പെടുത്തിയിട്ടില്ല | തുക രേഖപ്പെടുത്തിയിട്ടില്ല |
| 36 | 12469/66 | തീയതി രേഖപ്പെടുത്തിയിട്ടില്ല | തുക രേഖപ്പെടുത്തിയിട്ടില്ല |
| 7 | 12469/95 | തീയതി രേഖപ്പെടുത്തിയിട്ടില്ല | തുക രേഖപ്പെടുത്തിയിട്ടില്ല |
| 8 | 38733/22 | തീയതി രേഖപ്പെടുത്തിയിട്ടില്ല | തുക രേഖപ്പെടുത്തിയിട്ടില്ല |
| 9 | 38733/24 | തീയതി രേഖപ്പെടുത്തിയിട്ടില്ല | തുക രേഖപ്പെടുത്തിയിട്ടില്ല |
| 10 | 38721/15 | 04/01/2020 | 181.00 |
| 11 | 12466/80 | തീയതി | തുക |

| | | | |
|---|---|---|---|
| | | രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല |

മേൽ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (47/10.12.2021) ന മറുപടി ലഭ്യമാക്കിയില്ല.

മേൽ അപാകതകൾ ഓഡിറ്റ് റിപ്പോർട്ട് നമ്പർ കെ. എസ്. എ. റ്റി.വി.എം.ജി.പി.10/198/2020 തീയതി.02.06.2020 ഖണ്ഡിക നമ്പർ 1-12 പ്രകാരം ചൂണ്ടികാണിച്ചിട്ടുള്ളവയാണ്. അപാകതകൾ ഓഡിറ്റ് പരാമർശം അവഗണിച്ച് സാമ്പത്തിക വർഷം വീണ്ടും ആവർത്തിച്ചിരിക്കുന്നത് സെക്രട്ടറിയുടെ ഭാഗത്തു നിന്നും ഉള്ള ഗുരുതരമായ വീഴ്ചയാണ്. രസീതുകൾ അലക്ഷ്യമായും ചട്ടങ്ങൾ പാലിക്കാതെയുമാണ് പഞ്ചായത്തിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ കൈകാര്യം ചെയ്യുന്നത്.

രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. ചട്ടങ്ങൾ കർശനമായി പാലിച്ച മാത്രം രസീതുകൾ കൈകാര്യം ചെയ്യേണ്ടതാണ്.

## 1-11 തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ

സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയതു സംബന്ധിച്ച ഫയലുകൾ, രജിസ്റ്ററുകൾ, അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-11-1 ഫാറം II അപൂർണ്ണമായിരിക്കെ തൊഴിൽനികുതി ഈടാക്കിയിരിക്കുന്നു

കേരള_പഞ്ചായത്ത്_രാജ്_(തൊഴിൽ_നികുതി)_ചട്ടങ്ങൾ,_1996 ചട്ടം 16 (1) (തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തേയോ ശമ്പളത്തേയോ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെടൽ) പ്രകാരം ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി നിർണ്ണയത്തിന് അർഹമായ കാലം കഴിഞ്ഞാലുടൻ സെക്രട്ടറി 1-ാം നമ്പർ ഫാറത്തിൽ ആഫീസ് തലവനോടോ തൊഴിലുടമയോടോ, ജോലിയിലുള്ള ആളുകളുടെ ആകെയുള്ള ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച വിവരങ്ങൾ പതിനഞ്ച് ദിവസത്തിനുള്ളിൽ (II-ാം നമ്പർ) ഫോറത്തിലും സമർപ്പിക്കു വാൻ ആവശ്യപ്പെടേണ്ടതാണ്. കൂടാതെ ചട്ടം 16 (2) പ്രകാരം ആഫീസ് തലവനോ, തൊഴിലുടമയോ സെക്രട്ടറി ആവശ്യപ്പെട്ട വിവരങ്ങൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽ II-ാം നമ്പർ ഫാറത്തിൽ സമർപ്പിക്കേണ്ടതും ആയതിന്റെ പകർപ്പ് ആ സ്ഥാപന ത്തിലെ നോട്ടീസ് ബോർഡിൽ അങ്ങനെയുള്ള വിവരങ്ങൾ അയച്ചുകൊടുത്ത തീയതി മുതൽ 15 ദിവസം വരെയുള്ള കാലത്തേയ്ക്ക് ജീവനക്കാരുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പരസ്യപ്പെടുത്തി യിരിക്കേണ്ടതുമാണ്.

എന്നാൽ പരിശോധനയ്ക്ക് ലഭ്യമായ ഫാറങ്ങൾ പരിശോധിച്ചതിൽ ഫാറങ്ങൾ അപൂർണ്ണമായിരിക്കെ തൊഴിൽനികുതി ഈടാക്കിയിരിക്കുന്നു. ആയതിനാൽ നികുതി ഈടാക്കിയതിന്റെ ആധികാരികത പരിശോധിക്കാനായില്ല.

സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | 2019 അർദ്ധവർഷം | അപാകത |
|---|---|---|---|
| 1 | എം എൻ ആർ ജി എസ് | II | പത്രികയിൽ ജീവനക്കാരുടെ ശമ്പളം സംബന്ധിച്ച വിവരങ്ങൾ അപൂർണ്ണമായിരിക്കെ 5 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ ആധികാരികത പരിശോധിക്കാനായിട്ടില്ല. |
| 2 | ഹോമിയോ ഡിസ്പൻസറി | I , II | പത്രികയിൽ ജീവനക്കാരുടെ ശമ്പളം സംബന്ധിച്ച വിവരങ്ങൾ അപൂർണ്ണമായിരിക്കെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ ആധികാരികത പരിശോധിക്കാനായിട്ടില്ല. |

| | | | |
|---|---|---|---|
| 3 | ഗവ. ജി എച്ച് എസ് എസ് മിതൃമ്മല | I, II | രണ്ടു അർധ വാർഷികങ്ങളിലും അശ്വതി സി എസ്, UPST എന്ന ജീവനക്കാരിയിൽ നിന്നും ശമ്പളം സംബന്ധിച്ച വിവരങ്ങൾ അപൂർണ്ണമായിരിക്കെ തൊഴിൽ നികുതി ഈടാക്കിയതിന്റെ ആധികാരികത പരിശോധിക്കാനായിട്ടില്ല. |
| 4 | ബി എസ് എൻ എൽ | I | ഒന്നാം അർധവർഷം പത്രിക സമർപ്പിച്ചിട്ടില്ല. ആയതിനാൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ ആധികാരികത പരിശോധിക്കാനായിട്ടില്ല. |
| 5 | മിതൃമ്മല മിൽക്ക് സൊസൈറ്റി | I | ഒന്നാം അർദ്ധവർഷം പത്രിക സമർപ്പിച്ചിട്ടില്ല. ആയതിനാൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ ആധികാരികത പരിശോധിക്കാനായിട്ടില്ല. |
| 6 | സപ്ലൈക്കോ മെഡിക്കൽ സ്റ്റോർ | I, II | രണ്ടു അർധ വർഷങ്ങളിലെയും പത്രിക അപൂർണ്ണമായിരിക്കെ തൊഴിൽ നികുതി ഈടാക്കിയതിന്റെ ആധികാരികത പരിശോധിക്കാനായിട്ടില്ല. |
| 7 | ശ്രീലക്ഷ്മി ഫിനാൻസ് | I | ഒന്നാം അർധവർഷം പത്രിക സമർപ്പിച്ചിട്ടില്ല. ആയതിനാൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ ആധികാരികത പരിശോധിക്കാനായിട്ടില്ല. |
| 8 | സതേൺ കാഷ്യൂ ഫാക്ടറി | II | രണ്ടാം അർധവർഷം പത്രിക സമർപ്പിച്ചിട്ടില്ല. ആയതിനാൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ ആധികാരികത പരിശോധിക്കാനായിട്ടില്ല. |

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (08/07.12.2021) മറുപടിയായി തൊഴിൽ നികുതി ഈടാക്കിയതു ശരിയായി ഈടാക്കിയിട്ടുണ്ടെന്നാണ മറുപടി ലഭ്യമാക്കിയത്.

അപൂർണ്ണമായ ഫാറം - II പ്രകാരം തൊഴിൽ നികുതി ഈടാക്കിയതിനാൽ ലഭ്യമായ മറുപടി അംഗീകരിക്കാവുന്നതല്ല.

കേരള_പഞ്ചായത്ത്_രാജ്_(തൊഴിൽ_നികുതി)_ചട്ടങ്ങൾ പ്രകാരം ഫാറം - II സ്വീകരിക്കുമ്പോൾ തന്നെ അവ പൂർണ്ണമാണെന്നു ഉറപ്പു വരുത്തേണ്ടതും അതിൻപ്രകാരം നികുതി കൃത്യമായി ഈടാക്കേണ്ടതുമാണ്.

അപകത പരിഹരിക്കിക്കുന്നതിൽ സെക്രട്ടറിയും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-11-2 തൊഴിൽനികുതി രജിസ്റ്റർ കൃത്യമായ ഇടവേളകളിൽ സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല

1. കേരള_പഞ്ചായത്ത്_രാജ്_(തൊഴിൽ_നികുതി)_ചട്ടങ്ങൾ,_1996 ചട്ടം 18 (ചുമത്താവുന്ന നികുതി ഡിമാന്റ് ചെയ്യൽ) (4) ഓരോ അർദ്ധ വർഷത്തിന്റെ അവസാനവും, ആഫീസ് തലവനോ, തൊഴിലുടമയോ വച്ച് പോരുന്ന രജിസ്റ്ററിന്റെ സംഖ്യകളും മറ്റ് വിവരങ്ങളും പഞ്ചായത്തിൽ സൂക്ഷിക്കുന്ന തത്തുല്യ രജിസ്റ്ററുമായി ഒത്തുനോക്കി കൃത്യത സെക്രട്ടറി ഉറപ്പു വരുത്തേണ്ടതും ഒരു പരിശോധന സർട്ടിഫിക്കറ്റ് രജിസ്റ്ററിലെ അവസാനത്തെ ഉൾക്കുറിപ്പിനുശേഷം എഴുതി തീയതി വെച്ച് ഒപ്പിട്ട് നൽകേണ്ട തുമാണ്.

ഇപ്രകാരം സാമ്പത്തിക വർഷം രണ്ടു അർദ്ധവർഷങ്ങളിലും പരിശോധന നടത്തിയിട്ടില്ല.

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (08/07.12.2021) വരും വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്ന മറുപടി നൽകി.

2. സാമ്പത്തിക വർഷത്തെ രജിസ്റ്റർ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷികധനകാര്യ പത്രിക പ്രകാരമുള്ള വരവിന്റെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (08/07.12.2021) മറുപടി ലഭ്യമാക്കിയില്ല.

രജിസ്റ്ററുകൾ കാലികമായും കൃത്യമായ ഇടവേളകളിൽ സാക്ഷ്യപ്പെടുത്തിയും സൂക്ഷിക്കേണ്ടതാണ്. അപാകത പരിഹരിക്കുന്നതിൽ സെക്രട്ടറിയും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-11-3 സമയബന്ധിതമായി തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ , വകുപ്പ് 205 (2) പ്രകാരം ഓരോ വർഷവും ആഗസ്റ്റ് മാസത്തിന്റേയും ഫെബ്രുവരി മാസത്തിന്റേയും അവസാനത്തിന് മുമ്പ് ഓരോ ആഫീസ് മേധാവിയും തൊഴിലുടമയും, നികുതി അടയ്ക്കേണ്ടതായ എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തേണ്ടതും അവരിൽ നിന്നും തുക ഈടാക്കേണ്ടതുമാണ്. എന്നാൽ ലഭ്യമാക്കിയിരിക്കുന്ന രജിസ്റ്റർ പ്രകാരം ചുവടെ തന്നിരിക്കുന്ന സ്ഥാപനങ്ങൾ നികുതി ഈ സമയപരിധിക്കുള്ളിൽ അടച്ചിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | 2019 അർധവർഷം | രജിസ്റ്റർ പ്രകാരം നികുതി ഒടുക്കിയ തീയതി |
|---|---|---|---|
| 1 | സി എച്ച് സി, എൻ എച്ച് എം | II | 120020100745 Dtd 18/06/2020 |
| 2 | മിതൃമ്മല മിൽക്ക് സൊസൈറ്റി | II | 120020100818 Dtd 23/06/2020 |
| 3 | മുത്തൂറ്റ് ഫിനാൻസ് | II | 120020100232 Dtd 15/05/2020 |
| 4 | സിറ്റി ഡെന്റൽ ക്ലിനിക്ക് | II | 120020100269 Dtd 21/05/2020 |
| 5 | സി ഡി എസ്, അക്കൗണ്ടന്റ് | II | 120020100111 Dtd 04/05/2020 |
| 6 | സപ്ലൈക്കോ മെഡിക്കൽ സ്റ്റോർ | I | 938704100003 Dtd 10/10/2019 |

ഇപ്രകാരം സ്ഥാപനതൊഴിൽ നികുതി സമയബന്ധിതമായി അടയ്ക്കുന്നതിൽ 2019-2020 സാമ്പത്തിക വർഷത്തിൽ വീഴ്ച വരുത്തിയ എല്ലാ സ്ഥാപനങ്ങൾക്കും എതിരെ സെക്രട്ടറി 1994 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ , വകുപ്പ് 205 കെ പ്രകാരം സ്വീകരിച്ച നടപടി ക്രമങ്ങളെപ്പറ്റിയുള്ള വിശദാംശങ്ങളും സ്ഥാപനങ്ങളുടെ പട്ടികയും അനുബന്ധ രേഖകളും ചോദിച്ച് കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (08/07.12.2021) മറുപടിയായി യഥാസമയം നികുതി ഒടുക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ടെലഫോൺ മുഖാന്തിരം അറിയിപ്പ് നൽകുകയും നികുതി ഈടാക്കുകയും ചെയ്തു വരുന്നുവെന്നാണ് മറുപടി നൽകിയത്.

എന്നാൽ പരിശോധനയ്ക്ക് ലഭ്യമായ രേഖകൾ പ്രകാരം 1994 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ , വകുപ്പ് 205 കെ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടില്ല. നികുതി യഥാസമയം ഈടാക്കുകയോ യഥാസമയം നികുതി ഒടുക്കാത്ത സ്ഥാപനങ്ങളിൽ നിന്നും പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. ഇത് സെക്രട്ടറിയുടെയും ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെയും ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്.

അപാകത മൂലം ഗ്രാമപഞ്ചായത്തിന്റെ വരുമാനത്തിൽ ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയെ ക്ഷണിക്കുന്നു.

## 1-11-4 എല്ലാ സ്ഥാപനങ്ങളും സാമ്പത്തിക വർഷം തൊഴിൽനികുതി ഒടുക്കിയിട്ടില്ല

2019-2020 സാമ്പത്തിക വർഷം എല്ലാ സ്ഥാപനങ്ങളും ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം തൊഴിൽനികുതി ഒടുക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | 2019 അർധവർഷം |
|---|---|---|
| 1 | സതേൺ കാഷ്യൂ ഫാക്ടറി | II |
| 2 | ഐ സി സി ഫിൻകോർപ്പ് ലിമിറ്റഡ് | II |

ഇപ്രകാരം അടവാക്കിയ തുകയുടെ വിശദാംശങ്ങൾ (റസീപ്റ്റ് നമ്പർ, തീയതി) ചോദിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (08/07.12.2021) സ്ഥാപനങ്ങൾ നികുതി ഒടുക്കിയിട്ടുണ്ടെന്ന മറുപടി നൽകി. എന്നാൽ ഇതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

നികുതി അടച്ച വിവരങ്ങൾ പരിശോധനയ്ക്ക് അനുബന്ധരേഖകളോടൊപ്പം ഓഡിറ്റിനെ ഉടനെ ഹാജരാക്കേണ്ടതാണ്.

അപാകത പരിഹരിക്കുന്നതിൽ സെക്രട്ടറിയും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-11-5 സ്ഥാപനനികുതി എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നില്ല

ലഭ്യമാക്കിയ തൊഴിൽനികുതി രജിസ്റ്റർ പ്രകാരം താഴെ പട്ടികയിൽ ചേർത്തിരിക്കുന്ന സാമ്പത്തിക വർഷം പഞ്ചായത്തു പരിധിയിൽ പ്രവർത്തിച്ച സ്ഥാപനങ്ങളിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ , വകുപ്പ് 204 പ്രകാരമുള്ള സ്ഥാപനനികുതി 2019-2020 സാമ്പത്തിക വർഷം ഈടാക്കിയിട്ടില്ല.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | മുത്തൂറ്റ് മൈക്രോ ഫിനാൻസ് |
| 2 | ഗുരുദേവ വിലാസം നാഷണൽ |
| 3 | എസ് ഡി ഓട്ടോ മൊബൈൽസ് |
| 4 | കല്ലിംഗൽ ഓട്ടോ മൊബൈൽസ് |
| 5 | കാവുവിള ഫ്യൂവൽസ് |
| 6 | ആൽഫാ ഫ്യൂവൽസ് |

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (08/07.12.2021) മറുപടിയായി സ്ഥാപനങ്ങൾ നികുതി ഒടുക്കിയിട്ടുണ്ടെന്ന മറുപടി നൽകി. എന്നാൽ ഇതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

നികുതി അടച്ച വിവരങ്ങൾ (റസീപ്റ്റ് നമ്പർ, തീയതി, തുക) പരിശോധനയ്ക്ക് അനുബന്ധരേഖകളോടൊപ്പം ഓഡിറ്റിനെ

ഉടനെ ഹാജരാക്കേണ്ടതാണ്.

അപാകത പരിഹരിക്കുന്നതിൽ സെക്രട്ടറിയും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-12 ലേലം - അപാകതകൾ

സാമ്പത്തിക വർഷത്തെ ലേലം സംബന്ധിച്ച ഫയലുകൾ, രജിസ്റ്ററുകൾ, ലേല ഡയറികൾ അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിരിക്കുന്നു.

### 1-12-1 എഗ്രിമെന്റിനോടൊപ്പം സോൾവൻസി വാങ്ങി സൂക്ഷിക്കുന്നില്ല

കല്ലറ ഗ്രാമപഞ്ചായത്തിലെ ലേല/ക്വട്ടേഷൻ വ്യവസ്ഥകൾ നമ്പർ A7/1117/2019 തീയതി 25/01/2019 ക്രമ നമ്പർ 7 പ്രകാരം ലേലത്തുകയുടെ ഇരട്ടി തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തഹസിൽദാരിൽ നിന്നും വാങ്ങി എഗ്രിമെന്റ് സമയത്ത് ഹാജരാക്കേണ്ടതാണ്.സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവർ ലേലം സ്ഥിരപ്പെടുത്തി കഴിഞ്ഞാൽ ലേലത്തുകയും 18% GST യും ചേർന്ന തുക ഒറ്റത്തവണയായി ഒടുക്കേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന ലേലം/ക്വട്ടേഷൻ അനുവദിച്ച തവണകളായി തുക ഒടുക്കിയ കരാറുകാരിൽ നിന്നും ഇപ്രകാരം എഗ്രിമെന്റിനോടൊപ്പം സോൾവൻസി വാങ്ങി സൂക്ഷിച്ചിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു,

| ക്രമ നമ്പർ | ലേലം/ക്വട്ടേഷൻ ഇനം | ലേല/ക്വട്ടേഷൻ തീയതി,ലേലം കൊണ്ട വ്യക്തി | ലേലത്തുക | തവണകളായി തുക ഒടുക്കിയ വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | കല്ലറ ബസ് സ്റ്റാന്റിലെ വാഹനങ്ങളുടെ പ്രവേശനഫീസ് പിരിക്കുന്നതിനുള്ള അവകാശം | 05/03/2019 ക്വട്ടേഷൻ, ഹാഷിം, അൻവർ ഹൗസ്, കല്ലറ | 99600.00 +GST | 33200 + GST,118020106407 Dtd 26/03/2019 |
| | | | | 33200 + GST, 119020100555 Dtd 02/05/2019 |
| | | | | 33200+GST, 119020101521 Dtd 14/06/2019 |
| 2 | കല്ലറ മാർക്കറ്റിലെ 11-ാം നമ്പർ സ്റ്റാളിൽ മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം | 05/02/2019 ക്വട്ടേഷൻ, നൗഷാദ്, ഷാമില മൻസിൽ | 173595 + GST | 57865+ GST,118020105245 Dtd 05/02/2019 |
| | | | | 57865+ GST,118020106122 Dtd 19/03/2019 |
| | | | | 57865+ GST, 119020103744 Dtd 15/11/2019 |
| 3 | കല്ലറ മാർക്കറ്റിലെ 12-ാം നമ്പർ സ്റ്റാളിൽ മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം | 05/02/2019, ക്വട്ടേഷൻ ഷാനവാസ്, ഷാനവാസ് മൻസിൽ | 176700 +GST | 58900+ GST, 118020105339 Dtd 08/02/2019 |
| | | | | 58900+ GST, 119020101589 Dtd 19/06/2019 |
| | | | | 58900+ GST, 119020104670 Dtd 11/12/2019 |
| 4 | കല്ലറ മാർക്കറ്റിലെ 13-ാം നമ്പർ സ്റ്റാളിൽ ആട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം | 05/02/2019, ക്വട്ടേഷൻ ഷാനവാസ്, ഷാനവാസ് മൻസിൽ | 36502+GST | 12168+ GST, 118020105340 Dtd 08/02/2019 |
| | | | | 12168+ GST, 11902010709 Dtd 26/06/2019 |

| | | | | |
|---|---|---|---|---|
| | | | | 12168+ GST, 119020104671 Dtd11/12/2019 |
| 5 | കല്ലറ പബ്ലിക്ക് മാർക്കറ്റിൽ മത്സ്യവ്യാപാരം നിരോധിച്ചിരിക്കുന്ന 1,2 പ്ലാറ്റ്ഫോമുകൾ ഉൾപ്പെട്ട ഒന്നാം നമ്പർ തട്ടിൽ നിന്നും തറവാടക പിരിക്കുന്നതുനുള്ള അവകാശം | 05/02/2019,ക്വട്ടേശഷൻ ബൈജു, കാമറയിൽവീട് | 99102+ GST | 33034+ GST, 118020105307 Dtd 07/02/2019<br>33034+ GST, 118020106172 Dtd 21/03/2019<br>33034+ GST, 119020102888 Dtd 25/09/2019 |
| 6 | കല്ലറ ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റിൽ പ്രവർത്തിക്കുന്ന കംഫർട്ട് സ്റ്റേഷൻ വഴിയമ്പലം പ്രവർത്തിക്കുന്നതിനുള്ള അവകാശം | 05/02/2019, ക്വട്ടേഷൻ ചന്ദ്രശേഖരൻ, കാർത്തികനിലയം | 142000+ GST | 50000+GSt,118020105444 Dtd 14/02/2019<br>50000+ GST,119020101334 Dtd 06/06/2019<br>20000+ GST, 119020102418 Dtd 20/08/2019<br>22000+ GST, 119020104077 Dtd 25/11/2019 |
| 7 | മരുതുംമൂട് മാർക്കറ്റിലെ മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം | 31/05/2019,ലേലം താഹിർ, പു ല്ലുവിള വീട് | 15000+ GST | 5000+ GST, 119020101229 Dtd 31/05/2019<br>10000+ GST, 119020103053 Dtd 11/10/2019 |
| 8 | കല്ലറ മാർക്കറ്റിലെ 14-ാം നമ്പർ സ്റ്റാളിൽ വ്യപാരം നടത്തുന്നതിനുള്ള അവകാശം | 24/05/2019, ലേലം രവീന്ദ്രക്കുറുപ്പ്, കതിരുവിള | 600+ GST | പ്രസ്തുത ലേല ഇനം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തുക ഒടുക്കിയ വിവരങ്ങൾ ലഭ്യമല്ല. |

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (12/07.12.2021) ലേലം കൊണ്ടവർ പഞ്ചായത്തിന്റെ വിശ്വാസ്യത ആർജിച്ചവരായതിനാണ് സോൾവൻസി വാങ്ങി സൂക്ഷിക്കാത്തതെന്ന മറുപടി ലഭ്യമാക്കിയതാണ്. മറുപടി അംഗീകരിക്കാവുന്നതല്ല. ഈ അപാകത ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും വരുംവർഷങ്ങൾ ആവർത്തിക്കാതിരിക്കാൻ കർശന നടപടി സ്വീകരിക്കേണ്ടതാണ്.

ക്രമ നമ്പർ 8 പ്രകാരമുള്ള വിവരം വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന മറുപടി നൽകിയെങ്കിലും റസിപ്റ്റ് വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിവരങ്ങൾ ഓഡിറ്റിനെ ഉടനെ അറിയിക്കേണ്ടതാണ്.

ലേല വ്യവസ്ഥകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിൽ മാത്രം ശ്രദ്ധ പുലർത്താതെ ആയവ പ്രാബല്യത്തിൽ വരുത്തുവാൻ കൂടി ശ്രദ്ധിക്കേണ്ടതാണ്. ലേലം സംബന്ധിച്ച് ഗുരുതരമായ വീഴ്ചയാണ് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായിരിക്കുന്നത്. ഭാവിയിൽ ഇത്തരം അപാകതകൾ വരാതെ നോക്കേണ്ടതു ഭരണസമിതിയുടെ കൂടെ ഉത്തരവാദിത്തമായി കണ്ട് പ്രവർത്തിക്കേണ്ടതാണ്.

## 1-12-2 വ്യക്തികളിൽ നിന്നും പിഴ ഈടാക്കുന്നില്ല

കല്ലറ ഗ്രാമപഞ്ചായത്തിലെ ലേല/ക്വട്ടേഷൻ വ്യവസ്ഥകൾ നമ്പർA7/1117/2019 തീയതി 25/01/2019 ക്രമ നമ്പർ 7 പ്രകാരം ലേലം സ്ഥിരപ്പെടുത്തി ഏഴുദിവസത്തിനകം 200 രൂപയ്ക്കുള്ള മുദ്രപത്രത്തിൽ കരാർ വയ്ക്കേണ്ടതും ബാക്കി ലേല

തുകയും GST-യും ചേർന്ന തുക രണ്ടു തുല്യ തവണകളായി 2019 ജൂലൈ 31, 2019 നവംബർ 30 എന്നീ തീയതികൾക്ക് മുമ്പായി പഞ്ചായത്തിൽ ഒടുക്കി രസീത് വാങ്ങേണ്ടതാണ്. കുത്തകക്കാരൻ തവണ വീഴ്ച വരുത്തിയാൽ 18% പലിശ ഈടാക്കുന്നതും എന്നാൽ നിശ്ചിത തവണ തീയതി മുതൽ 15 ദിവസത്തിനകം പലിശ സഹിതം തുക ഒടുക്കിതീർക്കാത്ത പക്ഷം കുത്തവകാശം യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്ത് ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതാണ് എന്നിരിക്കെ താഴെ പറയുന്ന ലേലം കൊണ്ട വ്യക്തികളിൽ നിന്നും ഇപ്രകാരം പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലേല/ക്വട്ടേഷൻ ഇനം- ലേലം കൊണ്ട വ്യക്തി | ലേല/ക്വട്ടേഷൻ വിവരങ്ങൾ, തുക | തുക ഒടുക്കിയ വിവരങ്ങൾ | അപാകത |
|---|---|---|---|---|
| 1 | കല്ലറ മാർക്കറ്റിലെ 12-ാം നമ്പർ സ്റ്റാളിൽ മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം | 05/02/2019, ക്വട്ടേഷൻ ഷാനവാസ്, ഷാനവാസ് മൻസിൽ 176760+GST | 3-ാം ഗഡു, 58900+GST, 119020104670 Dtd 11/12/2019 | പിഴ ഈടാക്കിയിട്ടില്ല. |
| 2 | കല്ലറ മാർക്കറ്റിലെ 13-ാം നമ്പർ സ്റ്റാളിൽ ആട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം | 05/02/2019, ക്വട്ടേഷൻ ഷാനവാസ്, ഷാനവാസ് മൻസിൽ 36502+GST | 3-ാം ഗഡു, 12168 +GST, 119020104671 Dtd 11/12/2019 | പിഴ ഈടാക്കിയിട്ടില്ല. |

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (12/07.12.2021) പിഴ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി നൽകി.

മേൽ വ്യക്തികളിൽ നിന്നും പലിശ സഹിതം തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത തുക നിർവഹണോദ്യോഗസ്ഥനായ സെക്രട്ടറിയുടെ ബാദ്ധ്യതയായി മാറുന്നതായിരിക്കും.

പഞ്ചായത്ത്‌രാജ് ആക്റ്റിന്റെയും ലേല വ്യവസ്ഥകളുടെയും വ്യക്തമായ ലംഘനമാണ് മേൽ സൂചിപ്പിച്ചിരിക്കുന്നത്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12-3 ലേലം സ്ഥിരപ്പെടുത്തിയ വ്യക്തികൾ കരാറിൽ ഏർപ്പെടുന്നില്ല

കല്ലറ ഗ്രാമപഞ്ചായത്തിലെ ലേല/ക്വട്ടേഷൻ വ്യവസ്ഥകൾ നമ്പർA7/1117/2019 തീയതി 25/01/2019 ക്രമ നമ്പർ 7 പ്രകാരം ലേലം സ്ഥിരപ്പെടുത്തി ഏഴുദിവസത്തിനകം 200 രൂപയുടെ മുദ്രപത്രത്തിൽ കരാർ വയ്ക്കേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന വ്യക്തി അപ്രകാരം കരാറിൽ ഏർപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലേലം/ക്വട്ടേഷൻ ഇനം | ലേലംയക്വട്ടേ ഷൻ കൊണ്ട വ്യക്തി | ലേലംയക്വട്ടേഷൻ തുക | തുക ഒടുക്കിയ വിവരങ്ങൾ |
|---|---|---|---|---|
| 1 | മരുതുംമൂട് മാർക്കറ്റിലെ മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം | 31/05/2019,ലേലം താഹിർ, പുല്ലുവിള വീട് | 15000+ GST | 5000+ GST, 119020101229 Dtd 31/05/2019<br>10000+ GST, 119020103053 Dtd 11/10/2019 |

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (12/07.12.2021) കരാറിൽ ഏർപ്പെട്ടിട്ടില്ല എന്ന മറുപടി നൽകി.

1994 ലെ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങൾ 3 (1) അനുസരിച്ച് പഞ്ചായത്തിനു വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനു ആവശ്യമെന്നു തോന്നുന്ന എല്ലാ കരാറുകളിലും ഏർപ്പെടുകയും നിറവേറ്റുകയും ചെയ്യാവുന്നതാണെന്നിരിക്കെ പഞ്ചായത്ത് അത്തരത്തിൽ പ്രവർത്തിച്ചിട്ടില്ല.

ലേലം സംബന്ധിച്ച് ഗുരുതരമായ വീഴ്ചയാണ് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായിരിക്കുന്നത്. ഭാവിയിൽ ഇത്തരം അപാകതകൾ വരാതെ നോക്കേണ്ടതു ഭരണസമിതിയുടെ കൂടെ ഉത്തരവാദിത്തമായി കണ്ട് പ്രവർത്തിക്കേണ്ടതാണ്.

## 1-12-4 ലേല രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല

സാമ്പത്തിക വർഷത്തെ ലേല രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷികധനകാര്യ പത്രികയിലെ ലേല ഇനത്തിൽ ലഭ്യമായ തുകയുടെ ആധികാരികത പരിശോധിക്കാനായില്ല.

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (12/07.12.2021) രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന മറുപടി നൽകി. രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഉടനെ ലഭ്യമാക്കേണ്ടതാണ്.

അപാകത വരും വർഷങ്ങളിൽ ഉണ്ടാകാതെ ചുമതലപ്പെട്ട ഉദ്യോഗസ്ഥരും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

## 1-13 ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2019-2020 വർഷത്തെ വിവിധ ലൈസൻസുകൾ ഈടാക്കിയതു സംബന്ധിച്ച ഫയലുകൾ, രജിസ്റ്ററുകൾ, റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

## 1-13-1 ലൈസൻസ് രജിസ്റ്ററുകൾ സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല

2019-2020 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന എണ്ണം സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിരിക്കുന്നു/ പുതുതായി എടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ഇനം | രജിസ്റ്റർ പ്രകാരമുള്ള എണ്ണം |
|---|---|---|
| 1 | വ്യവസായ സ്ഥാപനങ്ങൾ | 321 |
| 2 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ | 14 |
| 3 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ | 7 |
| 4 | ലൈവ് സ്റ്റോക്ക് ഫാമുകൾ | 6 |
| ആകെ | | 348 |

എന്നാൽ സഞ്ചയ പ്രകാരം താഴെപ്പറയുന്ന പ്രകാരമുള്ള എണ്ണം സ്ഥാപനങ്ങൾ പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്നു.

| ക്രമ നമ്പർ | ഇനം | സഞ്ചയ പ്രകാരമുള്ള റിക്കോർഡ്സിന്റെ എണ്ണം |
|---|---|---|
| 1 | ഇതര വ്യവസായങ്ങൾക്കാവിശ്യമുള്ളവ | 13 റിക്കോർഡ്സ് |
| 2 | ഓഫീസ് ആവിശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 10 റിക്കോർഡ്സ് |
| 3 | വാണിജ്യാവിശ്യത്തിനുള്ള 200 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 79 റിക്കോർഡ്സ് |
| 4 | വാണിജ്യാവിശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ | 131 റിക്കോർഡ്സ് |
| 5 | വാണിജ്യാവിശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണ്ണം | 2068 റിക്കോർഡ്സ് |

| | | |
|---|---|---|
| | ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ | |
| 6 | വാണിജ്യാവിശ്യത്തിനുള്ള ബങ്കുകൾ, പെട്ടികടകൾ, കംപ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷനുകൾ | 9 റിക്കോർഡ്സ് |
| 7 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണമണ്ഡപങ്ങൾ, ലോഡ്ജ്, സിനിമാ തീയറ്റർ | 40 റിക്കോർഡ്സ് |
| ആകെ | | 2350 |

പ്രസ്തുത വ്യത്യാസത്തിനു കാരണം ചോദിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (13/07.12.2021) മറുപടിയായി വരും വർഷങ്ങളിൽ കൂടുതൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി നൽകി.

പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. സാമ്പത്തിക വർഷം ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങളും പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും പിഴയടക്കം ലൈസൻസ് ഫീസ് ഈടാക്കി റിപ്പോർട്ട് ഓഡിറ്റിനു ഉടനെ സമർപ്പിക്കേണ്ടതാണ്.

ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങൾക്കെതിരെ നടപടികൾ കൃത്യസമയത്തു സ്വീകരിച്ച് തനതു വരുമാന ചോർച്ച ഒഴിവാക്കേണ്ടതാണ്. അപാകത വരും വർഷങ്ങളിൽ ഉണ്ടാകാതെ ചുമതലപ്പെട്ട ഉദ്യോഗസ്ഥരും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

## 1-13-2 കശാപ്പുശാലകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1. 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും , കടയുടെ ലൈസൻസി, തന്റെ പേര്, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. എന്നാൽ ലഭ്യമാക്കിയ രജിസ്റ്ററുകൾ, അപേക്ഷകൾ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ2/2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009, സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പ്രകാരം ലൈസൻസ് നൽകിയിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (19/08.12.2021) മറുപടി ലഭ്യമാക്കിയില്ല.

സ്ഥാപനങ്ങൾ കൃത്യമായി ലൈസൻസ് പുതുക്കുന്നുണ്ടെന്നു സെക്രട്ടറിയും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും പരിശോധിച്ച് അല്ലാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. സാമ്പത്തിക വർഷത്തെ ലേലം, ലൈസൻസ് എന്നിവ സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ആട്ടിറച്ചി, മാട്ടിറച്ചി വ്യാപാരത്തിനായി ലേലം കൊണ്ട വ്യക്തികൾ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ലൈസൻസ് ഇല്ലാതെ വ്യാപാരം ചെയ്തതായി കാണുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലേലം/ക്വട്ടേഷൻ ഇനം | ലേല/ക്വട്ടേഷൻ തീയതി,ലേലം കൊണ്ട വ്യക്തി |
|---|---|---|

| | | |
|---|---|---|
| 1 | കല്ലറ മാർക്കറ്റിലെ 11-ാം നമ്പർ സ്റ്റാളിൽ മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം | 05/02/2019<br>ക്വട്ടേഷൻ,<br>നൗഷാദ്, ഷാമില മൻസിൽ |
| 2 | കല്ലറ മാർക്കറ്റിലെ 12-ാം നമ്പർ സ്റ്റാളിൽ മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം | 05/02/2019, ക്വട്ടേഷൻ ഷാനവാസ്, ഷാനവാസ് മൻസിൽ |
| 3 | കല്ലറ മാർക്കറ്റിലെ 13-ാം നമ്പർ സ്റ്റാളിൽ ആട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം | 05/02/2019, ക്വട്ടേഷൻ ഷാനവാസ്, ഷാനവാസ് മൻസിൽ |
| 4 | മരുതുംമൂട് മാർക്കറ്റിലെ മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം | 31/05/2019,ലേലം<br>താഹിർ, പു ല്ലവിള വീട് |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (19/08.12.2021) പ്രസ്തുത വ്യക്തികൾക്ക് ലൈസൻസ് നൽകിയിട്ടില്ലായെന്ന മറുപടി നൽകി.

പ്രസ്തുത വ്യക്തികളിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ഫീസ് പിഴയടക്കം ഈടാക്കി റിപ്പോർട്ട് ഉടനെ ഓഡിറ്റിനു സമർപ്പിക്കേണ്ടതാണ്.

ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള ഫീസ് ഈടാക്കുന്നതിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥരും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

## 1-13-3 റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

കേരളാ സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22-01-2019-ലെ (സി.എസ്).എ-9-764/19 ഉത്തരവ് പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ ലൈസൻസ് ഫീസും, തൊഴിൽ നികുതിയും അടയ്ക്കണമെന്ന് നിഷ്കർഷിക്കുന്നതിനാലും, കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ പഞ്ചായത്തിലെ സ്ഥലം ഏതൊരു ആവശ്യത്തിനും ഉപയോഗിക്കാൻ പാടില്ലായെന്നതിനാലും റേഷൻ കടകളിൽ നിന്നും ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ എത്ര റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ടെന്ന ചോദിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി (07/07.12.2021) മറുപടിയായി താഴെ പട്ടികയിൽ ചേർത്തിരിക്കുന്ന വിധം റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവയിൽ നിന്നും സാമ്പത്തിക വർഷം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ലെന്നും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിനു നടപടികളൊന്നും സ്വീകരിച്ചിട്ടില്ലായെന്നും മറുപടി നൽകി.

| ക്രമ നമ്പർ | റേഷൻകട ഉടമയുടെ പേര് |
|---|---|
| 1 | ശ്രീ. സുദീന്ദ്രൻ |
| 2 | ശ്രീമതി. ബി സി അനിത |
| 3 | ശ്രീ. സാംബശിവൻ |
| 4 | ശ്രീമതി. എം. നളിനി |

| | |
|---|---|
| 5 | ശ്രീമതി. രാജലക്ഷ്മി |
| 6 | ശ്രീമതി. പി ജി രജിത |
| 7 | ശ്രീ. ഫാറൂക്ക് |
| 8 | ശ്രീ. വേണുഗോപാലൻ നായർ |
| 9 | ശ്രീ. ലാംജ്ജ |
| 10 | ശ്രീ. മോഹനൻ എൻ |
| 11 | ശ്രീമതി. സലീന കെ ആർ |
| 12 | ശ്രീമതി. ജിനി |
| 13 | ശ്രീമതി. എസ് ഗിരിജ |
| 14 | ശ്രീ. അബ്ദുൾ റഹീം |
| 15 | ശ്രീ. കെ. ജോയ് |
| 16 | ശ്രീമതി. എൻ എസ് ശ്രീലത |
| 17 | ശ്രീ. മാഹിൻ കണ്ണ് എ |

മേൽ ഉത്തരവ് പ്രകാരം റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഡിമാൻഡ് നോട്ടീസ് നൽകി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൻറെ തനത് വരുമാനം കൂട്ടുവാൻ വേണ്ടി ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ആവശ്യം വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 പെർമിറ്റ് ഫയൽ സൂക്ഷിക്കുന്നതിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 2/12/15ൽ പുറപ്പെടുവിച്ച സർക്കുലർ നം.12900/ആർ/2015/ത.സ്വ.ഭ.വ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമിററ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ ഉടങ്ങിയ എല്ലാ കാര്യങ്ങളും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.എന്നാൽ കെട്ടിട നിർമ്മാണ പെർമിറ്റ്, നമ്പറിംഗ് എന്നിവ വ്യത്യസ്ത ഫയലുകളായിട്ടാണ് കൈകാര്യം ചെയ്തിട്ടുള്ളത്.

സർക്കാർ ഉത്തരവുകളിലൂടെ നിഷ്കർഷിക്കുന്ന വിധം ഫയലുകൽ കൈകാര്യം ചെയ്യുന്നുണ്ടെന്ന സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്. അപാകത പരിഹരിക്കുന്നതിൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-15 വസ്തുനികുതി ഈടാക്കിയതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2019-2020 വർഷത്തെ വസ്തുനികുതി ഈടാക്കിയതു സംബന്ധിച്ച ഫയലുകൾ, രജിസ്റ്ററുകൾ, റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-15-1 നികുതി ഇളവുകൾ സംബന്ധിച്ച സാക്ഷ്യപത്രങ്ങൾ സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ 2019-2020 വർഷത്തെ വസ്തു നികുതി സംബന്ധിച്ച റിപ്പോർട്ടുകൾ സഞ്ചയയിൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ്

ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഇപ്രകാരം 2019-2020 സാമ്പത്തിക വർഷം സമർപ്പിച്ച സാക്ഷ്യപത്രം പരിശോധനയ്ക്ക് ചോദിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (20/08.12.2021) ഇപ്രകാരം ചെയ്യാറുണ്ടെന്ന മറുപടി നൽകിയെങ്കിലും സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല.

2. സ.ഉ(പി) നം.88/2011 തീയതി 13/03/2013 – 2013ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജ്) ഭേദഗതി ചട്ടങ്ങൾ, ചട്ടം 3 പ്രകാരം നികുതിയിൽ നിന്ന ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ വിവരം കാണിക്കുന്ന പ്രത്യേക രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്.

ഇപ്രകാരമുള്ള രജിസ്റ്റർ ചോദിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (20/08.12.2021) വിമുക്തഭടന്മാരുടെ വാസഗൃഹങ്ങളുടെ നികുതിയിളവു സംബന്ധിച്ച രജിസ്റ്റർ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്.

3. 2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7(4) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പ് ചോദിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (20/08.12.2021) ഗ്രാമപഞ്ചായത്തു വസ്തു നികുതി സൗകര്യാർത്ഥം മൂന്ന മേഖലകളായി തിരിച്ചിട്ടുണ്ടെന്ന മാത്രമാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ മാപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

4. സ. ഉ (എം.എസ്)നം. 106/17/ത.സ്വ.ഭ.വ തീയതി 26/05/2017 വിമുക്ത ഭടന്മാരുടെയും അവരുടെ ഭാര്യമാരുടെയും/ വിധവകളുടെയും അവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന 2000 ച. അടി വിസ്തീർണ്ണമുള്ള വീടുകളെ കരം ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

ലഭ്യമാക്കിയ വിമുക്തഭടന്മാരുടെയും അവരുടെ ഭാര്യമാരുടെയും/ വിധവകളുടെയും വാർഡ് തിരിച്ചുള്ള രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 215 പേരുടെ വിവരങ്ങൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ, എന്നാൽ സഞ്ചയ പരിശോധിച്ചതിൽ താഴെപ്പറയും വിധം ഇളവുകൾ കെട്ടിടങ്ങൾ നൽകിയിരിക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | വിമുക്തഭടന്മാരുടെ ഉടമസ്ഥയിലുള്ള വാസഗൃഹം | 194 |
| 2 | വിമുക്തഭടന്മാരുടെ ഭാര്യമാരുടെ ഉടമസ്ഥയിലുള്ള വാസഗൃഹം | 11 |
| 3 | വിമുക്തഭടന്മാരുടെ വിധവമാരുടെ ഉടമസ്ഥയിലുള്ള വാസഗൃഹം | 14 |
| ആകെ | | 219 |

ലഭ്യമാക്കിയ രജിസ്റ്റർ കാലികമല്ല.

വസ്തു നികുതി ഇളവു നൽകുമ്പോൾ ഇതു സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ സെക്രട്ടറിയും ചുമതലപ്പെട്ട ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-15-2 മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതിയിനത്തിൽ വലിയ തുക ഈടാക്കാതെ നിലനിൽക്കുന്നു

കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 2011പ്രകാരവും സ.ഉ(അ) നം 19/2011/തസ്വഭവ തീയതി 14.01.2011 പ്രകാരമുള്ള പട്ടിക 1അനുസരിച്ച് മൊബൈൽ ടവറുകളിൽ നിന്ന് ഒരു ചതുരശ്ര മീറ്ററിനു 500/-രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നാളിതു വരെ മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതിയിനത്തിൽ വലിയ തുക ഈടാക്കാതെ നിലനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ വിലാസം | കുടിശ്ശിക കാലയളവ് | തുക (രൂപയിൽ) |
|---|---|---|---|---|
| 1 | 1/7 | SUB DIVISIONAL ENGINEER, B.S.N.L | 2013 I - 2021 II | 51975.00 |
| 2 | 7/2/B | Manage,Globel Telecom Infrastructure | 2020 I-2021 II | 7040.00 |
| 3 | 7/26/A | ManAger,Vodafone Essar Cellular Ltd | 2019 I- 2021 II | 14175.00 |
| 4 | 12/351/B | SUB DIVISIONAL ENGINEER,B.S.N.L | 2013 I-2021 II | 36387.00 |
| ആകെ | | | | 109577.00 |

പ്രസ്തുത മൊബൈൽ ടവറുകളിൽ നിന്നും തുക ഈടാക്കാത്തതിന്റെ കാരണം ചോദിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (23/08.12.2021) മറുപടി ലഭ്യമായില്ല.

പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകൾ പ്രകാരം മൊബൈൽ ടവറുകളിൽ നിന്നും തുക ഈടാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

മേൽ സ്ഥാപനങ്ങളിൽ നിന്നും നികുതിയും കുടിശ്ശികയും ഉടനടി ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത തുകകൾ ഈടാക്കി റിപ്പോർട്ട് സെക്രട്ടറി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15-3 സത്യവാങ്മൂലം സമർപ്പിക്കാത്ത കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിരിക്കുന്നു

സഞ്ചയ പരിശോധിച്ചതിൽ സത്യവാങ്മൂലം സമർപ്പിക്കാത്ത 82 കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിരിക്കുന്നു. ഉദാഹരണങ്ങൾ പട്ടികയിൽ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ വിവരങ്ങൾ | പ്ലിന്ത് ഏര്യ |
|---|---|---|---|
| 1 | 4/ 403/ B | സുരേഷ് ചന്ദ്രൻ | 53.81 |
| 2 | 14/ 521/ A | ഉമൈബാ ബീവി | 58 |
| 3 | 14/ 437/ A | മണിക്കുട്ടൻ നായർ | 30 |
| 4 | 3/ 130/ A | കുമാർ | 56.95 |
| 5 | 13/ 251/ A | മധു | 50 |
| 6 | 14/ 457/ A | അജിതകുമാരി | 40 |
| 7 | 11/ 141/ A | ബീന.ഒ | 45 |
| 8 | 13/ 399/ B | നസീമാ ബീവി | 35.38 |

| | | | |
|---|---|---|---|
| 9 | 1/ 97/ A | ഇന്ദിര. കെ | 37.31 |
| 10 | 9/ 333/ A | ലേഖാ കുമാരി | 40 |
| 11 | 13/ 82/ A | ഗിരിജ | 37.31 |
| 12 | 8/ 26/ A | സുശീലാമ്മ | 37.61 |
| 13 | 9/ 449/ D | ശാരദ അമ്മ. കെ | 40 |
| 14 | 9/ 448/ A | ബീന | 37.5 |
| 15 | 1/ 67/ A | മിനിമോൾ | 37.31 |
| 16 | 2/ 407/ A | നബീസാബീവി | 37.31 |
| 17 | 1/ 131/ B | ഷംലാബീവി | 37.31 |
| 18 | 15/ 549/ A | വിമല .ആർ | 37.31 |
| 19 | 9/ 190/ A | ആനി.കെ.എസ് | 40 |
| 20 | 14/ 272/ A | റഫീക്കാ ബീവി | 37.31 |

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (23/08.12.2021) മറുപടി ലഭ്യമായില്ല.

സഞ്ചയയിലെ അപാകത സംഭവിച്ച എല്ലാ എൻട്രികളും കണ്ടെത്തി അപാകത പരിഹരിക്കേണ്ടതാണ്. അപാകത പരിഹരിച്ച വിവരങ്ങൾ വിശദമായ റിപ്പോർട്ടോടുകൂടി ഉടനെ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-15-4 കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയിട്ടുണ്ടെങ്കിലും ഡിമാന്റിൽ നിന്നും കുറവു വരുത്തിയിട്ടില്ല

സഞ്ചയ പരിശോധിച്ചതിൽ നികുതി ഒഴിവാക്കിയിട്ടുണ്ടെങ്കിലും ഡിമാന്റിൽ നിന്നും കുറവു വരുത്താത്ത കെട്ടിടങ്ങൾ നിലനിൽക്കുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | നികുതി ഒഴിവാക്കിയ കാലയളവ് |
|---|---|---|---|
| 1 | 3/ 415 | ശ്രീകല എസ്. | 2013 I- 2019 II |
| 2 | 4/ 19 | വത്സല | 2013 I- 2018 I |
| 3 | 4/ 22 | ബീന | 2015 I- 2018 I |
| 4 | 4/ 27 | മുഹമ്മദ് ബഷീർ | 2015 I- 2018 I |
| 5 | 4/ 32 | സതികുമാർ | 2015 I- 2019 II |
| 6 | 4/ 39 | ഗോപാലകൃഷ്ണ പിള്ള | 2015 I- 2019 II |
| 7 | 6/ 342 | ശ്യാമള | 2013 I -2019 II |
| 8 | 11/ 141/ A | ബീന.ഒ | 2012 I -2021 II |
| 9 | 13/ 205 | ജയചന്ദ്രൻ | 2013 I- 2019 II |
| 10 | 13/ 498/ C | രാധാമണി.എം.ജി | 2018 II-2021 II |
| 11 | 15/ 778/ A | മിനി.എസ് | 2012 I- 2021 II |

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (23/08.12.2021) മറുപടി ലഭ്യമായില്ല.

സഞ്ചയയിലെ അപാകത സംഭവിച്ച എല്ലാ എൻട്രികളും കണ്ടെത്തി അപാകത പരിഹരിക്കേണ്ടതാണ്.

അപാകത പരിഹരിച്ച വിവരങ്ങൾ വിശദമായ റിപ്പോർട്ടോടുകൂടി ഉടനെ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

## 1-15-5 ഡിമാന്റ് ഇല്ലാതെ കളക്ഷൻ രേഖപ്പെടുത്തിയിരിക്കുന്നു

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ഡിമാന്റ് ഇല്ലാതെ കളക്ഷൻ രേഖപ്പെടുത്തിയിരിക്കുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | കളക്ഷൻ വർഷം |
|---|---|---|---|
| 1 | 6/ 23/ M | കൃഷ്ണൻകുട്ടി ആശാരി | 2015 First Half |
| 2 | 11/ 273/ A | റീന.എസ് | 2014 First Half |
| 3 | 11/ 291/ B | ശ്രീദേവി | 2014 First Half |

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (23/08.12.2021) മറുപടി ലഭ്യമായില്ല.

സഞ്ചയയിലെ അപാകത സംഭവിച്ച എല്ലാ എൻട്രികളും കണ്ടെത്തി അപാകത പരിഹരിക്കേണ്ടതാണ്.

അപാകത പരിഹരിച്ച വിവരങ്ങൾ വിശദമായ റിപ്പോർട്ടോടുകൂടി ഉടനെ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

## 1-15-6 കളക്ഷൻ തുകയും റസീപ്റ്റ് തുകയും തമ്മിൽ സഞ്ചയയിൽ പൊരുത്തപ്പെടുന്നില്ല

സഞ്ചയയിൽ കളക്ഷൻ തുകയും റസീപ്റ്റ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | കളക്ഷൻ വർഷം | റസീപ്റ്റ് വിവരങ്ങൾ | റസീപ്റ്റ് തുക | കളക്ഷൻ തുക |
|---|---|---|---|---|---|---|
| 1 | 1/ 346 | സഫീന ബീവി | 2019 | 38720/34 Dtd 21/12/2019 | 205..00 | 410.00 |
| 2 | 6/ 253 | അബ്ദുൽ സലാം | 2018 | 17383/ 65 Dtd 25/01/2019 | 206.00 | 412.00 |
| 3 | 11/ 224 | സുരേഷ് കുമാർ | 2019 | 38721-A/73 Dtd 28/01/2020 | 137.00 | 274.00 |

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (23/08.12.2021) മറുപടി ലഭ്യമായില്ല.

സഞ്ചയയിലെ അപാകത സംഭവിച്ച എല്ലാ എൻട്രികളും കണ്ടെത്തി അപാകത പരിഹരിക്കേണ്ടതാണ്.

അപാകത പരിഹരിച്ച വിവരങ്ങൾ വിശദമായ റിപ്പോർട്ടോടുകൂടി ഉടനെ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

## 1-15-7 മുൻകാല പ്രാബല്യത്തോടെ ഇളവുകൾ അനുവദിച്ചിരിക്കുന്നു

സ. ഉ (എം.എസ്)നം. 106/17/ത.സ്വ.ഭ.വ തീയതി 26/05/2017 വിമുക്ത ഭടന്മാരുടെയും അവരുടെ ഭാര്യമാരുടെയും/ വിധവകളുടെയും അവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന 2000 ച. അടി വിസ്തീർണ്ണമുള്ള വീടുകളെ കരം ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

എന്നാൽ വാർഡ് 2,12,15 എന്നിവയുടെ സഞ്ചയ സോഫ്റ്റ് വെയർ അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഉത്തരവ് പ്രകാരമുള്ള നിബന്ധനകൾ പാലിക്കാതെ മുൻകാല പ്രാബല്യത്തോടെ ഇളവുകൾ അനുവദിച്ചിരിക്കുന്നു. ചില ഉദാഹരണങ്ങൾ മാത്രം ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | ഡോർ നമ്പർ | ഉടമയുടെ പേര് | ഇളവ് പ്രാബല്യത്തിൽ വന്ന വർഷം |
|---|---|---|---|---|
| 1 | 2 | 375 | വസന്തകുമാരി | 2013 - 2014 Ist Half |
| 2 | 2 | 442 | ഷൈലജ | 2016 - 2017 Ist Half |

| | | | | |
|---|---|---|---|---|
| 3 | 2 | 500 | സുധർമ്മണി | 2016 - 2017 IInd Half |
| 4 | 2 | 551 | ബേബി അമ്മ | 2013 - 2014 Ist Half |
| 5 | 2 | 597 | ഓമനയമ്മ | 2013 - 2014 Ist Half |
| 6 | 2 | 650 | സ്വയംപ്രഭ | 2013 - 2014 Ist Half |
| 7 | 2 | 731 | ശാന്ത | 2013 - 2014 Ist Half |
| 8 | 12 | 5 | കലാ സതീഷ് | 2013 - 2014 Ist Half |
| 9 | 12 | 56 | സുധാകരൻ | 2014 - 2015 Ist Half |
| 10 | 12 | 57 | രാജേന്ദ്രൻ | 2013 - 2014 Ist Half |
| 11 | 12 | 266 | മോഹനൻ | 2013 - 2014 Ist Half |
| 12 | 15 | 52 | വാസുദേവൻ നാടാർ | 2013 - 2014 Ist Half |
| 13 | 15 | 53 | നകുലൻ നാടാർ | 2013 - 2014 Ist Half |
| 14 | 15 | 218 | കൃഷ്ണനുണ്ണിത്താൻ | 2014 - 2015 Ist Half |
| 15 | 15 | 229 | രാജേന്ദ്രകുമാർ | 2013 - 2014 Ist Half |
| 16 | 15 | 237 | അപ്പുകുട്ടൻപിള്ള | 2013 - 2014 Ist Half |
| 17 | 15 | 389 | മിനിമോൾ | 2006 - 2007 Ist Half |
| 18 | 15 | 424 | പ്രിയദർശിനി | 2014 - 2015 Ist Half |
| 19 | 15 | 427 | ലളിതകുമാരി.എം. | 2013 - 2014 Ist Half |
| 20 | 15 | 582 | സുനിൽകുമാർ | 2013 - 2014 Ist Half |
| 21 | 15 | 672 | ബാബു | 2013 - 2014 Ist Half |
| 22 | 15 | 744 | ശ്രീകുമാർ | 2013 - 2014 Ist Half |
| 23 | 15 | 746 | രഞ്ജൻ നായർ | 2013 - 2014 Ist Half |

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (40/09.12.2021) മറുപടി ലഭ്യമായില്ല.

വസ്തു നികുതി ഈടാക്കാത്ത അർധ വർഷങ്ങളിലെ നികുതി പിഴയടക്കം ഈടാക്കി അപാകത ഉടനെ പരിഹരിച്ച റിപ്പോർട്ട് ഓഡിറ്റിനു സമർപ്പിക്കേണ്ടതാണ്.

അപാകത വരും വർഷങ്ങളിൽ ഉണ്ടാകാതെ സെക്രട്ടറിയും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-15-8 സർക്കാർ ഉത്തരവു പ്രകാരമുള്ള നിബന്ധനകൾ പാലിക്കാതെ ഇളവുകൾ

നൽകിയിരിക്കുന്നു

സ.ഉ(എം.എസ്) നം. 144/15/ ത.സ്വ.ഭ.വ തീയതി. 27/04/2015, സ.ഉ(എം.എസ്) നം. 358/15/ ത.സ്വ.ഭ.വ തീയതി. 16/12/2015എന്നിവ പ്രകാരം 60 ച.മീ (660 ച.അടി) വരെ വിസ്തീർണ്ണമുള്ള കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവിശ്യത്തിനുള്ള ഒരു വാസഗൃഹ കെട്ടിടത്തെ 2015-2016 വർഷം മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ വാർഡ് 2,12,15 എന്നിവയുടെ സഞ്ചയ സോഫ്റ്റ് വെയർ അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഉത്തരവ്വ പ്രകാരമുള്ള നിബന്ധനകൾ പാലിക്കാതെ ഇളവുകൾ നൽകിയിരിക്കുന്നു. ഇളവുകൾ സംബന്ധിച്ച വിവരങ്ങൾ അസ്സമെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്ര നമ്പർ | വാർഡ്/ഡോർ നമ്പർ | ഉടമയുടെ പേര് | വിസ്തീർണ്ണം | ഉപയോഗക്രമം-മേഖല | വസ്തു നികുതി | അപാകത |
|---|---|---|---|---|---|---|
| 1 | 2/225 | രാമയ്യൻ ആചാരി | 22 ച മീ | പാർപ്പിടാവശ്യം-പ്രഥമം | 0 | ഒരു ഉടമയുടെ ഒന്നിലധികം വാസഗൃഹങ്ങൾക്ക് നികുതി ഇളവ് |
| 2 | 2/226 | രാമയ്യൻ ആചാരി | 56 ച മീ | പാർപ്പിടാവശ്യം-പ്രഥമം | 0 | |
| 3 | 2/552 | ഓമന | 64 ച മീ | പാർപ്പിടാവശ്യം-പ്രഥമം | 0 | 60 ച.മീ കൂടുതലുള്ള കെട്ടിടത്തിനു നികുതി ഇളവ് |
| 4 | 2/578 | ഗോപിനാഥൻ | 80 ച മീ | പാർപ്പിടാവശ്യം-പ്രഥമം | 0 | 60 ച.മീ കൂടുതലുള്ള കെട്ടിടത്തിനു നികുതി ഇളവ് |
| 5 | 12/410 | ശാന്ത | 64 ച മീ | പാർപ്പിടാവശ്യം-ത്രിതീയം | 0 | 60 ച.മീ കൂടുതലുള്ള കെട്ടിടത്തിനു നികുതി ഇളവ് |
| 6 | 12/225 | വിജയകുമാർ | 64 ച മീ | പാർപ്പിടാവശ്യം-ദ്വിതീയം | 0 | 60 ച.മീ കൂടുതലുള്ള കെട്ടിടത്തിനു നികുതി ഇളവ് |
| 7 | 15\23 | സദാനന്ദൻ | 85 ച മീ | പാർപ്പിടാവശ്യം-ദ്വിതീയം | 0 | 60 ച.മീ കൂടുതലുള്ള കെട്ടിടത്തിനു നികുതി ഇളവ് |
| 8 | 15\73 | കമലാസനൻ | 93 ച മീ | പാർപ്പിടാവശ്യം-പ്രഥമം | 0 | 60 ച.മീ കൂടുതലുള്ള കെട്ടിടത്തിനു നികുതി ഇളവ് |

| | | | | | | |
|---|---|---|---|---|---|---|
| 9 | 15\360 | സരോജിനിയമ്മ | 72 ച മീ | പാർപ്പിടാവശ്യം-ദ്വിതീയം | 0 | 60 ച.മീ കൂടുതലുള്ള കെട്ടിടത്തിന നികുതി ഇളവ് |
| 10 | 15\363 | സോമശേഖരൻ നായർ | 126 ച മീ | പാർപ്പിടാവശ്യം-ദ്വിതീയം | ഒരു ഉടമയുടെ ഒന്നിലധികം വാസഗൃഹങ്ങൾക്ക് നികുതി ഇളവ് | |
| 11 | 15\364 | സോമശേഖരൻ നായർ | 24 ച മീ | പാർപ്പിടാവശ്യം-ദ്വിതീയം | | |
| 12 | 15\366 | കരുണാകരൻ ഉണ്ണിത്താൻ | 121 ച മീ | പാർപ്പിടാവശ്യം-ദ്വിതീയം | ഒരു ഉടമയുടെ ഒന്നിലധികം വാസഗൃഹങ്ങൾക്ക് നികുതി ഇളവ് | |
| 13 | 15\367 | കരുണാകരൻ ഉണ്ണിത്താൻ | 63 ച മീ | പാർപ്പിടാവശ്യം-ദ്വിതീയം | | |
| 14 | 15\369 | രാജേന്ദ്രൻ | 63 ച മീ | പാർപ്പിടാവശ്യം-ത്രിതീയം | 0 | 60 ച.മീ കൂടുതലുള്ള കെട്ടിടത്തിന നികുതി ഇളവ് |
| 15 | 15\396 | അനിൽകുമാർ | 72 ച മീ | പാർപ്പിടാവശ്യം-ദ്വിതീയം | 0 | 60 ച.മീ കൂടുതലുള്ള കെട്ടിടത്തിന നികുതി ഇളവ് |
| 16 | 15\480 | മധുസൂദനൻ ഉണ്ണിത്താൻ | 66 ച മീ | പാർപ്പിടാവശ്യം-ദ്വിതീയം | 0 | 60 ച.മീ കൂടുതലുള്ള കെട്ടിടത്തിന നികുതി ഇളവ് |
| 17 | 15\511 | അസീനാബീവി | 65 ച മീ | പാർപ്പിടാവശ്യം-ത്രിതീയം | 0 | 60 ച.മീ കൂടുതലുള്ള കെട്ടിടത്തിന നികുതി ഇളവ് |
| 18 | 15\541 | ശോഭ.എസ് | 90 ച മീ | പാർപ്പിടാവശ്യം-ത്രിതീയം | 0 | 60 ച.മീ കൂടുതലുള്ള കെട്ടിടത്തിന നികുതി ഇളവ് |
| 19 | 15\559 | എം.ജി.മീനാംബിക | 64 ച മീ | പാർപ്പിടാവശ്യം-ദ്വിതീയം | 0 | 60 ച.മീ കൂടുതലുള്ള കെട്ടിടത്തിന നികുതി ഇളവ് |
| 20 | 15\567 | തുളസീധരൻ | 63 ച മീ | പാർപ്പിടാവശ്യം-ത്രിതീയം | 0 | 60 ച.മീ കൂടുതലുള്ള കെട്ടിടത്തിന നികുതി ഇളവ് |
| 21 | 15\742 | സുനിൽകുമാർ | 64 ച മീ | പാർപ്പിടാവശ്യം-ത്രിതീയം | 0 | 60 ച.മീ കൂടുതലുള്ള കെട്ടിടത്തിന നികുതി ഇളവ് |
| 22 | 15\750 | ജ്യോതികുമാർ | 82 ച മീ | പാർപ്പിടാവശ്യം-ത്രിതീയം | 0 | 60 ച.മീ കൂടുതലുള്ള കെട്ടിടത്തിന നികുതി ഇളവ് |
| 23 | 15\786 | മണികണ്ഠൻ | 64 ച മീ | പാർപ്പിടാവശ്യം-ത്രിതീയം | 0 | 60 ച.മീ കൂടുതലുള്ള കെട്ടിടത്തിന നികുതി ഇളവ് |

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (40/09.12.2021) മറുപടി ലഭ്യമായില്ല.

കെട്ടിടങ്ങൾക്ക് മുൻകാല പ്രാബല്യത്തിൽ നികുതി ഇളവ് അനുവദിച്ചതും ഉടമസ്ഥന്റെ പേരിലുള്ള ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചതും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തെ പിഴവാണ്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15-9 ഗ്രാമപഞ്ചായത്തിലെ ഒരേ മേഖലയിൽപ്പെടുത്താവുന്ന സമീപ പ്രദേശത്തെ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല പ്രകാരം വസ്തു നികുതി ഈടാക്കുന്നു

വാർഡ് 2,12,15 എന്നിവയുടെ സഞ്ചയ സോഫ്റ്റ് വെയർ അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ സമീപ പ്രദേശത്തെ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല നൽകി സഞ്ചയ പ്രകാരം വസ്തു നികുതി ഈടാക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ/ ഡോർ നമ്പർ | മേഖല | റോഡ് ടൈപ്പ്/റോഡ് പേര് |
|---|---|---|---|
| 1 | 2/45 | പ്രഥമം | 5 മീറ്ററോ അതിൽ കൂടുതൽപഴയചന്തകല്ലറ പാങ്ങോട് |
| 2 | 2/45A | ദ്വിതീയം | |
| 3 | 2/ 317 | പ്രഥമം | 5 മീറ്ററോ അതിൽ കൂടുതൽ പഴയചന്തകല്ലറ പാങ്ങോട് |
| 4 | 2/ 317 A | ദ്വിതീയം | |
| 5 | 2/ 380 | പ്രഥമം | 1.5 മീറ്ററിൽ കൂടുതൽ- വളക്കുഴിപച്ച മുണ്ടോണിക്കര ഏല |
| 6 | 2/ 381 | ദ്വിതീയം | |
| 7 | 2/ 738 A | പ്രഥമം | 5 മീറ്ററോ അതിൽ കൂടുതൽ- ബിവറേജ് ജംഗ്ഷൻ സ്റ്റേഡിയം തണ്ണിയം റോഡ് |

| | | | |
|---|---|---|---|
| 8 | 2/ 738 B | ദ്വിതീയം | |
| 9 | 12/ 5 | ദ്വിതീയം | 5 മീറ്ററോ അതിൽ കൂടുതൽ- പഴയചന്ത മുതുവിള |
| 10 | 12/ 6 | പ്രഥമം | |
| 11 | 12/ 10 A | ദ്വിതീയം | 5 മീറ്ററോ അതിൽ കൂടുതൽ- പഴയചന്ത മുതുവിള |
| 12 | 12/ 11 | പ്രഥമം | |
| 13 | 12/ 14 | ദ്വിതീയം | 1.5 മീറ്ററിൽ കൂടുതൽ- മുതുവിള അംഗൻവാടി കൊച്ചുകരിക്കകം |
| 14 | 12/ 14 A | ത്രിതീയം | |
| 15 | 12/ 58 A | ദ്വിതീയം | 5 മീറ്ററോ അതിൽ കൂടുതൽ- അരുവിപ്പുറം മുതുവിള പരപ്പിൽ |
| 16 | 12/ 59 | പ്രഥമം | |
| 17 | 12/ 141 | ദ്വിതീയം | 5 മീറ്ററോ അതിൽ കൂടുതൽ- അരുവിപ്പുറം മുതുവിള പരപ്പിൽ |
| 18 | 12/ 142 | പ്രഥമം | |
| 19 | 12/ 163 | ദ്വിതീയം | 5 മീറ്ററോ അതിൽ കൂടുതൽ- പഴയചന്ത മുതുവിള |
| 20 | 12/ 164 | പ്രഥമം | |
| 21 | 15/ 57 | ത്രിതീയം | 5 മീറ്ററോ അതിൽ കൂടുതൽ- മാടൻകാവ് കോണത്ത് മുക്ക് |
| 22 | 15/ 58 | പ്രഥമം | |
| 23 | 15/ 295 | ദ്വിതീയം | 5 മീറ്ററോ അതിൽ കൂടുതൽ- പഴയചന്ത മുതുവിള |
| 24 | 15/ 296 | പ്രഥമം | |
| 25 | 15/ 357 | ദ്വിതീയം | 5 മീറ്ററോ അതിൽ കൂടുതൽ- പഴയചന്ത മുതുവിള |
| 26 | 15/ 358 | പ്രഥമം | |
| 27 | 15/ 438 | ദ്വിതീയം | 5 മീറ്ററോ അതിൽ കൂടുതൽ- പഴയചന്ത മുതുവിള |
| 28 | 15/ 439 | പ്രഥമം | |
| 29 | 15/ 469 | ദ്വിതീയം | 5 മീറ്ററോ അതിൽ കൂടുതൽ- പഴയചന്ത മുതുവിള |
| 30 | 15/ 470 | പ്രഥമം | |
| 31 | 15/ 492 | പ്രഥമം | 5 മീറ്ററോ അതിൽ കൂടുതൽ- പഴയചന്ത മുതുവിള |
| 32 | 15/ 493 | ദ്വിതീയം | |
| 33 | 15/ 615 A | ദ്വിതീയം | 5 മീറ്ററോ അതിൽ കൂടുതൽ- പഴയചന്ത മുതുവിള |
| 34 | 15/ 616 | പ്രഥമം | |
| 35 | 15/ 644 | ദ്വിതീയം | 5 മീറ്ററോ അതിൽ കൂടുതൽ- പഴയചന്ത മുതുവിള |
| 36 | 15/ 645 | പ്രഥമം | |

അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (40/09.12.2021) മറുപടി ലഭ്യമായില്ല.

സഞ്ചയയിലെ അപാകത സംഭവിച്ച എല്ലാ എൻട്രികളും കണ്ടെത്തി കൃത്യമായ വസ്തുനികുതി ഈടാക്കേണ്ടതാണ്.

അപാകത പരിഹരിച്ച വിവരങ്ങൾ വിശദമായ റിപ്പോർട്ടോടുകൂടി ഉടനെ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

## 1-16 പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതലകൾ നിറവേറ്റുന്നില്ല

സ.ഉ (പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.10, 2013ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1 എന്നിവ പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ്സാമ്പത്തികവർഷാരംഭത്തിൽ തന്നെ പ്രൊക്യൂർമെന്റ് കമ്മിറ്റി നടത്തേണ്ടതും ബാധകമായ നടപടിക്രമം അനുസരിച്ച് വാങ്ങേണ്ടതുമാണ്. എന്നാൽ സ്ഥാപനത്തിലെ പ്രസ്തുത കമ്മിറ്റിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ ഇത്തരത്തിലുള്ളൊരു കണക്കെടുപ്പൊന്നും നടത്തിയിട്ടുള്ളതായി കാണുന്നില്ല.

2019-20 വർഷത്തിൽ രണ്ടു പ്രാവശ്യം മാത്രം കൂടിയ കമ്മിറ്റി, ചുമതലകൾ നിർവ്വഹണോദ്യോഗസ്ഥരെ ഏല്പിക്കുകയും വിവിധ ടെണ്ടറുകൾ അംഗീകരിക്കുകയും മാത്രമാണ് ചെയ്തിട്ടുള്ളത്.

വാങ്ങൽ പദ്ധതിയുടെ തുക നിശ്ചയിക്കുക, അംഗീകാരവും ഫണ്ടുകളും ഉറപ്പാക്കുക, ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുക, വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരപരിശോധന എന്നിവയെല്ലാം പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ചുമതലകളിൽപ്പെടുന്നവയാണ്. പഞ്ചായത്തിന്റെ വികസനത്തിന് സഹായകരവും കർമ്മനിരതവുമായ ഒരു കമ്മിറ്റി രൂപീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 എ ബി സി പദ്ധതി നിർവ്വഹണം ഫലപ്രദമാകുന്നില്ല

നിർവ്വഹണോദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പ്രോജക്ട് നം - 81/19

അടങ്കൽ/ചെലവ് - 1,00,000/-രൂ (പ്ലാൻ ഫണ്ട്)

ബിൽ നം - 1/19-20

എ ബി സി പദ്ധതി നിർവ്വഹണത്തിനായി തൻവർഷം 1,00,000/- രൂ കുടുംബശ്രീക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ എന്ന അന്വേഷണത്തിന് മറുപടിയായി 50നായ്ക്കളുടെ സർജറി നടത്തിയതായുള്ള ഒരു സാക്ഷ്യപത്രത്തിന്റെ പകർപ്പാണ് ലഭ്യമാക്കിയിട്ടുള്ളത്.

27.08.16ലെ 45151/RC3/2014/LSGD നമ്പർ സർക്കുലറിലെ ഖ. നം. 5 പ്രകാരം എ ബി സി പ്രോഗ്രാമിൽ സ്റ്റെറിലൈസേഷൻ, ആന്റി റാബീസ് വാക്സിൻ, RFD കോളർ സ്ഥാപിക്കൽ, Deworming, നായക്ക് 5 ദിവസത്തേക്ക് ഭക്ഷണം നൽകൽ, തെരുവിൽ തിരിച്ച് കൊണ്ടുവിടാൻ സുരക്ഷിതമാണെന്ന് സാക്ഷ്യപ്പെടുത്തൽ എന്നിവയെല്ലാം ഉൾക്കൊള്ളുന്നു. എന്നാൽ പ്രസ്തുത രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

സ.ഉ(സാധാ) നം.3247/2016/ത.സ്വ.ഭ,വ തീ:30.11.16 പ്രകാരം പരിശീലനം സിദ്ധിച്ച കുടുംബശ്രീ ABC മൈക്രോ യൂണിറ്റുകളെയാണ് ഇതിനായി നിയോഗിക്കേണ്ടത്. നായകളെ പിടിക്കുന്നതിനായി വേണ്ടത്ര പരിശീലനം ലഭിച്ചവരെയും പേവിഷബാധക്കെതിരെ കുത്തിവെയ്പ്പ് എടുത്തവരെയുമാണ് നിയോഗിക്കുന്നത് എന്ന് ഉറപ്പാക്കേണ്ടതാണ്.

എന്നാൽ ഈ മാർഗ്ഗനിർദ്ദേശങ്ങളൊന്നും പദ്ധതി നിർവ്വഹണത്തിൽ പാലിച്ചിട്ടുള്ളതായി കാണുന്നില്ല. സ്ഥാപനത്തിന്റെ 20-21ലെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരവും തെരുവുനായ ശല്യം രൂക്ഷമായി തുടരുകയാണ്. പ്രസ്തുത പദ്ധതിയുടെ മോണിറ്ററിംഗ് കൃത്യമായി നടത്തി തെരുവ് നായ്ക്കളുടെ ജനന നിയന്ത്രണം നടന്നിട്ടുണ്ടോ എന്ന് വിലയിരുത്തിയിട്ടില്ല. കൂടാതെ തനതുഫണ്ട് ചെലവുകൾ പരിശോധിച്ചതിൽ തെരുവുനായകളുടെ ആക്രമണം നേരിട്ട നിരവധി ആളുകൾക്ക് പേവിഷബാധക്കെതിരെ ചികിത്സക്കായുള്ള തുകകളും സ്ഥാപനത്തിൽ നിന്നും നൽകിക്കാണുന്നു.

ഈ സാഹചര്യത്തിൽ, എല്ലാ വർഷങ്ങളിലും തുടർച്ചയായി നടപ്പിലാക്കി വരുന്ന ഈ പദ്ധതി തീരെ ഫലപ്രദമാകുന്നില്ല എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. മോണിറ്ററിംഗ് സമിതികളും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു. വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, മറ്റു രേഖകൾ

എന്നിവ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-18 പദ്ധതി രൂപീകരണം - അപാകതകൾ

സ.ഉ.(കൈ) നം.11/2018/ത.സ്വ.ഭ.വ തീയതി 29.01.18 ഖണ്ഡിക 3.1.1(ബി) പ്രകാരം പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുക, സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളെയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിക്ക് റിപ്പോർട്ട് നൽകുക തുടങ്ങി നിരവധി ചുമതലകൾ ആസൂത്രണസമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. ആസൂത്രണസമിതിയുടെ മിനുട്സ് പരിശോധിച്ചതിൽ വ്യക്തമായ രേഖപ്പെടുത്തലുകൾ ഒന്നും തന്നെയില്ല. ആകയാൽ സമിതി അതിന്റെ കടമകൾ നിർവ്വഹിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കാനായിട്ടില്ല.

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.01.18 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്ന് നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്കുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചതിൽ രണ്ടു ദിവസം മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നതായി കാണുന്നത്. പ്രസ്തുത മീറ്റിംഗുകളിൽ പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയിട്ടുള്ളത്. ഖണ്ഡിക 3.1.2(ബി) 6 പ്രകാരം വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭപ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)7 പ്രകാരം ഒരു സാമ്പത്തികവർഷം അവസാനിച്ചാൽ മുൻവാർഷികപദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവു കണക്കുകൾ ഫോറം 4ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തരത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിച്ചതായി രേഖയില്ല. ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഈ നടപടിക്രമവും പാലിക്കപ്പെട്ടിട്ടില്ല.

സ.ഉ(കൈ) നം.11/2018/ത.സ്വ.ഭ.വ തീ.തി 29.01.2018 ഖണ്ഡിക 3.2.1(1) പ്രാദേശിക ആസൂത്രണത്തിന്റെ ജീവനാഡി ജനപങ്കാളിത്തമാണ്. മിനിട്സ് പരിശോധിച്ചതിൽ പ്രോജക്ടുകളുടെ മുൻഗണന ജനപങ്കാളിത്തത്തോടെ നിർണ്ണയിച്ചതായി കാണുന്നില്ല.

പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിന് മുന്നോടിയായി മേഖലാവിഭജന നിബന്ധനകളുടെ അടിസ്ഥാനത്തിൽ ഓരോ മേഖലയിലും വകയിരുത്തേണ്ട തുക, അനിവാര്യമായ ഇനങ്ങൾക്കും വിഭാഗങ്ങൾക്കും വകയിരുത്തേണ്ട തുക എന്നിവ സംബന്ധിച്ച ശുപാർശ ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും നൽകേണ്ടതും അവ പരിശോധിച്ച് മേഖല, ഉപമേഖലാ വിഹിതങ്ങൾ സംബന്ധിച്ച അന്തിമ തീരുമാനം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റ ശുപാർശയിന്മേൽ ഭരണസമിതി കൈക്കൊള്ളേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്സ് പരിശോധിച്ചതിൽ പ്രോജക്ടുകളെ സംബന്ധിച്ച ശുപാർശകൾ നല്കിയിട്ടുണ്ടെങ്കിലും മേഖലാ വിഭജനം, അനിവാര്യവകയിരുത്തൽ എന്നിവ പരിശോധിച്ചശേഷമാണോ ശുപാർശകൾ നൽകിയിട്ടുള്ളതെന്ന് വ്യക്തമല്ല.

വികസന സെമിനാറിന്റെ മിനിട്സ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ അടങ്കൽ തുക 137174592/- രൂപയും ചെലവ് 71487267/- രൂപയുമാണ്. അതായത് ആകെ പദ്ധതിച്ചെലവിന്റെ 52% മാത്രമാണ് ചെലവ് വന്നിട്ടുള്ളത്.

മേഖല അടിസ്ഥാനത്തിലുള്ള ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| പൊതു വിഭാഗം | ഉല്പാദനം | 4530193 | 1757943 | 39 |
| | സേവനം | 14367232 | 11760350 | 82 |
| | പശ്ചാത്തലം | 0 | 0 | 0 |
| പട്ടിക ജാതി വിഭാഗം | ഉല്പാദനം | 2671750 | 520250 | 19 |

| | | | | |
|---|---|---|---|---|
| | സേവനം | 5692129 | 2868973 | 50 |
| | പശ്ചാത്തലം | 354520 | 0 | 0 |

## 1-19 റോഡ് കണക്ടിവിറ്റി പ്ലാൻ-തയ്യാറാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 169 പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നത് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്തമാണ്. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011ലെ സ.ഉ(എം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ നിയമം അനുശാസിക്കുന്ന രീതിയിൽ റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാൻ,റോഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 31 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ, റോഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ആസ്തി പരിപാലനം-സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്

പദ്ധതി മാർഗരേഖ [സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന ആസ്തി രജിസ്റ്റർ കാലികമാക്കിതയ്യാറാക്കിയിട്ടില്ല. 08.11.2018-ലെ പഞ്ചായത്ത് ഡയറക്ടറുടെ സി 2-15471/18 സർക്കുലറിലെ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ കൺവീനറും, പ്രസിഡന്റ് /വികസന സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷനമായി ഒരു ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. അത്തരത്തിലൊരു കമ്മിറ്റി രൂപീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. ആസ്തി സംരക്ഷണത്തിന് സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതും ആസ്തിരജിസ്റ്റർ കാലികമാക്കി പരിപാലിക്കേണ്ടതുമാണ്.

## 1-21 കൃഷി ഓഫീസർ നടപ്പിലാക്കിയ 'ഹരിതഭവനം ' പദ്ധതി -രേഖകളുടെ അഭാവത്തിൽ 1,72,800/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0078/20 |
| പ്രോജക്ടിന്റെ പേര് | ഹരിതഭവനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | വികസന ഫണ്ട്- ജനറൽ-168000/-<br>ജില്ലാപഞ്ചായത്ത് വിഹിതം-168000/-<br>ഗുണഭോക്തൃവിഹിതം-121800/-<br>ആകെ-457800/- |
| ചെലവ് തുക | വികസന ഫണ്ട്- ജനറൽ-168000/-<br>ജില്ലാപഞ്ചായത്ത് വിഹിതം-168000/-<br>ഗുണഭോക്തൃവിഹിതം-66600/- |

| | |
|---|---|
| | ആകെ-402600/- |
| ബിൽ നമ്പർ/ തീയ്യതി / തുക | 06/06-11-19തുക67200/-<br>01/ 21-04-20തുക100800/-<br>04/21-05-20 തുക168000/-<br>ചെക്ക് നം-2287833/13.12.19 തുക 60000/-<br>ചെക്ക് നം-2287834/13.12.19 തുക 6600/- |

കല്ലറ ഗ്രാമപഞ്ചായത്തിൽ പഞ്ചായത്തിലെ 24 ഗുണഭോക്താക്കൾക്ക് കൃഷിയും മാലിന്യസംസ്കരണവും മൃഗസംരക്ഷണവും സംയോജിച്ച് നടത്തുന്നതിനായി നടപ്പിലാക്കാൻ താൽപര്യമുള്ള കർഷകർക്ക് ഒരു ഗുണഭോക്താവിന് 14,000/- രൂപയുടെ സബ്സിഡി ലഭ്യമാക്കുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണ് പദ്ധതി ഹരിതഭവനം പദ്ധതി . കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണത്തിന് 1500/- രൂപയും കിണർ റീചാർജിന് 7200/- രൂപയും വീതം 24 ഗുണഭോക്താക്കൾക്ക് പ്രസ്തുത പദ്ധതി പ്രകാരം സബ്സിഡി നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ ഫയൽ പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു :-

I)ഹരിതഭവനം പദ്ധതിയുമായി ബന്ധപ്പെട്ട് 14.02.2018-ലെ ജി.ഒ(എം.എസ്)22/2018 നമ്പർ ഉത്തരവിലെ ഖ.6.1(20)പ്രകാരം വീട്ടുവളപ്പിൽ പരിസ്ഥിതി സൗഹൃദമായി ചെയ്യാൻ കഴിയുന്ന കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം,ജലവിഭവ സംരക്ഷണം മാലിന്യ സംസ്കരണം ,ഊർജ്ജ സംരക്ഷണം ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തികളുടെ ഒരു പട്ടിക ഗുണഭോക്താക്കൾക്ക് നൽകി അടുത്ത നാല് വർഷങ്ങളിലായി ഗുണഭോക്താക്കൾക്ക് നടപ്പാക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ രേഖപ്പെടുത്തിയ Benificiary Enrolment Form വാങ്ങണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കളിൽ നിന്ന് രേഖപ്പെടുത്തി വാങ്ങിയ Benificiary Enrolment Form പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.28/08.12.2021ന് അടുത്ത സാമ്പത്തിക വർഷം മുതൽ Benificiary Enrolment Form വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

Ii) അപേക്ഷകളിൽ കൃഷി ഓഫീസർ/കൃഷി അസിസ്റ്റന്റ് എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

Iii) സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6-ലെ അംഗീകൃത സംവിധാനങ്ങളുടെ യൂണിറ്റ് നിരക്കുകളും, സ്റ്റാൻഡേർഡുകളും, സ്പെസിഫിക്കേഷനുകളും സംബന്ധിച്ച വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചതെന്ന് കൃഷി ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തൽ വരുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. മേൽ നടപടിക്രമങ്ങൾ പാലിക്കാതെയാണ് 50% സബ്സിഡി തുകയായ 1500/-രൂപ 24 ഗുണഭോക്താക്കൾക്കും നൽകിയിട്ടുള്ളത്..ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.28/08.12.2021ന് കൃഷി ഓഫീസിലെ ഉദ്യോഗസ്ഥർ പരിശോധിച്ചതിനു ശേഷമാണ് തുക കൈമാറിയതെന്ന് അറിയിച്ചിട്ടുണ്ട്.പദ്ധതികൾ നടപ്പിലാക്കുമ്പോൾ കൃഷി ഓഫീസിലെ ഉദ്യോഗസ്ഥർ പരിശോധിച്ച് ആയതിന്റെ വിവരം പ്രോജക്ട് ഫയലിനോടൊപ്പം ഹാജരാക്കേണ്ടതാണ്.

Iv) കിണർ റീചാർജ്ജിംഗിനുള്ള എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് 24 ഗുണഭോക്താക്കൾക്കും 7200/- രൂപ സബ്സിഡി തുക നൽകിയിട്ടുള്ളത്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.28/08.12.2021ന് രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയെങ്കിലും വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.മേൽ സാഹചര്യത്തിൽ 172800/-(24x7200)രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 നെൽകൃഷി വികസനം-ലക്ഷ്യം കണ്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0057/2020 |
| പ്രോജക്റ്റിന്റെ പേര് | നെൽകൃഷി വികസനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | വികസന ഫണ്ട്- ജനറൽ-20000/- |

| | |
|---|---|
| | ഗുണഭോക്തൃവിഹിതം-5250-<br>ആകെ-25250/- |
| ചെലവ് തുക | വികസന ഫണ്ട്- ജനറൽ-20000/-<br>ഗുണഭോക്തൃവിഹിതം-5250-<br>ആകെ-25250/- |
| ബിൽ നമ്പർ/ തീയ്യതി / തുക | 07/06-11-19തുക20000/-<br>ചെക്ക് നം-2287835/13.12.19 തുക 5250/- |

കല്ലറ ഗ്രാമപഞ്ചായത്തിലെ തരിശ്ശായിക്കിടക്കുന്ന വയലുകളിൽ നെൽകൃഷി വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഒരു ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതിന് വേണ്ടി 100KG വിത്ത് 42.50/- രൂപ നിരക്കിൽ 4,250/- രൂപയും, 1050 KG ജൈവവളം 20/- രൂപ നിരക്കിൽ 21,000/- രൂപയുടെ 75% സബ്സിഡിയോടു കൂടി 15,750/- രൂപയും നൽകുന്നതിനായി വിഭാവനം ചെയ്തതാണ് മേൽപദ്ധതി. 07 ഗുണഭോക്താക്കളിൽ നിന്നും ആകെ ഒരു ഹെക്ടർ തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിനുള്ള വിത്തും, ജൈവവളവും നൽകിയിട്ടുണ്ട്.പദ്ധതി നടത്തിപ്പിന്റെ ഫയൽ പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു :-

I)ഒരു അപേക്ഷയും കൃഷി ഓഫീസർ/കൃഷി അസിസ്റ്റന്റ് പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മേൽ പദ്ധതിയിലെ അപേക്ഷകൾ പലതും അപൂർണ്ണമാണ്. പല അപേക്ഷകളിലും ഗുണഭോക്താക്കൾ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

Ii). സ.ഉ(കൈ) നം.22/2018 തസ്വഭവ 6.1 പ്രകാരം കൃഷി ഓഫീസർ, നിർദ്ദിഷ്ട പ്രദേശം കൃഷിക്ക് അനുയോജ്യമായ തരിശ് ആയിരുന്നുവെന്നും, നെൽകൃഷിക്ക് അനുയോജ്യമാണ് എന്നുമുള്ള സാക്ഷ്യപ്പെടുത്തലോടെയാണ് തരിശുഭൂമിയിൽ കൃഷി ചെയ്യേണ്ടത്. എന്നാൽ ഇത്തരത്തിലുള്ള സാക്ഷ്യപ്പെടുത്തൽ 07 അപേക്ഷയോടൊപ്പവും ലഭ്യമല്ല.

07 ഗുണഭോക്താക്കളിൽ നിന്നും ആകെ ഒരു ഹെക്ടർ തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിനുള്ള വിത്തും, ജൈവവളവും നൽകിയിട്ടുണ്ട്.നെൽകൃഷിക്ക് അനുയോജ്യമാണോയെന്ന പരിശോധനയില്ലാതെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിനായി നെൽവിത്തും വളവും വിതരണം ചെയ്തിട്ടുള്ളത്.

പദ്ധതികൾ നടപ്പിലാക്കുമ്പോൾ അവയുടെ ലക്ഷ്യം നടപ്പിലാക്കുന്നതിനായും, സർക്കാർ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായും നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 മാലിന്യസംസ്കരണം-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

എ)കല്ലറ ഗ്രാമപഞ്ചായത്ത് ഓഫീസ് , സ്കൂളുകൾ എന്നിവിടങ്ങളിൽ എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം. | 164/20(spill Over) |
| പേര് | കല്ലറ ഗ്രാമപഞ്ചായത്ത് ഓഫീസ്, സ്കൂളുകൾ,എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ |
| അടങ്കൽ | ധനകാര്യകമ്മിഷൻ ഗ്രാന്റ് 18,00,000/- |
| ചെലവ് | 3,60,000/- |
| ബിൽ നം | 24/18.3.2020 |
| എഗ്രിമെന്റ് നം. | 46/AE/LSGD/KLR/18-19/6.3.2019 |

| | |
|---|---|
| T.S No | 60423/2018-19 ( Rs.18,00,000/-) |
| Duration Of Work | 6 Months |
| കരാറുകാരൻ | IRTC-PIU |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

കല്ലറ ഗ്രാമപഞ്ചായത്ത് ഓഫീസ് പരിസരത്തും മൂന്ന് സ്കൂളുകളിലും എയറോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ മൊബിലൈസേഷൻ അഡ്വാൻസായി 3,60,000/- രൂപ ബിൽ നം. 24/18.3.2020 പ്രകാരം 18.10.2019 ലെ കമ്മിറ്റി തീരുമാനം 1/6 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ തൻവർഷം എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചതായി ഫയൽ പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. 2020-21ൽ ആയത് പ്രോജക്ട് നം. SO.236/21 ആയും2021-22 ൽ പ്രോജക്ട് നം. SO.148/22 ആയും സ്പിൽ ഓവർ ആക്കിയിട്ടുണ്ട്.

1. എഗ്രിമെന്റ് നം.46/AE/LSGD/KLR/18-19/6.3.2019 ക്രമനം 1ൽ കല്ലറ ഗ്രാമപഞ്ചായത്ത് പരിസരത്തും മൂന്ന് സ്കൂൾ കോമ്പൗണ്ടുകളിലും എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്ന പദ്ധതിയ്ക്കാണ് കരാർ വയ്ക്കുന്നതെന്നും ക്രമനം 2 ൽ ഒരു സ്ഥലത്തേയ്ക്ക് 4 ലക്ഷം രൂപ വീതമാണ് അടങ്കലെന്നും പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത കരാർ ഉടമ്പടി പ്രകാരം നാല് സ്ഥലത്തേയ്ക്ക് നാല് ലക്ഷം രൂപ നിരക്കിൽ 16,00,000/- രൂപ മാത്രം ചെലവു വരുന്ന പദ്ധതിയ്ക്ക് പതിനെട്ട് ലക്ഷം രൂപയുടെ കരാർ വച്ചതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

2. 15.9.2021ൽ എ.ഇ, IRTC-PIU Project Officerക്ക് നൽകിയ കത്തിൽ 2020-21ൽ പ്രോജക്ട് നം. SO. 236/21 ആയി നടപ്പിലാക്കിയ പദ്ധതി പ്രകാരം പഞ്ചായത്ത് ഓഫീസിൽ സ്ഥാപിച്ച എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് കത്തു നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി 2020-21ൽ വിനിയോഗിച്ച തുകയുടെ വിവരം ലഭ്യമാക്കിയില്ല. പഞ്ചായത്ത് ഓഫീസിൽ സ്ഥാപിച്ച എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല.

3. ജി.ഒ.(എം.എസ്) നം72/2017ത.സ്വ.ഭ.വ.തിരുവനന്തപുരം 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ടെന്നിരിക്കെ 2018-19ൽപ്രോജക്ട് നം. SO098/19 ആയി ആരംഭിച്ച പദ്ധതി 2021-22ലും തുടരുന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

4. ബിൽ നം. 24/18.3.2020 പ്രകാരം അക്രഡിറ്റഡ് ഏജൻസിയ്ക്ക് നൽകിയ 3,60,000/- രൂപയിൽ നിന്ന് കുറവ് ചെയ്യേണ്ട തുകകളായ ഇൻകംടാക്സ്, ജി.എസ്.ടി, Kerala Construction Workers Welfare Fund എന്നിവ കുറവ് ചെയ്ത് അതാതു ഫണ്ടുകളിലേയ്ക്ക് ഒടുക്കു വരുത്തിയതായി കാണുന്നില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 18 ന് ഡി.പി.സി അംഗീകാരം ലഭിച്ചതിന് അനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിലാണ് 18ലക്ഷം രൂപയുടെ കരാർ വച്ചതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.മേൽ പ്രവൃത്തിയ്ക്ക് 2020-21ൽ 3,16,595/- രൂപ ചെലവഴിച്ചിട്ടുണ്ടെന്നും മറ്റ് യൂണിറ്റുകൾ കൂടി സ്ഥാപിച്ചതിനു ശേഷം അതിനാവശ്യമായ ഇനോക്കുലം അക്രഡിറ്റഡ്ഏജൻസി സപ്ലൈ ചെയ്യുന്ന മുറയ്ക്ക് പഞ്ചായത്ത് ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തനക്ഷമമാകുമെന്നും കോവിഡ് വ്യാപനം മൂലം സ്കൂളുകൾ തുറക്കാതിരുന്നതുമൂലവും ലോക്ക്ഡൌൺ കാരണവുമാണ് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എം.ബുക്കിൽ മെഷർമെന്റുകൾ രേഖപ്പെടുത്തി ബിൽ നൽകുന്ന മുറയ്ക്ക് ഡിഡക്ഷൻ വരുത്തി അതാതു ഫണ്ടുകളിൽ ഒടുക്കുവരുത്തുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് അടിയന്തിരമായി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അവശേഷിക്കുന്ന യൂണിറ്റുകൾ അടിയന്തിരമായി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ബി) കല്ലറ പബ്ലിക് മാർക്കറ്റിൽ തുമ്പൂർ മൂഴി എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ -യൂണിറ്റ് നാളിതുവരെ സ്ഥാപിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം. | 171/20(spill Over) |
| പേര് | കല്ലറ പബ്ലിക് മാർക്കറ്റിൽ തുമ്പൂർ മൂഴി എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ |
| അടങ്കൽ | കേന്ദ്രാവിഷ്കൃത ഫണ്ട് 12,00,000/- |

| | |
|---|---|
| ചെലവ് | 2,40,000/- |
| ചെക്ക് നം | 2287840/30.12.2019 |
| എഗ്രിമെന്റ് നം. | 47/AE/LSGD/KLR/18-19/6.3.2019 |
| T.S No | 107279 /2018-19 ( Rs.12,00,000/-) |
| Duration Of Work | 3months |
| കരാറുകാരൻ | IRTC-PIU |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

കല്ലറ പബ്ലിക് മാർക്കറ്റിൽ ഉറവിടമാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ 2,40,000/- രൂപ മുൻകൂറായി IRTC-PIU ന് നൽകിയിട്ടുണ്ട്. 29.2.2020 ൽ IRTC- PIU/411/997/19-ാം നമ്പരായി IRTC-PIU സെക്രട്ടറി നൽകിയ കത്തിൽ എയറോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി സ്ഥലം മാർക്ക് ചെയ്തു നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. 18.3.2020ൽ എ.ഇ സെക്രട്ടറിയ്ക്ക് നൽകിയ കത്തിൽ സ്ഥലവാസികളുടെ എതിർപ്പ് മൂലം നിർമ്മാണത്തിന് ആവശ്യമായപണി ആരംഭിക്കാൻ സാധിച്ചിട്ടില്ലായെന്നും അടിയന്തിരനടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതി സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. 2018-19ൽ പ്രോജക്ട് നം.So 159/19 ആയി ആരംഭിച്ച പദ്ധതി 2019-20( Pro No 171/20) 2020-21(pro No 204), 2021-22 (Pro No.149) ലും സ്പിൽ ഓവറായി ആവിഷ്കരിച്ചിട്ടുണ്ട്. ജി.ഒ.(എം.എസ്) നം72/2017ത.സ്വ.ഭ.വ. തിരുവനന്തപുരം 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ നാളിതുവരെ പദ്ധതി ആരംഭിച്ചിട്ടില്ല.

2. ചെക്ക് നം 2287840/30.12.2019അപ്രകാരംക്രഡിറ്റഡ് ഏജൻസിയ്ക്ക് നൽകിയ 2,40,000/-രൂപയിൽ നിന്ന് കുറവ് ചെയ്യേണ്ട തുകകളായ ഇൻകംടാക്സ്, ജി.എസ്.ടി, Kerala Constructio Workers Welfare Fund എന്നിവ കുറവ് ചെയ്ത് അതാത് ഫണ്ടുകളിലേയ്ക്ക് ഒടുക്ക വരുത്തിയതായി കാണുന്നില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 21 ന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥലവാസികളുടെ എതിർപ്പ് മൂലം പ്രവൃത്തി തുടങ്ങാൻ സാധിച്ചിട്ടില്ലായെന്നും എം.ബുക്കിൽ മെഷർമെന്റുകൾ രേഖപ്പെടുത്തൽ വരുത്തി ബിൽ മാറുന്ന മുറയ്ക്ക് ഡിഡക്ഷനുകൾ വരുത്തി അതാത് ഫണ്ടുകളിൽ ഒടുക്കുവരുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

വിശദമായ പഠനം നടത്താതെ പ്രോജക്ട് ആവിഷ്കരിച്ചതിനാലാണ് ഇത്തരം ഒരു സാഹചര്യം സംജാതമായതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. തുടർച്ചയായി നാലു വർഷം പ്രോജക്ട് നടപ്പിലാക്കുന്നതിനായി പദ്ധതിയിൽ ഉൾപ്പെടുത്തുകയും അഡ്വാൻസായി തുക ഏജൻസിയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ പദ്ധതി ആരംഭിക്കാൻ പോലും കഴിഞ്ഞിട്ടില്ലായെന്നത് സ്ഥാപനത്തിന്റെ ഭാഗത്തുള്ള വീഴ്ചയായി വിലയിരുത്തുന്നു. അടിയന്തിരമായി ഉചിത നടപടികൾ സ്വീകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഫണ്ട് വകയിരുത്തുകയും നടപ്പിലാക്കാതിരിക്കുകയും ചെയ്യുക വഴി പ്ലാൻ ഫണ്ടിലുണ്ടാകുന്ന നഷ്ടവും ഏജൻസിയ്ക്ക് നൽകിയ തുക നിഷ്ക്രിയ ആസ്തി ആയി മാറാതിരിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 ടെണ്ടർ ഫോറം വില-നടപടികൾ സ്വീകരിക്കേണ്ടതാണ്

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത്

പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ടെണ്ടർ ഫീസിനത്തിൽ2019-20 വർഷം ലഭിക്കാനുള്ള തുക, തുക ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശം, തുക ലഭിച്ചിട്ടില്ലായെങ്കിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 32 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടെണ്ടർഫോറമിനത്തിൽ തുക ലഭിക്കാനുണ്ടെങ്കിൽ ആയത് തിരികെ ലഭ്യമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-25 പൂർത്തീകരണകാലാവധിയ്ക്കകം പൂർത്തിയാകാത്ത പ്രവൃത്തികളിൽ പിഴ ഈടാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.8.2018ലെ എ.സി.2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവത്തി പൂർത്തീകരി ക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസക്കാലയളവിനും രണ്ട് ശതമാനം നിരക്കിലും ഈടാക്കേണ്ടതാണ്. പ്രോജക്ട് നം.147പരിശോധിച്ചതിൽ കരാർകാലാവധി നീട്ടിക്കിട്ടാൻ കരാറുകാരൻ അപേക്ഷനൽകിയിട്ടില്ല. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാതിരുന്നതിന് നിയമാനുസൃതമായ ഫൈൻ ഈടാക്കിയിട്ടില്ല.വിശദാംശം ചുവടെ ചേർക്കുന്നു. വിശദാംശം ചുവടെ

| ക്രമ നം | പ്രോജക്ടിന്റെ വിശദാംശം | ഈടാക്കേണ്ട തുക |
|---|---|---|
| 3 | പ്രോജക്ട് നം. 147<br>പേര്- വനം- കമ്മൂർ റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ- ധനകാര്യ കമ്മീഷൻ ഗ്രാന്റ് 160121<br>കരാറുകാരൻ- വിനോദ്.എസ്<br>എം.ബുക്ക് നം.-335/18-19 /9.6.2018<br>Billl No- 1/7.6.2019- 160121/-<br>പി.എ.സി -160121/-<br>പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ്- 3 മാസം<br>എഗ്രിമെന്റ് വച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്തത്-2.8.2018<br>പ്രവൃത്തി പൂർത്തീകരിച്ച തീയതി- 1.2.2019 | കാലതാമസം-90ദിവസം<br>അനുവദനീയമായ ഗ്രേസ് ടൈം(എഗ്രിമെന്റ് പ്രകാരം)20%=90X20%=18<br>ഗ്രേസ് പീരിയഡ് കഴിഞ്ഞശേഷമുള്ള കാലയളവ്-72 ദിവസം<br>ആദ്യത്തെ 3 മാസത്തേയ്ക്ക് ഈടാക്കേണ്ട പിഴ=160121X1%X72/90=1281 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-26 എഗ്രിമെന്റ് വയ്ക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയിട്ടില്ല

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2009-6 പ്രകാരം ഒരു പ്രവൃത്തിയുടെ ടെൻഡർ സ്വീകരിച്ച് ഏഴ് ദിവസത്തിനകം കരാറുകാരന് ടെൻഡർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) നൽകണം. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. (സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്തു/ഡെസ്പാച്ച് ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതാണ്). 14 ദിവസത്തിനകം കരാർ ചമക്കാത്ത പക്ഷം 14 ദിവസത്തിന് ശേഷമുള്ള 10 ദിവസത്തിനകം കരാർ തുകയുടെ (PAC) 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000 രൂപ, പരമാവധി 25000 രൂപ) കരാർ ചമക്കാവുന്നതാണ്. ഈ 24 (14+10) ദിവസം കഴിഞ്ഞിട്ടും കരാർ ചമച്ചില്ലെങ്കിൽ ടെൻഡർ റദ്ദാക്കുകയും EMD കണ്ട്കെട്ടി ടെൻഡർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും വേണം. തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും നിബന്ധനയിലും കരാറേറ്റെടുത്ത് നടത്താമോയെന്ന് നെഗോഷ്യേറ്റ് ചെയ്യേണ്ടതും ഇത് സാദ്ധ്യമല്ലെങ്കിൽ റീ ടെണ്ടർ ചെയ്യേണ്ടതുമാണ്. എന്നാൽ, താഴെ പറയുന്ന പ്രവൃത്തികളിൽ നിശ്ചിത സമയത്തിനുള്ളിൽ കരാർ വയ്ക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | പ്രോജക്ട് നം. പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | പിഴ കൂടാതെ കരാർ വയ്ക്കാനുള്ള അവസാന തീയതി | കരാർ വച്ച തീയതി, തുക | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|
| 1 | SO156/19 പാൽക്കുളം അംഗൻവാടി പാലുവള്ളി റോഡ് റീടാറിംഗ് | ജെ. രാജൻ | 14.2.2019 | 28.2.2019 | 7.3.2019, 312000/- | 3120 |
| 2 | 158, ചെറുവാളം ലക്ഷം വീട് കോളനി റീ ടാറിംഗ് | ഷംനാദ് | 4.9.2018 | 18.9.2018 | 24.9.2018, 439774/- | 4398/- |
| 3 | 163, ഊന്നാംപാറ തമ്പുരാട്ടി മൂല റോഡ് പുനരുദ്ധാരണം | ഷംനാദ് | 4.9.2018 | 18.9.2018 | 24.9.2018, 156088/- | 1561/- |
| 4 | 170, പകൽ വീട് രണ്ടാം ഘട്ടം | മോഹനൻ നായർ .എസ് | 27.12.2018 | 10.1.2019 | 14.1.2019, 859929.70/- | 8599/- |
| 5 | 157, ചെറുവാളം ഓറംകോട് റോഡ് റീടാറിംഗ് | ഷംനാദ്. എൻ.എസ് | 4.9.2018 | 18.9.2018 | 24.9.2018 450065/- | 4501/- |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 26 ന് ക്രമ നം. 1ലെ കരാറുകാരൻ 15.11.2018 മുതൽ 5.2.2019വരെ ചികിത്സയിലായിരുന്നതിന്റെ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടെന്നും ക്രമ നം. 2, 3,5 എന്നിവയിലെ കരാറുകാരന് 4.9.2018ന് സെലക്ഷൻ നോട്ടീസ് അയച്ചിരുന്നുവെങ്കിലും 10.9.2018 ന് മാത്രമേ ലഭിച്ചിട്ടുള്ളൂവെന്ന് അപേക്ഷ ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഫൈൻ ഒഴിവാക്കിയതെന്നും ക്രമ നം. 4ലെ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ക്രമ നം. 1ലെ കരാറുകാരൻ 5.2.2019വരെയുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ആണ് ഹാജരാക്കിയിട്ടുള്ളത് എന്നതിനാലും സെലക്ഷൻ നോട്ടീസ് അയച്ചത് 14.2.2019ൽ ആയതിനാലും ക്രമ നം. 2, 3, 5 എന്നിവയിൽ സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്തു/ഡെസ്പാച്ച് ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കേണ്ടതാണെന്നതിനാലും പിഴ ഇനത്തിൽ ഈടാക്കാനുള്ള തുക കൃത്യമായി ഈടാക്കുന്നതിൽ ജാഗ്രതക്കുറവ് ഉണ്ടെന്ന് വിലയിരുത്തുന്നു. ഇത്തരം

അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 എഗ്രിമെന്റ് വയ്ക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയതിൽ കുറവ്

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2009-6 പ്രകാരം ഒരു പ്രവൃത്തിയുടെ ടെൻഡർ സ്വീകരിച്ച് ഏഴ് ദിവസത്തിനകം കരാറുകാരന് ടെൻഡർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) നൽകണം. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. (സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത/ഡെസ്പാച്ച് ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതാണ്). 14 ദിവസത്തിനകം കരാർ ചമക്കാത്ത പക്ഷം 14 ദിവസത്തിന് ശേഷമുള്ള 10 ദിവസത്തിനകം കരാർ തുകയുടെ (PAC) 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000 രൂപ, പരമാവധി 25000 രൂപ) കരാർ ചമക്കാവുന്നതാണ്. കരാർ വയ്ക്കുന്നതിന് കാലതാമസം വരുത്തിയ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടുണ്ടെങ്കിലും മേൽ ചട്ടം അനുശാസിക്കും പ്രകാരമുള്ള പിഴയേക്കാൾ കുറവാണ് ഈടാക്കിയിട്ടുള്ളത്.

| പ്രോജക്റ്റ് നം. പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | പിഴ കൂടാതെ കരാർ വയ്ക്കാനുള്ള അവസാന തീയതി | കരാർ വച്ച തീയതി, തുക | ഈടാക്കേണ്ട പിഴ | ഈടാക്കിയത് |
|---|---|---|---|---|---|---|
| S0090/19 തെങ്ങുംകോട് അംഗൻവാടിക്ക് വാതിൽ സ്ഥാപിക്കൽ | സലിം.ജെ | 27.12.2018 | 10.1.2019 | 13.2.2019 ,14950/- | 1000 | രസിത് നം. 118020105432/13.2.2019 പ്രകാരം 150/- രൂപ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 27 ന് ലഭ്യമാക്കിയ മറുപടിയിൽ ബാക്കി തുക അടയ്ക്കുന്നതിന് കരാറുകാരന് നോട്ടീസ് നൽകി എത്രയും വേഗം തുക അടപ്പിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-28 സ്പിൽ ഓവർപ്രവൃത്തികൾ- തൻവർഷവും പൂർത്തീകരിച്ചിട്ടില്ല

ജി.ഓ.(എം.എസ്) നം72/2017ത.സ്വ.ഭ.വ.തിരുവനന്തപുരം 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. ചെലവ് പത്രിക പ്രകാരം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ ചെയ്ത് അസി.എഞ്ചിനീയർ നിർവഹണം നടത്തുന്നതിനായി ഏറ്റെടുത്ത 22 സ്പിൽ ഓവർ പദ്ധതികളിൽ 16 എണ്ണം മാത്രമാണ് നടപ്പാക്കിയത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 14 ന് പ്രവൃത്തികൾ കാലവസ്ഥയിൽ ഉണ്ടായ വ്യതിയാനം മൂലവും രണ്ട് പ്രവൃത്തികൾ തർക്കങ്ങൾ മൂലവും ആണ് പൂർത്തീകരിക്കാൻ കഴിയാത്തതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതികൾ സ്പിൽ ഓവർ ആകുന്ന വർഷം തന്നെ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതും സർക്കാർ നിർദ്ദേശം പാലിക്കേണ്ടതുമാണ്.

## 1-29 പകൽ വീട് -നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 170/20 |
| പേര് | പകൽ വീട് രണ്ടാംഘട്ടം (സ്പിൽ ഓവർ) |
| അടങ്കൽ | തനത് ഫണ്ട് 10,00,000/- |

| | |
|---|---|
| ചെലവ് | 8,59,826/- |
| ചെക്ക് നം | 2287811/15.10.2019 |
| എം. ബുക്ക് നം. | 838/18-19, 604/18-19 |
| എഗ്രിമെന്റ് നം. | 43/AE/LSGD/KLR/18-19/14.1.2019 |
| T.S No | 94195/2018-19 ( Rs.10,00,000/-) |
| Duration Of Work | 6 Months |
| കരാറുകാരൻ | മനോഹരൻ നായർ.എസ് |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

വൃദ്ധജനങ്ങൾക്ക് വിശ്രമത്തിനും വിനോദത്തിനുമായി ഇരുന്നൂറ്റി അൻപത് ച.മീ വിസ്തൃതിയുള്ള കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്കായി ആവിഷ്കരിച്ചിരുന്ന പദ്ധതിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. പ്രോജക്ട് റിവൈസ് ചെയ്തതായി ഫയൽ പരിശോധിച്ചതിൽ കാണുന്നു. ആയത് അംഗീകരിച്ച കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല

2. Project No.129/18 പ്രകാരം 19,84,357/- രൂപയും Project No.172/18 പ്രകാരം 1,51,552/- രൂപയും Project No. 170/19 പ്രകാരം 8,59,826/- രൂപയും Project No 135/18-19 പ്രകാരം 8,45,015/- രൂപയും ഉൾപ്പെടെ ആകെ 38,40,750/- രൂപ പകൽ വീടിനായി നാളിതുവരെ എ.ഇ നിർവ്വഹണ ഉദ്യോഗസ്ഥനായി ചെലവഴിച്ചതായി കാണുന്നു. എന്നാൽ പകൽവീട് നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.22 ന് ലഭ്യമാക്കിയ മറുപടിയിൽ ടി പ്രവൃത്തി റിവൈസ് ചെയ്യുന്നതിന് കമ്മിറ്റി തീരുമാനം ലഭ്യമായിരുന്നുവെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. നിലവിൽ കെട്ടിട നിർമ്മാണം മാത്രമേ പൂർത്തിയായിട്ടുള്ളൂവെന്നും ഫർണിച്ചർ, പാത്രങ്ങൾ, ടി.വി മറ്റ് അടിസ്ഥാനസൌകര്യങ്ങൾ എന്നിവ മാത്രമേ പൂർത്തിയായിട്ടുള്ളൂവെന്നും 2021-22 വർഷം ആയതിന് പ്രോജക്ട് വച്ചിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

പകൽവീട് യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ ഭരണസമിതിയുടെ ഭാഗത്തുനിന്നുണ്ടാകേണ്ടതാണ്.

## 1-30 ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ണ്ഡിക 3.3.3.I പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപവത്ക്കരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്. പ്രസ്തുത നടപടികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.11 നുള്ള മറുപടിയിൽ കമ്മറ്റി രൂപീകരിച്ച് പ്രവർത്തിക്കുന്നില്ലെന്ന് അറിയിച്ചിരിക്കുന്നു.ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപവത്ക്കരിക്കാനാവശ്യമായ സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-31 അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്

02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 3.3.4. പ്രകാരം വാർഡ് മെമ്പർ ചെയർപേഴ്സണായും അങ്കണവാടി വർക്കർ കൺവീനറായും എ.ഡി. എസ്. ലെ രണ്ട് പേർ, ആശാവർക്കർ, സമൂഹത്തിലെ മറ്റുള്ളവർ എന്നിവരെ ചേർത്ത് അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി എല്ലാ അങ്കണവാടികളിലും രൂപീകരിക്കുകയും, മാസത്തിലൊരിക്കൽ എന്ന കണക്കിൽ അവയുടെ യോഗം ചേരേണ്ടതുമാണ്. പ്രസ്തുത നടപടികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 11നുള്ള മറുപടിയിൽ കൃത്യമായി കൂടുന്നുണ്ടെന്ന് അറിയിച്ചെങ്കിലും ലഭ്യമാക്കിയ രേഖകൾ പ്രകാരം വർഷത്തിൽ ഒന്നോ രണ്ടോ തവണ മാത്രമേ യോഗം കൂടിയിട്ടുള്ളൂ.കൂടാതെ വികസനരേഖ പ്രകാരം അംഗൻവാടി വെൽഫയർ കമ്മറ്റി കൂടുതൽ ഫലപ്രദമാക്കേണ്ടതാണെന്ന് പരാമർശിച്ചിട്ടുണ്ട്.അങ്കണവാടികളുടെ കുറ്റമറ്റ പ്രവർത്തനത്തിന് ഈ കമ്മിറ്റികളുടെ പ്രവർത്തനം അത്യന്താപേക്ഷിതമാണ്. ആയതിനാൽ സർക്കാർ ഉത്തരവനുസരിച്ച് അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി മാസത്തിലെരിക്കൽ യോഗം ചേരാൻ ആവശ്യമായ നടപടികൾ വാർഡ് മെമ്പർ, അങ്കണവാടി വർക്കർ എന്നിവർ സ്വീകരിക്കേണ്ടതും ഐ സി ഡി എസ് സൂപ്പർവൈസർ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ ഈ യോഗങ്ങൾ കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-32 ജാഗ്രതാ സമിതി ക്രീയാത്മകമായി പ്രവർത്തിക്കുന്നില്ല

ജാഗ്രത സമിതി മാർഗരേഖ സ.ഉ(എം.എസ്)21/07 സാ.ക്ഷേ.വ ഖണ്ഡിക 1.23 പ്രകാരം ഓരോ വാർഡിൽ നടക്കുന്ന പ്രവർത്തനങ്ങളും ക്രോഡീകരിക്കണം(എഴുതി തയ്യാറാക്കാനായി നൽകുന്ന ഫോം ശേഖരിച്ച് ക്രോഡീകരിക്കണം). ജാഗ്രതസമിതി കൂടി ഇത് വിലയിരുത്തി വാർഡ് തലത്തിൽ പ്രവർത്തനത്തിൽ പോരായ്മ ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ എന്ത് ചെയ്യണം, തുടർ പ്രവർത്തനങ്ങൾക്ക് സഹായമായി എന്ത് ചെയ്യണം എന്നിവ ചർച്ച ചെയ്ത് തുടർ പരിപാടി തയ്യാറാക്കണം. ഇത്തരത്തിൽ ക്രോഡീകരിച്ച റിപ്പോർട്ടും തദ്ദേശസ്ഥാപനതല ജാഗ്രതസമിതിയുടെ റിപ്പോർട്ടും കൂടിച്ചേർത്ത് തദ്ദേശസ്ഥാപനത്തിന്റെ ഒരു പൊതു റിപ്പോർട്ടാക്കണം. രണ്ട് മാസത്തിൽ ഒരിക്കൽ മോണിറ്ററിംഗ്, പ്രവർത്തന വിലയിരുത്തൽ എന്നിവയുടെ ഭാഗമായി വാർഡ് ജാഗ്രതസമിതി കൺവീനർമാർ, അദ്ധ്യക്ഷൻമാർ എന്നിവരെ ഉൾപ്പെടുത്തി യോഗം നടത്തണം. ഗ്രാമപഞ്ചായത്ത് തലത്തിൽ ക്രോഡീകരിക്കുന്ന ജാഗ്രതസമിതി റിപ്പോർട്ടുകൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശേഖരിക്കുക. ജാഗ്രതസമിതിയുമായി ബന്ധപ്പെട്ടവരോട് ചർച്ചനടത്തി അവരുടെ പ്രശ്നങ്ങൾ , ആവശ്യങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച സംഘടിപ്പിച്ച് തദ്ദേശസ്ഥാപനതലത്തിൽ കഴിയുന്ന പരിഹാരങ്ങൾ നിശ്ചയിച്ച് ഇവ ഭരണസമിതിയിൽ അവതരിപ്പിക്കണം. ഭരണസമിതി തലത്തിലുള്ള ഈ മോണിറ്ററിംഗ് നിരന്തരം എല്ലാ ഭരണസമിതി യോഗങ്ങളിലും നടത്തേണ്ടതുമാണ്.പ്രസ്തുത നടപടികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 11നുള്ള മറുപടിയിൽ മിനിട്ട്സ് ഹാജരാക്കുന്നതാണെന്ന് അറിയിച്ചെങ്കിലും ആയത് ലഭ്യമാക്കിയില്ല. 2019-20 സാമ്പത്തിക വർഷത്തിൽ ജാഗ്രതസമിതിയുമായി ബന്ധപ്പെട്ട് മേൽ പറഞ്ഞ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകളൊന്നും ലഭിച്ചില്ല. മാത്രമല്ല ആയതിനായി പ്രോജക്റ്റ് നടപ്പിലാക്കുകയോ തുക ചെലവഴിക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് പ്രദേശത്തെ സ്ത്രീകളുടെയും കുട്ടികളുടെയും സാമൂഹ്യ പരിരക്ഷ ഉറപ്പാക്കുന്നതിന് സർക്കാർ നിർദ്ദേശമനുസരിച്ച് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ജാഗ്രത പുലർത്തേണ്ടതുണ്ട്.

## 1-33 അങ്കണവാടികളിലെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കേണ്ടതാണ്.

കല്ലറ ഗ്രാമപഞ്ചായത്തിൽ 28 അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട്. അങ്കണവാടികളിൽ 02.06.2017 ലെ സർക്കാർ ഉത്തരവ് നം.1830/2017/തസ്വഭവ ഖണ്ഡിക 3.2.1,3.2.2, 3.2.3,3.4.2.,3.4.3. എന്നിവയിൽ അനുശാസിക്കും പ്രകാരമുള്ള സൗകര്യങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.(ഓഡിറ്റ് എൻക്വയറി 11നുള്ള മറുപടി)

| ക്രമ നം. | അപാകം | എണ്ണം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 1 |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 9 |
| 3 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | - |
| 4 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 19 |
| 5 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 17 |
| 6 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | 19 |
| 7 | വൈദ്യുതി ഇല്ലാത്തവ | 11 |

| | | |
|---|---|---|
| 8 | സൂപ്പർവൈസറുടെ ഫോൺ നമ്പറോടുകൂടിയ നെയിം ബോർഡില്ലാത്തവ | 28 |
| 9 | ഓരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ | 27 |
| 10 | വാട്ടർ പ്യൂരിഫൈയർ ഇല്ലാത്തവ | 25 |
| 11 | നോട്ടീസ് ബോർഡ് ഇല്ലാത്തവ | 28 |
| 12 | പരാതിപ്പെട്ടി ഇല്ലാത്തവ | 28 |

വികസനരേഖ പ്രകാരം അങ്കണവാടികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും വെള്ളം, ഫർണിച്ചർ തുടങ്ങിയ ഭൗതിക സാഹചര്യം ഒരുക്കേണ്ടതാണെന്നും പരാമർശിച്ചിട്ടുണ്ട്.എന്നാൽഅങ്കണവാടികളിൽ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിയില്ല.02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 4.2.1. പ്രകാരം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതികളുടെ നിർവ്വഹണം, അങ്കണവാടികളുടെ പ്രവർത്തനം എന്നിവ മോണിറ്റർ ചെയ്യുകയും ഭാവിയിലെ വികസനത്തിനായി പദ്ധതികൾ തയ്യാറാക്കുകയും അങ്കണവാടികളിലെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുകയും ചെയ്യണം. മേൽ പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിൽ ഭൗതികസാഹചര്യം മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് വ്യക്തമാണ്. വൈദ്യുതി പോലുള്ള അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാത്ത അങ്കണവാടികൾ ഉണ്ടെന്നത് ഗുരുതരമായ കാര്യമാണ്. ആയതിനാൽ അങ്കണവാടികളിൽ ഭൗതികസാഹചര്യം മെച്ചപ്പെടുത്താനാവശ്യമായ നടപടികൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതാണ്.

## 1-34 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ അപാകത

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (87/20) എന്ന പദ്ധതി പ്രകാരം 12,000/-രൂപ വെച്ച് 12 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതിമായ് ബന്ധപ്പെട്ട് 3.03.19 ലെ 2(1) നമ്പർ കമ്മറ്റി തീരുമാന പ്രകാരം 29 പേരുടെ ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച പ്രിജിൻ പ്രഭാഷ്, കൃഷ്ണ പ്രകാശ്, ഗഗൻ ഗോപാൽ വി.പി, മുഹമ്മദ് ഷാ എന്നിവർ എന്ന അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.മാത്രമല്ല ഗുണഭോക്തൃലിസ്റ്റിലെ ക്രമനം. 5,7,9,12,14,15,16,26 എന്നിവയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭിച്ചിട്ടുള്ളത്. ഗുണഭോക്തൃലിസ്റ്റിലെ മുൻഗണനാക്രമം പാലിച്ചല്ല ആലുകൂല്യം നൽകിയിട്ടുള്ളത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി24നുള്ള മറുപടിയിൽ അംഗീകരിച്ച ഗുണഭോക്താക്കൾ പഠിക്കുന്നവരല്ലാത്തതിനാലും 40 വയസ്സിനുമേൽ പ്രായമായവരും ശാരീരിക വെല്ലുവിളി നിട്ടുന്നവരും ഉൾപ്പെട്ടിരുന്നതിനാലും ലിസ്റ്റ് കൃത്യമായി പരിശോധിച്ച് അപേക്ഷ സ്വീകരിച്ച് എല്ലാ സർട്ടിഫിക്കറ്റുകളും പരിശോധിച്ചാണ് ആനുകൂല്യം നൽകിയതെന്ന് അറിയിച്ചിരിക്കുന്നു.

29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ പ്രകാരം അർഹരായ എല്ലാവരിലും നിന്ന് അപേക്ഷ സ്വീകരിച്ച് അപേക്ഷകളിൽ മുൻഗണനാ മാനദണ്ഡങ്ങൾ പ്രകാരം മാർക്കിട്ട് കരട് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുകയും ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ അർഹതയും മുൻഗണനയും രണ്ട് ഉദ്യോഗസ്ഥർ ഫീൽഡ് ലെവൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുകയും പരിശോധനയുടെയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരട് ലിസ്റ്റ് പുതുക്കുകയും വേണം. അപ്രകാരം പുതുക്കുന്ന ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി പത്ത് ദിവസത്തെ സമയം നല്കണം.ആക്ഷേപങ്ങൾ സ്വീകരിച്ച് പരിഷ്കരിച്ച കരട് ലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ അന്തിമ ലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭ മിനിറ്റ്സിൽ ചേർക്കുകയും വേണം. ഈ നിർദ്ദേശം പാലിക്കാതെയാണ് ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തിയിരിക്കുന്നത്. മേൽ ഉത്തരവിൽ പ്രതിപാദിക്കുന്ന വിധത്തിൽ കുറ്റമറ്റരീതിയിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്താൻ വാർഡ് മെമ്പർമാർ, ഐ സി ഡി എസ് സൂപ്പർവൈസർ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ ശ്രദ്ധിക്കേണ്ടതും അതിന് ആവശ്യമായ മേൽനോട്ടം പഞ്ചായത്ത് ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

കൂടാതെ ജി ഒ (എം എസ്) 11/2018/തസ്വഭവ 29.01.2018 ഖ.13.1പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ് അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയും മോണിറ്ററിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. ഗുണഭോക്തൃലിസ്റ്റ്, വൈകല്യത്തിന്റെ തോത് എന്നിവ സാമൂഹ്യക്ഷേമ വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്തതിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമായില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി24ന് മറുപടി ലഭ്യമായില്ല. പദ്ധതി പ്രവർത്തനങ്ങൾ യഥാസമയം മോണിറ്ററിംഗ് നടത്തി ആയതിന്റെ റിപ്പോർട്ടുകൾ ബന്ധപ്പെട്ടവർക്ക് നൽകാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 പദ്ധതി നം.195/20 രേഖകൾ ലഭ്യമായില്ല - 1226400/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാനുള്ള തുക |
| പ്രോജക്ടിന്റെ നം | 195/20 |
| അടങ്കൽ | 12,26,400/-(വി.ഫ.(ജനറൽ)) |
| ചെലവ് | 12,26,400/-(വി.ഫ.(ജനറൽ)) |
| ബിൽ/തീ. | 10/19-20തീ.12.2.20 |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയിൽ അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാനുള്ള തുകയായി ചെലാൻ നം. 20472/12.2.20 പ്രകാരം 2235-02-102-05 എന്ന ഫെഡ് ഓഫ് അക്കൗണ്ടിലേക്ക് പ്രസ്തുത തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത ഫെഡ് ഓഫ് അക്കൗണ്ടിലേക്ക് തുക കൈമാറിയതിന്റെ വിശദാംശം, തുക കൈമാറാനുണ്ടായ സാഹചര്യം എന്നിവ വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 11ന് മറുപടി ലഭിച്ചില്ല. ആയതിനാൽ ചെലവ് തുകയായ 12,26,400/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-36 ടെണ്ടർരജിസ്റ്റർ പരിപാലനം-ചട്ടങ്ങൾ പാലിക്കുന്നില്ല

കേരള പൊതുമരാമത്ത് ചട്ടം ചട്ടം 10-7 പ്രകാരം ലഭ്യമായ എല്ലാ ടെണ്ടറുകളും നിശ്ചിത മാതൃകയിൽ തയ്യാറാക്കിയ ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും നിശ്ചിത സമയത്തും സ്ഥലത്തും ഹാജരായ കരാറുകാർ, അല്ലെങ്കിൽ അവരുടെ ഏജന്റുമാരുടെ സാന്നിധ്യത്തിൽ വച്ച് ടെണ്ടർ തുറക്കേണ്ടതും ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായവരുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. കേരള പൊതുമരാമത്ത് ചട്ടങ്ങൾ ചട്ടം 10-7 പ്രകാരം ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ സ്വന്തം കൈപ്പടയിൽ ടെണ്ടറിൽ കരാറുകാരൻ രേഖപ്പെടുത്തിയ ടെണ്ടർ നിരക്കിന്റെ ശതമാനം അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തി ചുരുക്കൊപ്പ് വയ്ക്കേണ്ടതാണ്. എന്നാൽ ടെണ്ടർ രജിസ്റ്റർ പരിശോധിച്ചതിൽ മേൽ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല. ടെണ്ടർസമയത്ത് ഹാജരായവരുടെ ഒപ്പ് രജിസ്റ്ററിൽ കേഖപ്പെടുത്തുകയോ ടെണ്ടർ തുറന്ന ഉദ്യോഗസ്ഥൻ രേഖപ്പെടുത്തലുകൾ വരുത്തി ചുരുക്കൊപ്പ് വയ്ക്കുകയോ ചെയ്തിട്ടില്ല. എല്ലാ പദ്ധതികളുടേയും ടെണ്ടർ വിവരങ്ങൾ ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

എ) പ്രോജക്ട് നം. 170,പകൽ വീട് രണ്ടാംഘട്ടം

ബി) പ്രോജക്ട് നം. 158, ചെറുവാളം ലക്ഷം വീട് കോളനി റീടാറിംഗ്

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 16ന് ടെണ്ടർ ഓപ്പൺ ചെയ്യുന്ന സമയത്ത് ഹാജരായിട്ടുള്ള വ്യക്തികളെ കൊണ്ട് രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെന്നും എന്നാൽ ചില പ്രവൃത്തികളുടെ പേജുകളിൽ ഇവർ ഒപ്പിട്ടതായി കാണുന്നില്ലായെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. ക്രമ നം. എ, ബി എന്നിവയിലെ പ്രവൃത്തികൾ ടെണ്ടർരജിസ്റ്ററിൽ യഥാക്രമം പേജ് നം. 16, 46 എന്നിവയിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ ഓഡിറ്റ് പരിശോധന വേളയിൽ മേൽ രേഖപ്പെടുത്തലുകൾ പരിശോധിച്ച് ബോധ്യപ്പെടാനായിട്ടില്ല. കേരള പൊതുമരാമത്ത് ചട്ടം ചട്ടം 10-7 പ്രകാരം ലഭ്യമായ എല്ലാ ടെണ്ടറുകളും നിശ്ചിത മാതൃകയിൽ തയ്യാറാക്കിയ ടെണ്ടർ രജിസ്റ്ററിൽ പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-37 സബ്സിഡി മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വീട് വയറിംഗ് (സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ നം | 148/20 |

| | |
|---|---|
| അടങ്കൽ | 27,000/-(വി.ഫ.(എസ്.സി.പി) |
| ചെലവ് | 9000/-(വി.ഫ.(എസ്.സി.പി) |
| ബിൽ/തീ. | 19/19-20 തീ.28.10.19 |

പട്ടിജാതി വിഭാഗത്തിൽ പെട്ട ഗുണഭോക്താക്കൾക്ക് വീട് വയറിംഗ് നടത്തുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുന്നതിന് 2019-20-ൽ നടപ്പിലാക്കിയ മേൽ പദ്ധതിയിൽ സബ്സിഡി മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല. 14.2.18-ലെ സ.ഉ.(കൈ )നം.22/2018/തസ്വഭവ ഖ.6.7.2 പ്രകാരം വീട് വയറിംഗ് പ്രോജക്ടിനായി മൂന്ന് പോയിന്റ് വയറിംഗ് നടത്തണമെന്നും ആയത് വി.ഇ.ഒ അഥവാ ഓവർസിയർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.മാർഗ്ഗ രേഖയിൽ നിർദ്ദേശിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ പ്രകാരമുള്ള വയറിംഗ് പൂർത്തിയാക്കിയിട്ടുള്ളതായി നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതുമുണ്ട്. മേൽ പദ്ധതിയിൽ കെ.എസ്.ഇ.ബിയിൽ ഇലക്ട്രിക്ക് കണക്ഷനായി തുക അടവാക്കിയതിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡിയായ 9000/- രൂപ ജാനകി എന്ന ഗുണഭോക്താവിന് നൽകിയിട്ടുള്ളത്. സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി24നുള്ള മറുപടിയിൽ ടിയാൾക്ക് മാർഗ്ഗ രേഖയിൽ നിർദ്ദേശിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ പ്രകാരമാണ് ആനുകൂല്യം നൽകിയതെന്ന് അറിയിച്ചിരിക്കുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-38 കരാറുകാരന് അധിക തുക നൽകി

| | |
|---|---|
| പ്രോജക്ട് നം. | 172 |
| പേര് | പകൽ വീട് ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങലും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തലും |
| അടങ്കൽ | തനതു ഫണ്ട് 151552 |
| ചെലവ് | 151552 |
| ചെക്ക് നം | 2287856/22.2.2020 |
| എം.ബുക്ക് നം | 593/17-18/11.8.2017<br>(ഇലക്ട്രിക്കൽ വർക്ക് എം.ബുക്ക് നം. 622/18-19 /4.1.2019) |
| കരാറുകാരൻ | മനോഹരൻനായർ |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

ഈ പ്രവൃത്തിയുടെ അന്തിമ ബിൽ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനും സൂപ്പർ വിഷൻ ചാർജ്ജ് ഇനത്തിലും ജില്ലാപഞ്ചായത്ത് അക്രഡിറ്റഡ് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നല്കേണ്ട 3% തുക, ചെക്ക് മെഷറിംഗ് ചാർജ്ജിനത്തിൽകെ.എസ്.ഇ.ബി. അസി.എഞ്ചിനീയർക്ക് നൽകേണ്ട 1% എന്നിവ കൂടെ കരാറുകാരന് നൽകിയതായി ബോധ്യപ്പെട്ടു.

തുക നൽകിയ വിവരം(593/17-18/11.8.2017പേജ് നം. 8)

ആകെ പ്രവൃത്തി മൂല്യം-153083ഇതിൽ ഇലക്ട്രിക്കൽ വർക്കിന്റെ പ്രവൃത്തി മൂല്യം കൂടി ഉൾപ്പെട്ടിട്ടുണ്ട്)

( ഇലക്ട്രിക്കൽ വർക്ക് എം.ബുക്ക് നം. 616/18-19/4.1.2019 പേജ് നം7

ആകെ ഇലക്ട്രിക്കൽ വർക്കിന്റെ പ്രവൃത്തി മൂല്യം -61694

സൂപ്പർ വിഷൻ ചാർജ്ജ് 3% -1850.82

ചെക്ക് മെഷറിംഗ് ചാർജ്ജ്-616.94

ആകെ – 64162)

കുറയ്ക്കുക

Value Of Work Done-153083

Tender Below1%=1530.83

--------------

151552

IT – 1516/-

KCWWF – 1516/-

Total Deductions =7030.59/-

കരാറുകാരന് നൽകിയ തുക =148520/-

ടി തുക കരാറുകാരന്റെ അക്കൗണ്ടിലേക്ക് (A/c No.14225500002222) ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്.

കരാറുകാരന് നൽകേണ്ടിയിരുന്ന തുക =153083-7030.59=146052.41/-. കൂടാതെ പ്രസ്തുത പദ്ധതിയുടെ ചെലവ് സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടുമില്ല

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 15ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരനിൽ നിന്ന്

അക്രഡിറ്റഡ് അസിസ്റ്റന്റ് എഞ്ചിനീയറും ചെക്ക് മെഷറിംഗ് അതോറിറ്റിയും വൌച്ചർ നൽകി തുക കൈപ്പറ്റിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും അത് സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. തനതുഫണ്ടിൽ നിന്ന് ചെക്ക മുഖേന കരാറുകാരന് തുക നൽകിയതിനാലാണ് സുലേഖയിൽ ഉൾപ്പെടാത്തതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. ജി.ഒ(പി) നം. 177/2008/ഫിൻ തീയതി 12.4.2006 പ്രകാരം 1000രൂപയിൽ താഴെയുള്ള തുക മാത്രമേ പണമായി നൽകാൻ പാടുള്ളുയെന്ന് അനുശാസിക്കേ വൌച്ചർ പ്രകാരം തുക നൽകി എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. എസ്റ്റിമേറ്റ് തയ്യാറാക്കിയതിനും സൂപ്പർ വിഷൻ ചാർജ്ജ് ഇനത്തിലും ജില്ലാപഞ്ചായത്ത് അക്രഡിറ്റഡ് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നല്കേണ്ട 3% തുക, ചെക്ക് മെഷറിംഗ് ചാർജ്ജിനത്തിൽ കെ.എസ്.ഇ.ബി. അസി.എഞ്ചിനീയർക്ക് നൽകേണ്ട 1% തുക പ്രസ്തുത വ്യക്തികൾക്ക് നൽകിയതിന്റെ ആധികാരിക രേഖകൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-39 പെർഫോമൻസ് ഗ്യാരണ്ടി- പൊതുമരാമത്ത് ചട്ടങ്ങൾ പാലിക്കുന്നില്ല

പി.ഡബ്ല്യൂ.ഡി മാന്വൽ 2009-7, G.O(P) No.429/15/fin Dated 28.9.2015 എന്നിവ പ്രകാരം പെർഫോമൻസ് ഗ്യാരണ്ടി Defect Liability Period കഴിഞ്ഞ് 28 ദിവസം കൂടി കാലാവധി ഉള്ളതും ഈ തുക കരാറുകാരനിൽ നിന്ന് വല്ലതും കിട്ടാനുണ്ടെങ്കിൽ ആയത് തട്ടിക്കഴിച്ച് ബാക്കി പ്രസ്തുത ഇരുപത്തിയെട്ട് ദിവസത്തിന് ശേഷം കരാറുകാരന്റെ രേഖാമൂലമുള്ള അപേക്ഷയിൽ (ഫോം അപ്പൻഡിക്സ് 2000D) പ്രകാരമാണ് തിരികെ നൽകേണ്ടത്. രജിസ്റ്റർ പരിശോധിച്ചതിൽ കരാറുകാർക്ക് തുക തിരികെ നൽകിയതായി കാണുന്നുണ്ടെങ്കിലും തീയതി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ Defect Liability Period കഴിഞ്ഞാണോ തുക തിരികെ നൽകിയിരിക്കുന്നതെന്ന് ഉറപ്പാക്കാനായിട്ടില്ല. പ്രോജക്ട് നം. 142, ആനാംപച്ച കൊടിളുക്കി കൊന്ന്റോഡ് കോൺക്രീറ്റിംഗ് (എം.ബുക്ക് നം.336/181-19/2.8.2018) കരാറുകാരനായ വിജയസേനൻനായർ 7.5.2019ൽ തിരികെ ആവശ്യപ്പെട്ടിട്ടുണ്ട്. പെർഫോമൻസ് ഗ്യാരണ്ടി രജിസ്റ്റർ പ്രകാരം മേൽത്തുക കരാറുകാരന് തിരികെ നൽകിയിട്ടുണ്ട്. പെർഫോമൻസ് ഗ്യാരണ്ടി തുകതിരികെ നൽകിയ തീയതി ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17 ന് ലഭ്യമാക്കിയ മറുപടിയിൽ പെർഫോമൻസ് ഗ്യാരണ്ടിയായി വാങ്ങുന്ന തുക എല്ലാം തന്നെ പ്രവൃത്തി പൂർത്തീകരിച്ച്28ദിവസം കഴിഞ്ഞതിനുശേഷമാണ് പെർഫോമൻസ് ഗ്യാരണ്ടി നൽകിയിട്ടുള്ളതെന്നും പ്രോജക്ട് നം. 142, ൽ 2.2.2019ൽ പൂർത്തിയാക്കിയിട്ടുണ്ടെന്നും 20.3.2019ൽ പേമെന്റ് അംഗീകരിച്ചിട്ടുണ്ടെന്നും 7.5.2019ലാണ് കരാറുകാരന് പെർഫോമൻസ്ഗ്യാരണ്ടി തിരികെ നൽകിയിട്ടുള്ളതെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു.

കേരള പൊതുമരാമത്ത് മാന്വൽ 2116.2.2 , ജി.ഒ(പി) നം. 161/2019/ഫിൻ. തീയതി 25.11.2011 പ്രകാരം റോഡ് കോൺക്രീറ്റ് പ്രവൃത്തികളുടെ ഡിഫക്ട് ലയബിലിറ്റി പീരിഡ് 24 മാസമാണ്. പ്രസ്തുത കാലയളവും 28 ദിവസവും കൂടി കഴിഞ്ഞ ശേഷം മാത്രമേ പെർഫോമൻസ് ഗ്യാരണ്ടി തിരികെ നൽകാവുയെന്നിരിക്കെ 7.5.2019ൽ പെർഫോമൻസ് ഗ്യാരണ്ടി കരാറുകാരന് തിരികെ നൽകിയ നടപടി അംഗീകരിക്കാവുന്നതല്ല. പൊതുമരാമത്ത് ചട്ടങ്ങൾ കർശനമായി പാലിക്കേണ്ടതും സർക്കാർ നിർദ്ദേ പ്രകാരമുള്ള സമയക്രമം പാലിച്ച മാത്രം പെർഫോമൻസ് ഗ്യാരണ്ടി തിരികെ നൽകേണ്ടതുമാണ്.

## 1-40 കുടിവെള്ള കണക്ഷന വേണ്ടി ഒടുക്കിയ തുക നാളിതുവരെ പ്രയോജനപ്പെട്ടില്ല –

20,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

പദ്ധതി :198/20

കല്ലറ KSEBഓഫീസ് കുടിവെള്ള കണക്ഷൻ

ചെലവ് : 20,000/-രൂ (തനതു ഫണ്ട്)

ചെക്ക് നം/തീയതി : 79487/25.01.20

പഞ്ചായത്തുവക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബിയുടെ ഓഫീസ് കെട്ടിടത്തിന് കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിനായി മേൽ പദ്ധതി പ്രകാരം വാട്ടർ അതോറിറ്റിയിൽ തുക ഒടുക്കുവരുത്തിയിരുന്നു. വാട്ടർ അതോറിറ്റി എക്സിക്യൂട്ടിവ് എഞ്ചിനിയറുടെ എസ്റ്റിമേറ്റ് പ്രകാരമാണ് തുക ഒടുക്കിയിട്ടുള്ളത്. എന്നാൽ ഈ തുക തെറ്റായി ഒടുക്കിയത് സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം അടയ്ക്കുന്ന അക്കൗണ്ടിലേക്കാണെന്നും ആകയാൽ പദ്ധതി നിർവ്വഹണത്തിനായി വേറെ തുക ഒടുക്കേണ്ടതാണെന്നും വാട്ടർ അതോറിറ്റി അധികൃതർ അറിയിച്ചിട്ടുണ്ട്. ഒടുക്കിയ തുക 2/2020ലെ പൊതുടാപ്പുകളുടെ വെള്ളക്കരത്തിൽ നിന്നും കുറവു ചെയ്യാവുന്നതാണെന്ന് അറിയിച്ചിരുന്നെങ്കിലും ആയത് നാളിതുവരെ ചെയ്തിട്ടില്ല.

ആർക്കും ഒരു പ്രയോജനവുമില്ലാത്ത തരത്തിൽ ചെയ്ത ഈ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനോ വെള്ളക്കരത്തിൽ നിന്നും പ്രസ്തുത തുക കുറവ് ചെയ്യുന്നതിനോ വേണ്ട അടിയന്തിര നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-41 53/20 പദ്ധതി -ചെലവ് രേഖകൾ ഹാജരാക്കിയില്ല - 63605/-രൂപ തടസ്സം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അനുപൂരക പോഷകാഹാരം |
| പ്രോജക്ടിന്റെ നം | 53/20 |
| അടങ്കൽ | 12,00,000/- (വി.ഫ.(ജനറൽ))<br>4,00,000/-(തനത് ഫണ്ട്) |
| ചെലവ് | 12,26,400/-(വി.ഫ.(ജനറൽ)) |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പ്രസ്തുത പദ്ധതി പ്രകാരം 9/19-20തീയതി 7/02/20 പ്രകാരം ചെലവഴിച്ച 2,60,263/- രൂപയിൽ 1,02,034/- രൂപ Ve-Mix-Nutrition 14,670/- രൂപ Kerala State Civil Supplies Corporation-നും നൽകിയിട്ടുണ്ട്. ആയതിന്റെ ബാക്കി തുകയായ 11,439/- രൂപ വിവിധ അംഗണവാടി ടീച്ചർമാർക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമായില്ല. കൂടാതെ 12/19-20 തീ.18.03.20 പ്രകാരം 52,166/- രൂപയും 29 അംഗണവാടി ടീച്ചർമാർക്കായി നൽകിയിട്ടുണ്ട്. ആയതിന്റെയും ചെലവ് വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 24നുള്ള മറുപടിയിൽ ആയത് ഹാജരാക്കിയിട്ടുണ്ടെന്ന് മറുപടി നൽകിയെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമായില്ല.ആയതിനാൽ ചെലവ് തുകയായ 63,605/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 600000 | ക്ഷീരസമൃദ്ധി | 0 | 600000 |
| | 168000 | ഹരിതഭവനം | 0 | 168000 |
| | 108000 | കിണർറീചാർജ് | 0 | 108000 |
| | 1595024 | ലൈഫ് ഭവനപദ്ധതി (ജനറൽ) | 1528642 | 66382 |
| | 99750 | സ്നേഹസ്പർശം, മാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 0 | 99750 |
| | 5000 | ബാലസൗഹൃദ,ജില്ലാ ശിശുസൗഹൃദ പഞ്ചായത്ത്പ്രവർത്തനങ്ങൾ | 0 | 5000 |
| | 639360 | പാഥേയം | 0 | 639360 |
| | 400000 | ലക്ഷംവീട് പുനരുദ്ധാരണം (ജനറൽ) | 280000 | 120000 |
| | 784022 | ലൈഫ് ഭവനപദ്ധതി (എസ്.സി പി) | 69207 | 714815 |
| | 240000 | ലക്ഷംവീട് പുനരുദ്ധാരണം (എസ്.സി പി) | 240000 | 0 |
| ആകെ | 4684156 | | 2117849 | 2566307 |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 600000 | ക്ഷീരസമൃദ്ധി | 0 | 600000 |
| | 72000 | കിണർറീചാർജ് | 0 | 72000 |
| | 1716228 | ലൈഫ് ഭവനപദ്ധതി (ജനറൽ) | 1716228 | 0 |
| | 99750 | സ്നേഹസ്പർശം, മാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 0 | 99750 |
| | 200000 | ലക്ഷംവീട് പുനരുദ്ധാരണം (ജനറൽ) | 0 | 200000 |
| | 120000 | ലക്ഷംവീട് പുനരുദ്ധാരണം (എസ്.സി പി) | 0 | 120000 |
| ആകെ | 2807978 | | 1716228 | 1091750 |

| | 18-19 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 19-20 RP – 7, RP31പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 19-20 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 80957 | 2156642 | 2237599 | 2117849 | 119750 | 119750 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 671864 | 1865978 | 2537842 | 1716228 | 821614 | 821614 |
| ആകെ | 752821 | 226204 | 4775441 | 3834077 | 941364 | 941364 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | ഇലക്ട്രിക് പോസ്റ്റ് മാറ്റലും ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷനും | 106896 | 106896 | - |
| കേരള വാട്ടർ അതോറിറ്റി | KSEB ഓഫീസ് പ്രവർത്തിക്കുന്ന പഞ്ചായത്ത് വക കെട്ടിടത്തിന് കുടിവെള്ള കണക്ഷൻ | 20000 | - | 20000 |

| | 18-19 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 19-20 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | നീക്കിയിരിപ്പ് | 19-20 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | - | 106896 | 106896 | 106896 | - | 40149 |
| കേരള വാട്ടർ അതോറിറ്റി | 3839391 | 20000 | 3859391 | 0 | 3859391 | 3839391 |

മേൽ പട്ടിക പ്രകാരമുള്ള തുകകൾ വാർഷിക ധനകാര്യപത്രികയിലേതുമായി പൊരുത്തപ്പെടുന്നില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | വരവ് | ആകെ | തിരിച്ചടച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| KURDFC ലോൺ | 31598631 | 18887272 | 50485903 | 1691177 | 48794726 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 2,49,76,848 |
| ഓഡിറ്റ് വർഷത്തെ വരവ് | 9,42,30,307 |
| ആകെ | 11,92,07,155 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 9,04,53,492 |
| നീക്കിയിരിപ്പ് | 2,87,53,663 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,82,805 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 1,72,800/- | കൃഷി ഓഫീസർ |
| 1-35<br>1-41 | 12,26,400/-<br>63,605/- | ICDS സൂപ്പർവൈസർ |
| 1-40 | 20,000/- | സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ആശ വി നായർ | കൃഷി ഓഫീസർ | ഭവനം, മലക്കൽ. പി.ഒ. പനപ്പാംകുന്ന്, തിരുവനന്തപുരം 695602 |
| ശ്രീമതി അംബിക അന്തർജനം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | വിജയവിലാസം, പറക്കര, പുതുക്കുളങ്ങര. പി.ഒ, നെടുമങ്ങാട് |
| ശ്രീമതി ജയന്തി | സെക്രട്ടറി | അനാമിക ഗ്രീൻവാലി, കരകുളം. പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2002-03 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 3 | |
| 2003-04 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 6 | |
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 1 | |

| | | | |
|---|---|---|---|
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 17 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 23 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 2 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 6 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 12 | |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 3 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 3 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 2 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1222/2018 തീയതി 10.07.2018 | 4 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/2075/2017 തീയതി 10.07.2018 | 10 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/2109/2017 തീയതി 30.08..2018 | 9 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/157/ 2019തീയതി 27.04.2019 | 39 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/198/ 2020 തീയതി 02.06.2020 | 47 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്